“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

*Vol. XXXVII* *2009 August* *No. 8*
വാർഷിക വരിസംഖ്യ 120 രൂപ, ഒറ്റപ്രതി 10 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 607

വൈദീകവർഷം ........................................................ 611

രൂപതാ കച്ചേരി വാർത്തകൾ.................................. 614

റീജിയണൽ വാർത്തകൾ ........................................ 617

മതബോധനരംഗം .................................................. 619

ചെറുപുഷ്പമിഷൻലീഗ് ............................................ 626

കെ. സി. വൈ. എം. .................................................. 636

കുടുംബപ്രേഷിതത്വം .................................................. 647

സിയോൻ വാർത്തകൾ.............................................. 649

വിൻസെന്റ് ഡി പോൾ സൊസൈറ്റി ...................... 653

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി .......................... 654

സാമൂഹ്യ സേവനരംഗം ............................................ 656

സീറോ-മലബാർ സഭയിൽ അല്മായ മുന്നേറ്റം .......... 660

അറിയിപ്പുകൾ ........................................................ 669

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 676

ബിഷപ്സ് പ്രോഗ്രാം .................................................. 677

പ്രാർത്ഥനകൾ ........................................................ 679

# സർക്കുലർ

## ജസ്റ്റീസ് സൺഡേ– 2009 (ആഗസ്റ്റ് – 16)

ബഹുമാനപ്പെട്ട വൈദീകരേ, സ്നേഹമുള്ള സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

ആഗസ്റ്റ് 15 ന് ശേഷം വരുന്ന ഞായറാഴ്ചയാണല്ലോ ഭാരത കത്തോലിക്കാസഭ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിക്കുന്നത്. ഈ വർഷം അത് ആഗസ്റ്റ് 16 -ാം തീയതിയാണ്. സാമൂഹ്യ നീതിയെക്കുറിച്ച് അവബോധം വളർത്തുന്നതിനോടൊപ്പം ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ നീതി നിഷേധിക്കപ്പെട്ട് ഇന്നും അവഗണനയുടെ തിക്തഫലം അനുഭവിക്കുന്ന ദളിത് ക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാനും സാമൂഹിക, സാമ്പത്തിക, രംഗങ്ങളിൽ അവരോടു പക്ഷം ചേരുവാനും അവരുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും നമുക്കേവർക്കുമുള്ള പ്രതിജ്ഞാബദ്ധത പുതുക്കുവാൻ ഈ ദിനാചരണം ഇടയാക്കട്ടെ.

ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ സർക്കാരിൽ നിന്നും, സഹകരണ സംഘങ്ങളിൽ നിന്നും വിദ്യാഭ്യാസസംവരണാനുകൂല്യങ്ങളും മറ്റു സാമ്പത്തിക ആനുകൂല്യങ്ങളും അവകാശങ്ങളും ദളിത് ക്രൈസ്തവർക്ക് നിഷേധിക്കപ്പെട്ടിരിക്കുകയാണ്. അവരുടെ സമൂഹത്തിൽപ്പെട്ട അന്യമതസ്ഥർക്കും നിരീശ്വരന്മാർക്കും നിർമതസ്ഥർക്കും ധാരാളം ആനുകൂല്യങ്ങളും സഹായങ്ങളും ലഭിക്കുമ്പോൾ അവശതയനുഭവിക്കുന്ന ഈ സഹോദരങ്ങളുടെ സ്ഥിതി കൂടുതൽ ദുഷ്കരമാകുന്നുവെന്നത് ഒരു ദുഃഖസത്യമാണ്.

കേരളത്തിൽ അവശതയനുഭവിക്കുന്ന ദളിത് പിന്നോക്ക വിഭാഗങ്ങളിൽ, ദളിത് ക്രൈസ്തവർ മുന്നിൽ നിൽക്കുന്നു. മറ്റുള്ള സമുദായങ്ങളെല്ലാം കാലാകാലങ്ങളിൽ അവരുടെ ശക്തി തെളിയിക്കുകയും രാഷ്ട്രീയ സമ്മർദ്ദതന്ത്രം പ്രയോഗിക്കുകയും ചെയ്ത് ആയുഷ്കാല സംവരണം നേടിയെടുത്തിരിക്കുന്നു. ഇതരസമുദായങ്ങൾ സംവരണത്തിന്റെ പരിധി വർദ്ധിപ്പിച്ച് ദളിത് ക്രൈസ്തവരെ വിഴുങ്ങുന്ന അവസ്ഥയാണ് ഇന്നുള്ളത്. ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യു

മ്പോൾ സാമ്പത്തികസ്ഥിതിയും ഞെരുക്കവും അവശതയും പരിഹരിക്കപ്പെടുന്നുവെന്ന വാദം ശരിയല്ല. പരിവർത്തനം ചെയ്ത സമയം മുതൽ അവർ ദളിതരല്ല എന്ന് സംവരണവാദികൾ വാദിക്കുന്നതിലും അർത്ഥമില്ല. ദളിത് ക്രൈസ്തവർ ഭരണഘടനയുടെ പട്ടികയിൽ ഇല്ലാത്തതു മൂലം ആനുകൂല്യം അവർക്കു ലഭിക്കാതെ വരുന്നു. അതുകൊണ്ടാണ് തങ്ങളെ ഭരണഘടനയുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 62 വർഷമായി ദളിത് ക്രിസ്ത്യാനികൾ നീതിക്കായി മുറവിളി കൂട്ടുന്നത്. 1950 ൽ സിക്കുമതസ്ഥരെയും 1990 ൽ ബുദ്ധമതസ്ഥരെയും പട്ടികയിൽ ഉൾപ്പെടുത്തി സംവരണം നൽകി. 1950 ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നപ്പോൾ ദളിത് ക്രൈസ്തവ സംവരണപ്രശ്നം നിലവിലില്ലായിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10 ന് പ്രസിഡൻഷ്യൽ ഓർഡർ വഴി പട്ടികജാതി സംവരണം ഇല്ലാതാക്കി. ഹിന്ദുമതത്തിൽ നിന്നും വ്യത്യസ്തമായ ഒരു മതം സ്വീകരിച്ചിട്ടുള്ള ദളിതരെ പട്ടിക ജാതിക്കാരായി പരിഗണിക്കുന്നതല്ല എന്നതായിരുന്നു ഉത്തരവ്. കേന്ദ്രസംസ്ഥാനസർക്കാരുകൾ നിയോഗിച്ചിട്ടുള്ള അന്വേഷണ കമ്മീഷനുകളും കോടതിവിധികളും ദളിത് ക്രൈസ്തവർക്ക് അനുകൂലമാണെങ്കിലും നാളിതുവരെ സംവരണാനുകൂല്യം നേടിയെടുക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല.

ഭരണഘടനയുടെ 32 -ാം വകുപ്പ് അനുസരിച്ച് 180/2004 നമ്പരായി സുപ്രീം കോടതിയിൽ പൊതുതാത്പര്യ ഹർജി സമർപ്പിച്ചത് ഇപ്പോഴും തീരുമാനമാകാതെ മാറ്റിവയ്ക്കപ്പെട്ടിരിക്കുകയാണ്. ഭരണഘടന (പട്ടികജാതി) ഉത്തരവ് 195 ന്റെ 3 -ാം ഖണ്ഡികയുടെ സാധുതയെ ചോദ്യം ചെയ്തുകൊണ്ടാണ് ഈ ഹർജി സെന്റർ ഫോർ പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ (Centre for Public Interest Litigation) എന്ന സംഘടനയും തൃശ്നാപ്പള്ളി സ്വദേശി ശ്രീ. ഫ്രാൻങ്ക്ളിൻ സീസറും ചേർന്നു നൽകിയിരിക്കുന്നത്. പ്രസ്തുത ഖണ്ഡികയിൽ പറയുന്നത് ഹിന്ദുമതവും സിക്കുമതവും ബുദ്ധമതവും ഒഴികെ മറ്റു മതങ്ങളിലുള്ളവർക്ക് പട്ടികജാതിക്കാരുടെ ആനുകൂല്യം നൽകാൻ പാടില്ല എന്നാണ്. ഭരണഘടനയുടെ 14 -ാം വകുപ്പ് പറയുന്നത് രാജ്യത്തിനുള്ളിൽ ഒരു പൗരനും നിയമത്തിനുമുന്നിൽ തുല്യതയോ തുല്യമായ നിയമസംരക്ഷണമോ രാഷ്ട്രം നിഷേധിക്കാൻ പാടില്ലയെന്നതാണ്. 15 -ാം വകുപ്പ് പറയുന്നത് മതത്തിന്റെയോ ജാതിയുടെയോ ലിംഗത്തിന്റെയോ ജനനസ്ഥലത്തിന്റെയോ മറ്റെന്തിന്റെയെങ്കിലുമോ അടിസ്ഥാനത്തിൽ രാഷ്ട്രം പൗരന്മാരെ തമ്മിൽ വേർതിരിച്ച് വിവേചനം നടത്തരുതെന്നുമാണ്.

ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാരന്റെ സാമൂഹികവും സാമ്പത്തികവുമായ പരാധീനതകൾ മതപരിവർത്തനത്തിനുശേഷവും തുടരുന്നു. ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാരും സിക്ക്, ബുദ്ധമതങ്ങളിലേയ്ക്ക് പരിവർത്തനം ചെയ്ത പട്ടിക ജാതിക്കാരും തമ്മിൽ യാതൊരു വിവേചനവും പാടില്ല. ക്രിസ്തുമതത്തിൽ ജാതിയില്ല എന്നത് ക്രിസ്ത്യാനികളെ പട്ടികജാതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ന്യായീകരണമല്ല. സിക്ക്, ബുദ്ധമതങ്ങളിലും ജാതി ഇല്ലല്ലോ. ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്ത പട്ടികവർഗ്ഗക്കാർ തുടർന്നും പട്ടികവർഗ്ഗക്കാർ ആയിരിക്കുമ്പോൾ അവർക്ക് ഈ ആനുകൂല്യം നിഷേധിക്കുന്നത് തികഞ്ഞ വിവേചനമാണ്.

അടിച്ചമർത്തപ്പെട്ടവരോടും അവശതയനുഭവിക്കുന്നവരോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും യേശുവിനുണ്ടായിരുന്ന മനോഭാവം ക്രൈസ്തവരായ നമുക്ക് ഇന്നുണ്ടോയെന്ന് വിലയിരുത്താനും ജസ്റ്റിസ് സൺഡേ ഇടയാക്കണം. ദളിത് ക്രൈസ്തവർ നൂറ്റാണ്ടുകളായി വിവേചനത്തിനും ചൂഷണത്തിനും നീതിനിഷേധത്തിനും വിധേയരായവരാണ്. വിവേചനമനുഭവിക്കുന്ന ദളിത് ക്രൈസ്തവരെ അവഗണിച്ചുകൊണ്ട് നമുക്ക് സഭാമക്കളായി ജീവിക്കാൻ സാധ്യമല്ലായെന്ന സത്യം നാം തിരിച്ചറിയണം. കേരളത്തിലെ ക്രൈസ്തവരിൽ 15 % ദളിത് ക്രൈസ്തവരാണ്. ഇവർക്കൊന്നും ഭരണഘടന പട്ടികജാതിക്കാർക്ക് നൽകുന്ന സംവരണാനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഇത് സാമ്പത്തികവും വിദ്യാഭ്യാസപരവുമായ മേഖലകളിൽ ദളിത് ക്രൈസ്തവരെ പിന്നോക്കം കൊണ്ടുപോയിട്ടുണ്ട്. സാമൂഹ്യമായും രാഷ്ട്രീയമായും അവർ ഇന്നും അവഗണനയ്ക്ക് വിധേയരുമാണ്.

സഭ ദളിതരുടെ സാമൂഹ്യവികസനത്തിനുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. ദൈവമക്കളുടെ സഹോദര തുല്യതയിലേക്ക് ദളിതർ കൂടി വളരണം. സാമ്പത്തിക സംവരണം കൊണ്ടുമാത്രം പരിഹരിക്കാവുന്നതല്ല അത്. സാമൂഹികമായ അവസരസമത്വവും വിദ്യാഭ്യാസ സാധ്യതകളും അവർക്ക് തുറന്ന് കിട്ടണം. ക്രിസ്തുവിൽ എല്ലാവരും ഒന്നാകുന്നു എന്ന് വി. പൗലോസ് ശ്ലീഹാ പഠിപ്പിച്ചു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ സ്വതന്ത്രനെന്നോ അടിമയെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3: 28). ജാതിയടിസ്ഥാനത്തിൽ മനുഷ്യന്റെ മഹത്വം നിർണ്ണയിക്കുന്നത് സുവിശേഷ വിരുദ്ധമാണ്.

ദളിത് കത്തോലിക്കരുടെ ശാക്തീകരണത്തിനായി കഴിഞ്ഞ വർഷം യുവാക്കൾക്കും വനിതകൾക്കുമായി സെമിനാറുകൾ സംഘടി

പ്പിച്ചു. ഈ വർഷം എല്ലാ രൂപതകളിലും ദളിത് ശാക്തീകരണ സെമിനാറുകളും ചർച്ചാക്ലാസുകളും സംഘടിപ്പിക്കണം. കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം മേഖലകളിൽ മേഖലാ സെമിനാറുകളും കേരളാതലത്തിൽ സംസ്ഥാന സെമിനാറും നിശ്ചയിച്ചിട്ടുണ്ട്. 2007 – 2008 അധ്യയനവർഷം S.S.L.C, Plus Two, Degree, P.G തലങ്ങളിൽ ഏറ്റവും ഉയർന്ന ഗ്രേഡ് വാങ്ങിയ 604 ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് കെ. സി. ബി. സി. സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ഈ വർഷവും അർഹതയുള്ള കുട്ടികളുടെ അപേക്ഷ നിശ്ചിത ഫോറത്തിൽ 2009 ആഗസ്റ്റ് 31 നകം റവ. ഫാ. ജോൺ അരീക്കൽ, സെക്രട്ടറി, കെ. സി. ബി. സി SC/ST/BC കമ്മീഷൻ, പാലാരിവട്ടം, കൊച്ചി – 682025 എന്ന വിലാസത്തിൽ അയയ്ക്കുമല്ലോ.

ഡി. സി. എം. എസ്സി ന്റെ (ദളിത് കത്തോലിക്കാ മഹാസഭ) പ്രവർത്തനങ്ങൾ, യുവജന, വനിതാ ശാക്തീകരണ സെമിനാറുകൾ, നേതൃത്വ പരിശീലന ക്യാമ്പുകൾ, സ്കോളർഷിപ്പുകൾ എന്നിവ നടത്തികൊണ്ടുപോകുന്നത് ജസ്റ്റിസ് സൺഡേ ദിനത്തിലെ പിരിവ് കൊണ്ടാണ്. അതിനാൽ ആഗസ്റ്റ് 16 –ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ നടത്തുന്ന പിരിവിൽ ഔദാര്യപൂർവ്വം പങ്കെടുത്ത് ദളിത് ക്രൈസ്തവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംഭാവനയിലൂടെ ലഭിക്കുന്ന തുക കെ. സി. ബി. സി ദളിത് പിന്നോക്ക കമ്മീഷൻ ചെയർമാന്റെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്.

സമൂഹത്തിൽ അവശതയും ദുരിതവും അനുഭവിക്കുന്ന ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് തുല്യനീതിയും സമാധാനവും അധികാരപങ്കാളിത്തവും സഭാശുശ്രൂഷകളിൽ അർഹമായ അവകാശങ്ങളും ഉറപ്പുവരുത്തുവാൻ നാം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ദൈവം നമ്മെയും നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**

ചെയർമാൻ, കെ. സി. ബി. സി. SC/ST/BC കമ്മീഷൻ

---

**NB:- ഈ സർക്കുലറിലെ ആശയങ്ങൾ ആഗസ്റ്റ് 9 –ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മധ്യേ അറിയിക്കേണ്ടതാണ്.**




# വൈദീകവർഷം

## 2009 ജൂൺ 19 – 2010 ജൂൺ 19

വൈദീക വർഷാചരണം ഫലപ്രദമായി നടത്തുക എന്ന ലക്ഷ്യ ത്തോടെ വിവിധ ഫൊറോനകളിലെ വൈദീകർ അഞ്ച് സ്ഥലങ്ങളിലായി മാസധ്യാനത്തിനായി ഒരുമിച്ച് ചേർന്നു. മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ വൈദീകർ മണിമൂളിയിലും – കല്ലോടി, നടവയൽ ഫൊറോനകളിലെ വൈദീകർ ദ്വാരക പാസ്റ്ററൽ സെന്ററിലും –ചുങ്ക ക്കുന്ന്, മാനന്തവാടി, പയ്യംമ്പള്ളി ഫൊറോനകളിലെ വൈദീകർ ബോയ്സ് ടൗണിലും – തരിയോട്, കൽപ്പറ്റ ഫൊറോനയിലെ വൈദീ കർ തരിയോടും – മുള്ളൻകൊല്ലി ഫൊറോന, ബത്തേരി ഫൊറോന, ഗൂഡല്ലൂർ റീജിയൻ, മൈസൂർ പ്രദേശം എന്നിവിടങ്ങളിലെ വൈദീകർ ബത്തേരിയിലും ഒരുമിച്ചുചേർന്നു. വൈദീകവർഷത്തിന്റെ പ്രാധാന്യവും, വർഷാചരണത്തിന്റെ ലക്ഷ്യവും വ്യക്തമാക്കി വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ധ്യാനസന്ദേശം നൽകി. ആരാധനയ്ക്കും, പ്രാർത്ഥ നയ്ക്കും ശേഷം വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വൈദീകവർഷാചര ണത്തിൽ അജപാലനരംഗത്ത് സ്വീകരിക്കേണ്ട വിവിധ തലങ്ങളെക്കു റിച്ച് ചർച്ചയും, അതെ തുടർന്ന് അവയുടെ അവതരണവും നടത്തി.

മാസധ്യാനത്തിന് സൗകര്യമൊരുക്കിയ ഫൊറോനാ വികാരി യച്ചന്മാർക്കും മറ്റ് സൗകര്യമൊരുക്കിയ വിവിധ സ്ഥലങ്ങളിലെ ബഹു. അച്ചന്മാർക്കും ഏറെ നന്ദി. മാസധ്യാനത്തിൽ വൈദീകവർഷത്തിന്റെ പ്രാധാന്യത്തെ ഗൗരവപൂർവ്വം വീക്ഷിച്ച് ശരിയായ ദിശാബോധം നൽകു വാൻ ശ്രദ്ധിച്ച ബഹു. ജനറാളച്ചനും എല്ലാവരുടേയും നന്ദി അറിയി ക്കുന്നു.

### അഖണ്ഡ ആരാധന

പരി. കുർബാനയുടെ ആരാധന നടത്തുവാനുള്ള ക്രമീകരണം കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിരുന്നത് ശ്രദ്ധിച്ചിരിക്കു

മല്ലോ. അതിന്റെ തുടർച്ചയായി ഒക്ടോബർ 31-വരെയുള്ള തീയതികളിൽ ആരാധന നടത്തേണ്ട ഇടവകകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു. ആരാധനയുടെ സമയം ഇടവകയുടെ സാഹചര്യമനുസരിച്ച് ബഹു. വികാരിയച്ചന്മാർ ക്രമീകരിക്കുമല്ലോ.

**ആരാധന നടത്തേണ്ട സ്ഥലങ്ങൾ**

| **Date** | | **Name of Parish / Institution** |
|---|---|---|
| **Sept.** | **1** | Puthiyidamkunnu |
| " | 2 | Puthussery |
| " | 3 | Jude's Mount |
| " | 4 | Thonichal |
| " | 5 | Vanjod |
| " | 6 | Charity |
| " | 7 | Churalmala |
| " | 8 | Edappetty |
| " | 9 | Kalpetta |
| " | 10 | Kolavayal |
| " | 11 | Lakkidi |
| " | 12 | Kunnampetta |
| " | 13 | Nedumbala |
| " | 14 | Olivumala |
| " | 15 | Puzhamudi |
| " | 16 | Rippon |
| " | 17 | Thenery |
| " | 18 | Vazhavatta |
| " | 19 | Vythiry |
| " | 20 | Alattil |
| " | 21 | Boy's Town |
| " | 22 | Elapeedika |
| " | 23 | Karimani |
| " | 24 | Kuttimoola |
| " | 25 | Mananthavady (c) |
| " | 26 | Mananthavady (T) |
| " | 27 | Muthirery |
| " | 28 | Parathottam |

| | | |
|---|---|---|
| " | 29 | Peria |
| " | 30 | Poroor |
| **Oct.** | **1** | Prasanthagiri |
| " | 2 | Puthiyidom |
| " | 3 | Thalapuzha |
| " | 4 | Thavinjal |
| " | 5 | Valad |
| " | 6 | Valiyakolly |
| " | 7 | Yavanarkulam |
| " | 8 | Bhodanam |
| " | 9 | Manimooly |
| " | 10 | Marutha |
| " | 11 | Mundery |
| " | 12 | Narivalamunda |
| " | 13 | Njarappadam |
| " | 14 | Palankara |
| " | 15 | Palemad |
| " | 16 | Pathirippadam |
| " | 17 | Thalanji |
| " | 18 | Adikkolly |
| " | 19 | Amarakkuny |
| " | 20 | Irulam |
| " | 21 | Kabanigiri |
| " | 22 | Marakavu |
| " | 23 | Marakkadav |
| " | 24 | Mullankolly |
| " | 25 | Padichira |
| " | 26 | Pattanikoop |
| " | 27 | Pulpally |
| " | 28 | Seethamount |
| " | 29 | Sisumala |
| " | 30 | Arinchermala |
| " | 31 | Cherukattoor |

**ഫാ. ബെന്നി മുതിരക്കാലായിൽ**
കൺവീനർ, വൈദീക വർഷാചരണ കമ്മറ്റി

# രൂപതാകച്ചേരി വാർത്തകൾ

## ആദരാഞ്ജലികൾ

### മോൺ. സി.ജെ. വർക്കി കുഴികുളം



2009 ജൂൺ 24-ാം തീയതി നിര്യാതനായ മലബാറിലെ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ പിതാവും, MSMI സന്യാസ സമൂഹത്തിന്റെ സ്ഥാപകനുമായ മോൺ. സി.ജെ. വർക്കിയച്ചന്റെ വേർപാടിൽ മാനന്തവാടി രൂപതയുടെ അനുശോചനം അറിയിക്കട്ടെ. 1949 മുതൽ 51 വരെയുള്ള കാലഘട്ടങ്ങളിൽ മാനന്തവാടി, കല്ലോടി, കൊമ്മയാട്, കെല്ലൂർ പ്രദേശങ്ങളുടെ പുരോഗതിക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ച ബഹു. വർക്കിയച്ചനോടുള്ള കടപ്പാടും നന്ദിയും പ്രാർത്ഥനകളായി ദൈവസന്നിധിയിൽ സമർപ്പിക്കാം. കൂടാതെ, അവിഭക്ത തലശ്ശേരി രൂപതയുടെ കോർപ്പറേറ്റ് മാനേജരെന്ന നിലയിലും ധ്യാനഗുരു എന്ന നിലയിലും അദ്ദേഹം നമുക്കു ചെയ്തിട്ടുള്ള സേവനങ്ങൾ നന്ദിയോടെ ഓർക്കാം. താൻ സ്നേഹിച്ച, സേവിച്ച പതിനായിരങ്ങളുടെ മനസ്സുകളിൽ ബഹു. വർക്കിയച്ചൻ എന്നും ജീവിയ്ക്കും.

### റവ. ഫാ. പ്ലാസിഡ് വാത്തപ്പള്ളി



TOR സന്യാസസഭാംഗമായ ഫാ. പ്ലാസിഡ് വാത്തപ്പള്ളി ജൂൺ 30-ാം തീയതി നിര്യാതനായി. 1976 മുതൽ 1982 വരെ തോണിച്ചാലിലും, കയ്യൂന്നിയിലും വികാരിയായും 2001 മുതൽ 2007 വരെ പനഞ്ചിറയിലെ വികാരിയായും അച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2007 മുതൽ അച്ചൻ ബാംഗ്ലൂർ അസ്സീസ്സി ഭവനിൽ സേവനമനുഷ്ഠിക്കുകയായിരുന്നു.

അച്ചന്റെ മൃതസംസ്കാര കർമ്മങ്ങൾ ജൂലൈ 2-ാം തീയതി ഉച്ച കഴിഞ്ഞ് 2.30 ന് ഭദ്രാവതി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് അരുമച്ചാടത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മീനങ്ങാടി അസ്സീസ്സി ഭവനിൽ നടന്നു. നിസ്വാർത്ഥമായി ത്യാഗബുദ്ധിയോടെ മാനന്തവാടി രൂപതയിൽ ഏറെ വർഷം സേവനം ചെയ്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. പ്ലാസിഡച്ചന് മാനന്തവാടി രൂപതയുടെ പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ.

**അനുസ്മരണം**

നമ്മുടെ പ്രിയപ്പെട്ട ജോസ് മഴുവഞ്ചേരി അച്ചന്റെ 24-ാം ചരമവാർഷികം സെപ്റ്റംബർ 2-ാം തീയതിയാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**അഭിനന്ദനങ്ങൾ**

ജർമ്മനിയിലെ ബോൺ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി തിരിച്ചെത്തിയിരിക്കുന്ന ബഹു. സജി നെടുങ്കല്ലേൽ അച്ചന് ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ നേരുന്നു. പുതുതായി ഏൽപിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ നന്നായി നിർവ്വഹിക്കുവാൻ ദൈവം അച്ചനെ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**വൈദീക ദിനം - ഓഗസ്റ്റ് 9**

വൈദീകരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ഓഗസ്റ്റ് 4-ാം തീയതിയാണ്. ഓഗസ്റ്റ് 4-ാം തീയതി ചൊവ്വാഴ്ച ആയതിനാൽ അതുകഴിഞ്ഞുവരുന്ന ഞായറാഴ്ച (ഓഗസ്റ്റ് 9-ാം തീയതി) വൈദീക ദിനമായി ആചരിക്കുമല്ലൊ. അന്നേദിവസം വൈദീകർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും അതത് ഇടവകകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്ന വൈദീകരെ പ്രത്യേകം അനുമോദിക്കുവാനുമുള്ള അവസരമാണ്. ഓരോ ഇടവകയിലും സ്ഥാപനത്തിലും ആ ദിനം സമുചിതമായി കൊണ്ടാടുമല്ലോ.

**ബഹു. വൈദീകരുടെ വാർഷികധ്യാനം**

ജൂലൈ മാസത്തെ ബുള്ളറ്റിനിൽ പറഞ്ഞിരിക്കുന്ന പ്രകാരം സെപ്റ്റംബർ 13 മുതൽ 18 വരെയും, 20 മുതൽ 25 വരെയും രണ്ടു ബാച്ചുകളിലായി നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം നടക്കുന്നതായിരിക്കും. വൈദീക വർഷത്തിലെ ഈ ധ്യാനത്തിൽ എല്ലാ വൈദികരും തീർച്ചയായും പങ്കെടുക്കേണ്ടതാണ്. ആർക്കെങ്കിലും പങ്കെടുക്കാൻ കഴിയാത്തപക്ഷം അക്കാര്യം മുൻകൂട്ടി അറിയിക്കേണ്ടതാണ്. ധ്യാനത്തിനുവരുമ്പോൾ കുർബാനക്കണക്ക് കൊണ്ടുവരേണ്ടതാണ്.

## ജീസസ് ഫ്രട്ടേണിറ്റി ഞായർ – ഓഗസ്റ്റ് 9

ജൂലൈ മാസത്തിലെ പ്രത്യേക സർക്കുലറിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഓഗസ്റ്റ് 9-ാം തീയതി ജീസസ് ഫ്രട്ടേണിറ്റി ഞായർ ആയി ആഘോഷിക്കുകയും കെ.സി.ബി.സി. നിർദ്ദേശപ്രകാരമുള്ള പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് തടവറകളിൽ കഴിയുന്ന സഹോദരങ്ങൾക്കുവേണ്ടി രൂപതാ കേന്ദ്രത്തിൽ എത്തിച്ച് തരികയും ചെയ്യുമല്ലോ.

## ജസ്റ്റിസ് സൺഡേ – ഓഗസ്റ്റ് 16

നീതിക്കുവേണ്ടി കേഴുന്ന നമ്മുടെ ദളിത് ക്രിസ്ത്യൻ സഹോദരങ്ങളെ പ്രത്യേകം സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവർക്ക് നീതി ലഭ്യമാക്കിക്കൊടുക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നതിനുമുള്ള നമ്മുടെ കടമയെ അനുസ്മരിപ്പിക്കുന്ന ദിനമാണ് ജസ്റ്റിസ് സൺഡേ. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരുടെ ചൈതന്യത്തോടെ നമ്മുടെ ദളിത് ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമുക്കു സഹകരിക്കാം. നമ്മെക്കൊണ്ടാവുന്ന സാമ്പത്തിക സഹായം നൽകാം. അപ്രകാരം നാം നൽകുന്ന സാമ്പത്തിക സഹായം അന്നേദിവസം സ്തോത്രക്കാഴ്ചയായി സമർപ്പിക്കുകയും ലഭിക്കുന്ന തുക കഴിയുന്നത്ര നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**New Phone Number**- Rev. Fr. Peter Cherukaramuttam - 04935-279279

# Appointments

Rev. Fr. Joseph Nedumkallel : Vicar, Kuttimoola &
Associate Diocesan Office Secretary

Rev. Fr. Joseph Kudakkachira: Asst. Vicar, Bathery &
Priest - in-Charge, Moolankavu

**മോൺ. ജോർജ് മൂലയിൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

**ബഹു. വികാരിയച്ചൻമാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

രൂപതയിലെ വിവിധ ഇടവകകളിൽ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകിയതിന്റെ Disbursement Form പൂരിപ്പിച്ച് തരാത്തവർ ദയവായി എത്രയും വേഗം എത്തിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോസഫ് പരുവുമ്മേൽ**
സെക്രട്ടറി, വിദ്യാഭ്യാസ സഹായനിധി



# റീജിയണൽ വാർത്തകൾ

## എൻ. ആർ. പുര റീജിയൻ

കുടിയേറ്റ മേഖലയുടെ ശക്തിസ്രോതസും നാടിന്റെ അഭിമാന വുമാണ് ഈ പ്രദേശത്ത് നിന്ന് ലഭിച്ചിരിക്കുന്ന സമ്പന്നമായ ദൈവവി ളികൾ. പ്രാർത്ഥനാചൈതന്യത്തോടെ ഈ റീജിയനിൽ നിന്ന് ദൈവ വിളി സ്വീകരിച്ച വൈദികരും സമർപ്പിതരും ലിറ്റിൽ ഫ്ളവർ ദേവാല യത്തിൽ ഒരുമിച്ചപ്പോൾ ദൈവവിശ്വാസികൾക്ക് അതൊരു പുതിയ അനുഭവമായി. റവ. ഫാ. പോൾ കൂട്ടാല പരിപാടികൾക്ക് നേതൃത്വം നൽകി. 13 വൈദികരും, 50 സിസ്റ്റേഴ്സും രണ്ടുദിവസം നീണ്ടുനിന്ന സമ്മേളനത്തിൽ പങ്കെടുത്തു. മരിച്ചുപോയ തങ്ങളുടെ പ്രിയപ്പെട്ട പൂർവ്വി കരെ അനുസ്മരിച്ചുകൊണ്ട് അർപ്പിച്ച വി. ബലിയോടുകൂടി സമ്മേളനം ആരംഭിച്ചു. പിന്നീട് നടന്ന പൊതുമീറ്റിംഗിൽ റവ. ഫാ. ജോർജ് ഞരള ക്കാട്ട് മുഖ്യഅതിഥിയായും, റവ. ഫാ. അഗസ്റ്റിൻ ആമ്പശ്ശേരി അദ്ധ്യ ക്ഷനായും പങ്കെടുത്തു. തുടർന്ന് നടന്ന കലാപരിപാടികൾ ഏവരേയും ഉന്മേഷഭരിതരാക്കി. 26-4-09 ന് നടന്ന ആഘോഷമായ ദിവ്യബലിക്ക് റവ. ഫാ. ജോർജ് ആലുക്ക പ്രധാന കാർമ്മികത്വം വഹിച്ചു. റവ. ഫാ. പോൾ വാഴപ്പള്ളി വചനസന്ദേശം നൽകി. തുടർന്ന് ഇടവക ജന ത്തിന് എല്ലാവരേയും പരിചയപ്പെടുത്തി. ശേഷം, ശങ്കരാചാര്യരുടെ പാദസ്പർശനമേറ്റ് അനുഗ്രഹീതമായ ശൃംഗേരിയും, മഹാകവി കെ. വി. പുട്ടപ്പയുടെ ജന്മസ്ഥലമായ കുപ്പള്ളിയും സന്ദർശിച്ച് എല്ലാ വരും പിരിഞ്ഞു. വളരെയേറെ സന്തോഷത്തോടും നിറഞ്ഞ മനസ്സോടും കൂടി ഇവരെ സ്വാഗതം ചെയ്ത്, ആതിഥ്യമരുളിയ ബഹുമാനപ്പെട്ട അച്ച ന്മാർക്കും ഇടവക ജനത്തിനും ഹൃദയംഗമമായ നന്ദി.

### മതബോധനം

പുത്തൻ പ്രതീക്ഷകളോടെ, ഉണർവ്വോടെ പുതിയൊരു

അദ്ധ്യയനവർഷം കൂടെ ആരംഭിക്കുകയായി. ഫലവത്തായ 2008 – 2009 അദ്ധ്യയനവർഷം കുഞ്ഞുങ്ങൾക്കു സമ്മാനിക്കാൻ തീക്ഷ്ണതയോടെ പ്രവർത്തിച്ച, പ്രാർത്ഥനാപൂർവ്വം യത്നിച്ച ബഹുമാനപ്പെട്ട അഗസ്റ്റിൻ ആമ്പശ്ശേരി അച്ചനും ടീമംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. ഇനിയും കരുത്തോടെ മതബോധന രംഗത്തെ നയിക്കാൻ നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട തോമസ് അറയ്ക്കൽ അച്ചന് എല്ലാവിധ ആശംസകളും നേരുന്നു. പുതിയ അദ്ധ്യയനവർഷം പുതുചൈതന്യത്തോടെ പ്രവർത്തനനിരതമാകുവാൻ പ്രാപ്തമാകട്ടെ.

**2008 – 2009 വർഷത്തിൽ സ്കോളർഷിപ്പിന് അർഹരായവർ**

Class V - I st Jesmi Jose Aluka - N. R. Pura
II nd Leeshma Eliyas Koottala - N. R. Pura

Class VII - I st Joyce Maria Kuzhupally - Koppa
II nd Divya Devis Kachipally - N. R. Pura

Class X - I st Soumya Ellath - Koppa
II nd vivin Kamnapilly - Makode

**ചെറുപുഷ്പ മിഷൻലീഗ്**

പ്രേഷിത തീക്ഷ്ണതയോടെ വിദ്യാലയങ്ങളിലേയ്ക്ക് ഒരിക്കൽകൂടി പ്രവേശിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി ചെറുപുഷ്പമിഷൻലീഗിന്റെ നേതൃത്വത്തിൽ കുഞ്ഞുങ്ങൾക്കു വേണ്ടി ക്രിസ്റ്റീൻ ധ്യാനം സംഘടിപ്പിച്ചു. റവ. ഫാ. തോമസ് അറയ്ക്കലും, നോർബെർട്ടൈൻ ബ്രദേഴ്സും ആണ് ധ്യാനത്തിന് നേതൃത്വം നൽകിയത്. മിഷൻലീഗ് അംഗങ്ങളെ ഉന്മേഷ ഭരിതരാക്കാൻ എല്ലാറ്റിലുമുപരി പ്രാർത്ഥനാ തീഷ്ണതയുള്ളവരാക്കാൻ അവസരം നൽകിയ വിജിലച്ചനും റീജിയണൽ ടീമംഗങ്ങൾക്കും ഏറെ നന്ദി.

**സി. സ്മിത SABS**

# മതബോധനരംഗം

**പാദവാർഷിക പരീക്ഷ**

ഈ വർഷത്തെ പാദവാർഷിക പരീക്ഷ ആഗസ്റ്റ് 30-ാം തീയതി രാവിലെ 11.30 മുതൽ 1.30 വരെയാണ്. കുട്ടികൾ വിശ്വാസപരിശീലനത്തിലൂടെ നേടിയെടുത്ത വിശ്വാസജീവിതത്തിന്റെ വിശകലനമാണ് പരീക്ഷയിലൂടെ നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. ഒപ്പം കുട്ടികൾക്ക് ആവശ്യമായ ദിശാബോധവും നൽകണം. ആയതിനാൽ അധ്യാപകർ സിലബസനുസരിച്ച് പാഠഭാഗങ്ങൾ പഠിപ്പിച്ച് കുട്ടികളെ നന്നായി ഒരുക്കുമല്ലോ.

**ചോദ്യപേപ്പറുകൾ**

ആഗസ്റ്റ് 28-ന് രാവിലെ 10 മണിമുതൽ 5-മണിവരെ രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും, മാനന്തവാടി സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

ചുങ്കക്കുന്ന്, മാനന്തവാടി, പയ്യംമ്പള്ളി ഫൊറോനകൾ സെന്റ് ജോസഫ്സ് ബുക്കുസ്റ്റാളിൽ നിന്നും, നിലമ്പൂർ, മണിമൂളി, ബത്തേരി, ഗൂഡല്ലൂർ, മുള്ളൻകൊല്ലി, നടവയൽ, കൽപ്പറ്റ, തരിയോട്, കല്ലോടി എന്നീ ഫൊറോനകൾ രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും ചോദ്യപേപ്പർ എടുക്കേണ്ടതാണ്.

**HDC Contact Class**

ഒന്നാംവർഷം HDC ക്കാരുടെ ആദ്യത്തെ Contact Class ആഗസ്റ്റ് 22 - ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തുന്നതാണ്.

രണ്ടാം വർഷക്കാരുടെ Contact Class കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ പറഞ്ഞിരിക്കുന്നതുപോലെ നടത്തുന്നതായിരിക്കും.

**HCC (+1, +2) അപേക്ഷാഫോറം**

+1, +2 അപേക്ഷാഫോറം 10 രൂപ ഫൈനോടുകൂടി രൂപതാ മത

ബോധന ഓഫീസിൽ എത്തിക്കേണ്ട അവസാനദിവസം ആഗസ്റ്റ് 17-ാം തീയതിയാണ്. അതിനുശേഷം അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

## അധ്യാപക പരിശീലനം

മണിമൂളി, നിലമ്പൂർ ഫൊറോനകളിൽ ജൂൺ 27, 28 തീയതികളിൽ I മുതൽ XI വരെയുള്ള ക്ലാസുകളിലെ അധ്യാപകർക്കും, ജൂലൈ 4,5 തീയതികളിൽ VII, VIII, IX ക്ലാസുകളിലെ അധ്യാപകർക്കും, ജൂലൈ 11, 12 തീയതികളിൽ X, XI ക്ലാസുകളിലെ അധ്യാപകർക്കും ദ്വാരക പാസ്റ്ററൽ സെന്ററിൽ പരിശീലനം സംഘടിപ്പിച്ചു. പരിശീലനത്തിന് നേതൃത്വം കൊടുത്ത രൂപതാ ടീം അംഗങ്ങൾക്കും, പങ്കെടുത്ത അധ്യാപകർക്കും, അധ്യാപകരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും ഏറെ നന്ദി.

## മാതാപിതാക്കൾക്ക് സെമിനാർ

ദ്വാരക, കല്ലുവയൽ ഇടവകയിൽ യഥാക്രമം സെബാസ്റ്റ്യൻ പാലംപറമ്പിൽ, ജോണി അമ്പാട്ട് എന്നിവർ മാതാപിതാക്കൾക്ക് സെമിനാർ നടത്തി. സെമിനാർ സംഘടിപ്പിച്ച ബഹു. വികാരിയച്ചന്മാർക്ക് പ്രത്യേകം നന്ദി.

## X, XI, XII ക്ലാസുകളിലെ അധ്യാപക സംഗമം

നിലമ്പൂർ, മണിമൂളി, ചുങ്കക്കുന്ന്, കല്ലോടി, നടവയൽ എന്നീ ഫൊറോനകളിലെ X, XI, XII ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപക സംഗമം ഫൊറോന കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചു. ബഹു. ഫൊറോന ഡയറക്ടർമാർക്കും, ഫൊറോനാ ടീം അംഗങ്ങൾക്കും നന്ദി.

## നന്ദിയും സ്വാഗതവും

മണിമൂളി ഫൊറോന ഡയറക്ടറായിരുന്ന ബഹു. കുമ്പക്കീൽ കുര്യാക്കോസച്ചനും, മാനന്തവാടി ഫൊറോന ഡയറക്ടറായിരുന്ന ബഹു. കൊട്ടാരം ജോസച്ചനും പ്രത്യേകം നന്ദി പറയുന്നു. മണിമൂളി ഫൊറോന ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ചേമ്പാല അഗസ്റ്റിനച്ചനും, മാനന്തവാടി ഫൊറോന ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. കുറ്റിക്കാട്ടുകുന്നേൽ തോമസച്ചനും പ്രത്യേകം സ്വാഗതം.

## സർവ്വേഫലം

ഈ വർഷം രൂപതയിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികളുടെ എണ്ണം ഇടവകതിരിച്ച് ക്ലാസടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. ഈ കണക്കുപ്രകാരമാണ് പരീക്ഷയ്ക്ക് ഇടവകകളിലേയ്ക്ക് ചോദ്യ

പേപ്പർ അയയ്ക്കുന്നത്. അതിനാൽ തങ്ങളുടെ ഇടവകകളിലെ കുട്ടികളുടെ എണ്ണത്തിൽ മാറ്റമുണ്ടെങ്കിൽ രേഖാമൂലം രൂപതാ ഓഫീസിൽ ഉടനെ ബന്ധപ്പെട്ടവർ അറിയിക്കുമല്ലോ.

| NO. | PARISH | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Boys | Girls | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **BATHERY** | | | | | | | | | | | | | | | |
| 1 | Ambalavayal | 38 | 22 | 25 | 45 | 39 | 33 | 31 | 41 | 28 | 30 | 24 | 13 | 171 | 198 | 369 |
| 2 | Bathery | 50 | 54 | 64 | 47 | 53 | 38 | 56 | 54 | 53 | 57 | 44 | 41 | 272 | 339 | 611 |
| 3 | Cheengavallam | 2 | 2 | 4 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 12 | 12 | 24 |
| 4 | Chithragiri | 9 | 16 | 7 | 10 | 17 | 8 | 18 | 12 | 16 | 13 | 8 | 9 | 78 | 65 | 143 |
| 5 | Chulliod | 8 | 6 | 10 | 10 | 9 | 6 | 7 | 5 | 8 | 3 | 3 | 7 | 39 | 43 | 82 |
| 6 | Kadalmad | 6 | 12 | 11 | 6 | 9 | 6 | 12 | 9 | 15 | 12 | 14 | 5 | 55 | 62 | 117 |
| 7 | Kallumukku | 2 | 7 | 6 | 0 | 0 | 7 | 0 | 9 | 4 | 4 | 2 | 0 | 25 | 16 | 41 |
| 8 | Karani | 4 | 0 | 0 | 5 | 0 | 4 | 2 | 0 | 4 | 2 | 2 | 2 | 16 | 9 | 25 |
| 9 | Meenangadi | 13 | 16 | 15 | 17 | 17 | 19 | 20 | 28 | 25 | 15 | 12 | 2 | 112 | 87 | 199 |
| 10 | Moolankavu | 15 | 11 | 11 | 20 | 20 | 9 | 14 | 9 | 15 | 14 | 9 | 5 | 78 | 74 | 152 |
| 11 | Pazhoor | 9 | 12 | 16 | 12 | 20 | 15 | 16 | 11 | 18 | 16 | 4 | 12 | 90 | 71 | 161 |
| 12 | Thomattuchal | 15 | 18 | 22 | 24 | 27 | 15 | 16 | 16 | 11 | 7 | 12 | 6 | 84 | 105 | 189 |
| 13 | Vadakkanad | 10 | 5 | 9 | 8 | 9 | 2 | 2 | 6 | 8 | 10 | 4 | 3 | 31 | 45 | 76 |
| 14 | Vakery | 10 | 6 | 10 | 11 | 4 | 7 | 10 | 10 | 13 | 12 | 5 | 4 | 53 | 49 | 102 |
| | **CHUNGAKKUNNU** | | | | | | | | | | | | | | | |
| 15 | Adackathode | 30 | 36 | 37 | 41 | 39 | 27 | 35 | 40 | 46 | 31 | 19 | 13 | 198 | 196 | 394 |
| 16 | Ambayathode | 12 | 11 | 14 | 21 | 7 | 18 | 23 | 13 | 25 | 14 | 11 | 7 | 97 | 79 | 176 |
| 17 | Chungakkunnu | 57 | 66 | 77 | 82 | 65 | 68 | 66 | 66 | 71 | 71 | 45 | 41 | 399 | 376 | 775 |
| 18 | Kelakam | 12 | 10 | 20 | 21 | 12 | 14 | 12 | 10 | 22 | 8 | 10 | 8 | 81 | 78 | 159 |
| 19 | Kottiyoor | 65 | 60 | 71 | 65 | 75 | 73 | 79 | 82 | 57 | 55 | 51 | 25 | 378 | 380 | 758 |
| 20 | Nelliody | 10 | 17 | 11 | 15 | 13 | 14 | 10 | 11 | 10 | 9 | 5 | 6 | 69 | 62 | 131 |
| 21 | Ottaplave | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 22 | Palchuram | 19 | 8 | 12 | 10 | 18 | 17 | 8 | 12 | 9 | 14 | 5 | 5 | 61 | 76 | 137 |
| 23 | Santhigiri | 12 | 7 | 15 | 12 | 9 | 18 | 5 | 16 | 7 | 11 | 2 | 4 | 51 | 67 | 118 |
| 24 | Velloonni | 14 | 11 | 14 | 20 | 25 | 21 | 11 | 22 | 20 | 23 | 14 | 13 | 114 | 94 | 208 |
| | **GUDALLUR** | | | | | | | | | | | | | | | |
| 25 | Arattupara | 0 | 5 | 3 | 0 | 2 | 4 | 0 | 1 | 3 | 4 | 0 | 0 | 13 | 9 | 22 |
| 26 | Arulnilayam | - | - | - | - | - | - | - | - | - | - | - | - | - | - | - |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 27 | Aravankadu | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 28 | Beki | 3 | 2 | 7 | 4 | 4 | 2 | 5 | 7 | 1 | 5 | 2 | 2 | 23 | 21 | 44 |
| 29 | Coonoor | 10 | 10 | 9 | 10 | 8 | 8 | 12 | 9 | 7 | 5 | 6 | 7 | 51 | 50 | 101 |
| 30 | Darmagiri | 15 | 10 | 23 | 16 | 11 | 20 | 20 | 17 | 20 | 21 | 10 | 10 | 97 | 96 | 193 |
| 31 | Kalpra | 7 | 16 | 14 | 14 | 15 | 16 | 10 | 14 | 9 | 20 | 10 | 4 | 74 | 75 | 149 |
| 32 | Kayyunni | 28 | 16 | 30 | 23 | 26 | 65 | 41 | 46 | 23 | 33 | 22 | 29 | 181 | 201 | 382 |
| 33 | Kunnaladi | 13 | 4 | 7 | 7 | 4 | 5 | 13 | 15 | 9 | 18 | 9 | 7 | 58 | 53 | 111 |
| 34 | Machikkolly | 10 | 11 | 5 | 12 | 11 | 14 | 14 | 20 | 19 | 13 | 6 | 6 | 80 | 61 | 141 |
| 35 | Manvayal | 5 | 12 | 11 | 14 | 18 | 15 | 16 | 20 | 15 | 17 | 11 | 10 | 88 | 76 | 164 |
| 36 | Panamchira | 4 | 6 | 5 | 9 | 7 | 9 | 7 | 9 | 5 | 7 | 9 | 4 | 37 | 44 | 81 |
| 37 | Vimalagiri | 8 | 5 | 12 | 16 | 14 | 19 | 22 | 20 | 12 | 12 | 0 | 7 | 67 | 80 | 147 |
| | **KALLODY** | | | | | | | | | | | | | | | |
| 38 | Chulliyana | 7 | 7 | 7 | 7 | 7 | 6 | 7 | 6 | 10 | 7 | 8 | 14 | 50 | 43 | 93 |
| 39 | Deepthigiri | 14 | 16 | 19 | 16 | 18 | 15 | 12 | 20 | 16 | 13 | 13 | 10 | 94 | 88 | 182 |
| 40 | Dwaraka | 14 | 24 | 26 | 19 | 35 | 20 | 25 | 27 | 28 | 30 | 20 | 23 | 123 | 168 | 219 |
| 41 | Jude's Mount | 8 | 7 | 4 | 11 | 10 | 12 | 7 | 7 | 4 | 9 | 1 | 6 | 47 | 39 | 86 |
| 42 | Kallody | 47 | 50 | 53 | 52 | 46 | 51 | 55 | 54 | 44 | 55 | 35 | 24 | 275 | 291 | 566 |
| 43 | Karackamala | 18 | 22 | 23 | 25 | 26 | 28 | 26 | 22 | 17 | 25 | 18 | 8 | 112 | 146 | 258 |
| 44 | Karimbil | 5 | 4 | 8 | 6 | 3 | 11 | 4 | 6 | 5 | 4 | 0 | 5 | 36 | 25 | 61 |
| 45 | Kommayad | 18 | 25 | 16 | 19 | 15 | 17 | 21 | 16 | 21 | 10 | 9 | 13 | 104 | 96 | 200 |
| 46 | Kunjhom | 4 | 11 | 7 | 13 | 18 | 9 | 11 | 11 | 7 | 4 | 4 | 6 | 61 | 44 | 105 |
| 47 | Makkiyad | 12 | 12 | 12 | 20 | 19 | 21 | 16 | 24 | 13 | 15 | 9 | 4 | 94 | 83 | 177 |
| 48 | Mangalassery | 6 | 6 | 4 | 14 | 3 | 7 | 7 | 2 | 5 | 10 | 3 | 2 | 27 | 42 | 69 |
| 49 | Mothakkara | 6 | 5 | 0 | 7 | 6 | 7 | 6 | 7 | 0 | 0 | 0 | 0 | 24 | 20 | 44 |
| 50 | Niravilpuzha | 3 | 0 | 4 | 4 | 0 | 7 | 3 | 3 | 4 | 4 | 3 | 2 | 23 | 14 | 37 |
| 51 | Puthiyidamkunnu | 10 | 7 | 12 | 11 | 6 | 8 | 9 | 9 | 5 | 9 | 6 | 7 | 48 | 51 | 99 |
| 52 | Puthussery | 4 | 7 | 13 | 11 | 11 | 11 | 10 | 7 | 9 | 6 | 6 | 5 | 43 | 57 | 100 |
| 53 | Thonichal | 24 | 18 | 13 | 25 | 20 | 19 | 12 | 11 | 17 | 18 | 16 | 13 | 110 | 96 | 206 |
| 54 | Vanjod | 10 | 8 | 14 | 11 | 23 | 11 | 11 | 20 | 14 | 8 | 14 | 10 | 86 | 68 | 154 |
| 55 | Vellamunda | 7 | 19 | 14 | 9 | 13 | 8 | 11 | 11 | 17 | 21 | 10 | 6 | 83 | 63 | 146 |
| | **KALPETTA** | | | | | | | | | | | | | | | |
| 56 | Charitty | 6 | 4 | 5 | 7 | 15 | 5 | 3 | 5 | 8 | 4 | 4 | 3 | 33 | 36 | 69 |
| 57 | Churalmala | 2 | 2 | 0 | 4 | 5 | 3 | 4 | 5 | 0 | 10 | 3 | 3 | 27 | 14 | 41 |
| 58 | Edappetty | 15 | 4 | 7 | 9 | 7 | 15 | 8 | 13 | 3 | 8 | 5 | 5 | 38 | 61 | 99 |
| 59 | Kalpetta | 19 | 29 | 30 | 40 | 33 | 31 | 21 | 39 | 40 | 29 | 10 | 15 | 168 | 168 | 336 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 60 | Kolavayal | 10 | 6 | 9 | 15 | 7 | 11 | 7 | 10 | 7 | 5 | 9 | 5 | 48 | 53 | 101 |
| 61 | Kunnampetta | 0 | 2 | 1 | 0 | 1 | 0 | 2 | 0 | 1 | 1 | 1 | 2 | 8 | 3 | 11 |
| 62 | Nedumbala | 9 | 17 | 9 | 16 | 21 | 10 | 18 | 15 | 16 | 11 | 16 | 11 | 75 | 94 | 169 |
| 63 | Olivumala | 9 | 0 | 6 | 6 | 3 | 3 | 10 | 6 | 2 | 9 | 1 | 3 | 30 | 28 | 58 |
| 64 | Puzhamudi | 2 | 3 | 8 | 6 | 9 | 4 | 6 | 6 | 5 | 5 | 0 | 0 | 24 | 30 | 54 |
| 65 | Rippon | 18 | 14 | 11 | 24 | 13 | 13 | 16 | 16 | 8 | 18 | 8 | 5 | 76 | 88 | 164 |
| 66 | Thenery | 23 | 23 | 20 | 23 | 20 | 25 | 19 | 17 | 32 | 22 | 20 | 12 | 133 | 123 | 256 |
| 67 | Vazhavatta | 41 | 33 | 24 | 39 | 42 | 32 | 38 | 41 | 23 | 20 | 19 | 15 | 173 | 194 | 367 |
| 68 | Vythiry | 3 | 2 | 2 | 4 | 8 | 2 | 5 | 3 | 3 | 3 | 5 | 1 | 19 | 22 | 41 |

**MANANTHAVADY**

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 69 | Alattil | 25 | 25 | 27 | 28 | 19 | 20 | 25 | 23 | 19 | 18 | 22 | 29 | 145 | 135 | 280 |
| 70 | Boy's Town | 3 | 2 | 2 | 8 | 6 | 7 | 3 | 4 | 3 | 8 | 0 | 3 | 37 | 12 | 49 |
| 71 | Elappeedika | 11 | 9 | 6 | 8 | 13 | 9 | 7 | 13 | 13 | 11 | 7 | 5 | 55 | 57 | 112 |
| 72 | Karimani | 3 | 2 | 4 | 6 | 5 | 7 | 5 | 6 | 8 | 7 | 7 | 8 | 30 | 38 | 68 |
| 73 | Kuttimoola | 6 | 7 | 6 | 10 | 6 | 16 | 0 | 9 | 5 | 8 | 10 | 2 | 46 | 39 | 85 |
| 74 | Mananthavady (c) | 30 | 50 | 62 | 54 | 47 | 48 | 63 | 45 | 47 | 43 | 27 | 10 | 268 | 258 | 526 |
| 75 | Mananthavady (T) | 17 | 25 | 17 | 22 | 14 | 15 | 11 | 18 | 17 | 11 | 10 | 16 | 93 | 100 | 193 |
| 76 | Muthirery | 12 | 11 | 18 | 14 | 17 | 15 | 9 | 19 | 12 | 0 | 7 | 6 | 67 | 73 | 140 |
| 77 | Parathottam | 8 | 8 | 5 | 5 | 6 | 13 | 9 | 7 | 6 | 4 | 3 | 2 | 44 | 32 | 76 |
| 78 | Peria | 7 | 4 | 8 | 8 | 5 | 6 | 5 | 11 | 8 | 6 | 7 | 7 | 32 | 50 | 82 |
| 79 | Poroor | 27 | 22 | 26 | 36 | 29 | 33 | 46 | 27 | 49 | 36 | 31 | 27 | 211 | 178 | 389 |
| 80 | Prasanthagiri | 7 | 8 | 9 | 10 | 18 | 0 | 18 | 6 | 9 | 9 | 15 | 0 | 61 | 48 | 109 |
| 81 | Puthiyidom | 15 | 12 | 9 | 17 | 10 | 10 | 17 | 6 | 7 | 2 | 5 | 5 | 59 | 56 | 115 |
| 82 | Thalapuzha | 5 | 5 | 7 | 12 | 11 | 6 | 5 | 6 | 7 | 4 | 5 | 8 | 42 | 39 | 81 |
| 83 | Thavinjal | 19 | 29 | 26 | 23 | 35 | 28 | 22 | 40 | 28 | 25 | 14 | 15 | 156 | 148 | 304 |
| 84 | Valad | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 85 | Valiyakolly | 5 | 5 | 8 | 3 | 5 | 2 | 2 | 4 | 3 | 3 | 0 | 4 | 23 | 19 | 42 |
| 86 | Yavanarkulam | 14 | 19 | 17 | 24 | 20 | 11 | 17 | 14 | 12 | 17 | 13 | 0 | 78 | 100 | 178 |

**MANIMOOLY**

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 87 | Bhoodanam | 0 | 0 | 5 | 2 | 3 | 2 | 0 | 5 | 4 | 3 | 4 | 0 | 17 | 11 | 28 |
| 88 | Manimooly | 48 | 41 | 29 | 40 | 29 | 30 | 47 | 44 | 52 | 26 | 19 | 20 | 216 | 209 | 425 |
| 89 | Marutha | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 90 | Mundery | 6 | 9 | 11 | 9 | 6 | 9 | 5 | 14 | 6 | 6 | 6 | 3 | 51 | 39 | 90 |
| 91 | Narivalamunda | 20 | 17 | 15 | 15 | 27 | 18 | 13 | 31 | 26 | 23 | 20 | 19 | 126 | 118 | 244 |
| 92 | Njarappadam | 10 | 5 | 5 | 10 | 5 | 7 | 5 | 4 | 6 | 9 | 3 | 6 | 31 | 44 | 75 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 93 | Palankara | 18 | 17 | 17 | 18 | 15 | 20 | 22 | 23 | 15 | 18 | 17 | 6 | 109 | 97 | 206 |
| 94 | Palemad | 0 | 16 | 17 | 12 | 18 | 16 | 19 | 21 | 12 | 21 | 8 | 16 | 91 | 85 | 176 |
| 95 | Pathirippadam | 16 | 16 | 15 | 33 | 23 | 18 | 23 | 17 | 25 | 26 | 14 | 10 | 114 | 122 | 236 |
| 96 | Thalanji | 21 | 20 | 13 | 27 | 22 | 28 | 26 | 20 | 22 | 23 | 16 | 17 | 132 | 123 | 255 |
| | **MULLENKOLLY** | | | | | | | | | | | | | | | |
| 97 | Adikkolly | 18 | 18 | 27 | 26 | 28 | 14 | 25 | 27 | 29 | 27 | 14 | 17 | 132 | 138 | 270 |
| 98 | Amarakkuny | 7 | 13 | 15 | 13 | 16 | 8 | 16 | 14 | 10 | 13 | 6 | 3 | 69 | 65 | 134 |
| 99 | Irulam | 9 | 11 | 16 | 19 | 8 | 14 | 14 | 17 | 13 | 13 | 11 | 7 | 84 | 68 | 152 |
| 100 | Kabanigiri | 14 | 14 | 10 | 19 | 25 | 12 | 15 | 13 | 12 | 16 | 16 | 11 | 80 | 96 | 176 |
| 101 | Marakavu | 43 | 40 | 40 | 52 | 38 | 50 | 72 | 46 | 44 | 29 | 28 | 17 | 246 | 253 | 499 |
| 102 | Marakkadav | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 103 | Mullankolly | 48 | 52 | 63 | 53 | 54 | 49 | 48 | 63 | 45 | 53 | 46 | 33 | 304 | 303 | 607 |
| 104 | Padichira | 27 | 25 | 35 | 39 | 22 | 35 | 33 | 28 | 37 | 31 | 23 | 17 | 178 | 174 | 352 |
| 105 | Pattanikoop | 9 | 26 | 12 | 13 | 11 | 12 | 13 | 18 | 16 | 16 | 10 | 11 | 81 | 86 | 167 |
| 106 | Pulpally | 20 | 21 | 20 | 31 | 25 | 31 | 23 | 24 | 20 | 17 | 20 | 19 | 134 | 137 | 271 |
| 107 | Seethamount | 27 | 20 | 15 | 8 | 19 | 19 | 13 | 13 | 13 | 14 | 18 | 7 | 92 | 94 | 186 |
| 108 | Sisumala | 20 | 25 | 31 | 34 | 30 | 43 | 25 | 33 | 29 | 45 | 16 | 19 | 171 | 179 | 350 |
| | **NADAVAYAL** | | | | | | | | | | | | | | | |
| 109 | Arinchermala | 14 | 16 | 10 | 13 | 11 | 21 | 16 | 18 | 27 | 20 | 18 | 16 | 108 | 92 | 200 |
| 110 | Cherukattoor | 33 | 42 | 33 | 47 | 48 | 29 | 47 | 37 | 40 | 36 | 22 | 18 | 224 | 208 | 432 |
| 111 | Chundakkara | 39 | 47 | 44 | 46 | 50 | 51 | 51 | 50 | 52 | 45 | 25 | 11 | 249 | 262 | 511 |
| 112 | Kalluvayal | 20 | 12 | 19 | 33 | 14 | 18 | 20 | 14 | 26 | 15 | 11 | 6 | 97 | 111 | 208 |
| 113 | Kaniyambatta | 8 | 7 | 2 | 3 | 2 | 6 | 9 | 6 | 4 | 8 | 7 | 0 | 33 | 29 | 62 |
| 114 | Kenichira | 30 | 29 | 26 | 31 | 27 | 25 | 22 | 50 | 23 | 25 | 16 | 14 | 152 | 166 | 318 |
| 115 | Kurumbalakkotta | 12 | 7 | 11 | 13 | 10 | 0 | 0 | 0 | 0 | 0 | 0 | 0 | 33 | 20 | 53 |
| 116 | Nadavayal | 65 | 58 | 64 | 65 | 83 | 85 | 77 | 70 | 95 | 85 | 56 | 47 | 406 | 444 | 850 |
| 117 | Neikkuppa | 4 | 8 | 8 | 7 | 4 | 5 | 9 | 11 | 4 | 7 | 4 | 8 | 39 | 40 | 79 |
| 118 | Paralikunnu | 4 | 6 | 7 | 9 | 0 | 9 | 7 | 5 | 9 | 9 | 6 | 3 | 44 | 30 | 74 |
| 119 | Pushpagiri | 2 | 3 | 7 | 7 | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 11 | 12 | 23 |
| 120 | Valavayal | 2 | 8 | 8 | 11 | 13 | 11 | 3 | 11 | 8 | 9 | 4 | 6 | 48 | 46 | 94 |
| 121 | Vilambukandam | 23 | 14 | 12 | 16 | 10 | 16 | 12 | 17 | 9 | 15 | 8 | 8 | 75 | 85 | 160 |
| | **NILAMBUR** | | | | | | | | | | | | | | | |
| 122 | Chokkad | 9 | 10 | 7 | 9 | 10 | 10 | 9 | 8 | 9 | 8 | 7 | 19 | 63 | 52 | 115 |
| 123 | Edivanna | 22 | 17 | 10 | 21 | 26 | 30 | 27 | 19 | 12 | 27 | 13 | 9 | 115 | 119 | 233 |
| 124 | Muttiyel | 3 | 2 | 4 | 4 | 2 | 4 | 0 | 11 | 3 | 2 | 9 | 5 | 25 | 24 | 49 |

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 125 | Nilambur | 34 | 32 | 28 | 29 | 32 | 31 | 31 | 47 | 33 | 54 | 20 | 5 | 177 | 199 | 376 |
| 126 | Pookottumpadam | 9 | 9 | 9 | 15 | 7 | 9 | 10 | 8 | 16 | 13 | 3 | 5 | 50 | 63 | 113 |
| 127 | Poolappadam | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 128 | Rubynagar | 5 | 4 | 5 | 7 | 10 | 3 | 6 | 6 | 3 | 6 | 0 | 0 | 31 | 24 | 55 |
| 129 | Thelpara | 11 | 6 | 14 | 13 | 10 | 12 | 4 | 7 | 6 | 13 | 4 | 4 | 57 | 47 | 104 |
| 130 | T.K.Kolani | 3 | 2 | 3 | 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 11 | 8 | 19 |
| 131 | Vallikettu | 5 | 1 | 4 | 6 | 4 | 2 | 5 | 3 | 5 | 4 | 2 | 5 | 25 | 21 | 46 |
| 132 | Vadapuram | 4 | 9 | 8 | 12 | 9 | 6 | 5 | 0 | 0 | 0 | 0 | 0 | 29 | 24 | 53 |

**PAYYAMPALLY**

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 133 | Appappara | 2 | 1 | 4 | 4 | 2 | 2 | 3 | 5 | 0 | 0 | 0 | 2 | 10 | 15 | 25 |
| 134 | Arattuthara | 18 | 8 | 11 | 17 | 13 | 16 | 12 | 8 | 14 | 10 | 14 | 9 | 87 | 63 | 150 |
| 135 | Bavali | - | - | - | - | - | - | - | - | - | - | - | - | - | - | - |
| 136 | Edayoorkunnu | 0 | 5 | 3 | 0 | 4 | 3 | 0 | 4 | 3 | 0 | 2 | 0 | 15 | 9 | 24 |
| 137 | Kammana | 11 | 16 | 14 | 20 | 18 | 12 | 16 | 17 | 18 | 11 | 12 | 10 | 83 | 92 | 175 |
| 138 | Kartikulam | 11 | 15 | 10 | 17 | 17 | 18 | 13 | 18 | 14 | 16 | 11 | 13 | 89 | 87 | 176 |
| 139 | Martinnagar | 30 | 28 | 27 | 25 | 39 | 32 | 36 | 24 | 45 | 27 | 32 | 24 | 173 | 196 | 369 |
| 140 | Padamala | 12 | 11 | 15 | 10 | 11 | 10 | 13 | 16 | 11 | 16 | 9 | 8 | 76 | 66 | 142 |
| 141 | Panavally | 3 | 0 | 5 | 0 | 4 | 6 | 3 | 0 | 4 | 7 | 4 | 0 | 17 | 19 | 36 |
| 142 | Payyampally | 41 | 44 | 45 | 53 | 39 | 42 | 36 | 45 | 42 | 36 | 30 | 22 | 230 | 245 | 475 |
| 143 | Thrissilery | 10 | 7 | 12 | 10 | 15 | 14 | 9 | 8 | 10 | 9 | 5 | 3 | 52 | 60 | 112 |

**THARIODE**

| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 144 | Chennalod | 24 | 17 | 30 | 32 | 21 | 20 | 24 | 31 | 24 | 37 | 18 | 25 | 145 | 158 | 303 |
| 145 | Kavummannam | 14 | 15 | 14 | 13 | 20 | 15 | 15 | 21 | 19 | 8 | 19 | 8 | 95 | 86 | 181 |
| 146 | Kottathara | 10 | 12 | 21 | 23 | 32 | 9 | 23 | 26 | 20 | 16 | 19 | 12 | 116 | 107 | 223 |
| 147 | Kurumani | 12 | 8 | 0 | 12 | 11 | 12 | 8 | 16 | 20 | 10 | 8 | 13 | 61 | 69 | 130 |
| 148 | Kurumbala | 17 | 22 | 22 | 20 | 24 | 31 | 28 | 25 | 14 | 24 | 22 | 11 | 133 | 127 | 260 |
| 149 | Mangalam | 7 | 11 | 12 | 9 | 13 | 12 | 8 | 10 | 9 | 5 | 9 | 7 | 57 | 55 | 112 |
| 150 | Manjoora | 9 | 14 | 10 | 14 | 14 | 7 | 18 | 10 | 14 | 8 | 13 | 8 | 74 | 65 | 139 |
| 151 | Panthipoil | 6 | 4 | 3 | 3 | 3 | 4 | 6 | 6 | 5 | 2 | 0 | 0 | 17 | 25 | 42 |
| 152 | Puthuserykadavu | 7 | 14 | 8 | 12 | 8 | 8 | 14 | 8 | 12 | 13 | 4 | 7 | 48 | 67 | 115 |
| 153 | Thariod | 19 | 19 | 32 | 36 | 32 | 29 | 29 | 41 | 36 | 34 | 17 | 24 | 183 | 165 | 348 |
| 154 | Gundalpet | 4 | 0 | 0 | 3 | 0 | 0 | 3 | 0 | 0 | 4 | 0 | 0 | 8 | 6 | 14 |

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

**സംഘടനാ ശാക്തീകരണ വർഷം**

പ്രിയ കുഞ്ഞുമിഷനറിമാരെ,

'വയലേലകളിൽ കർമ്മനിരതരായ്' എന്ന മുദ്രാവാക്യമുയർത്തി സംഘടനാശാക്തീകരണ വർഷമാചരിക്കുന്ന നമുക്ക് ഓഗസ്റ്റ് മാസത്തിൽ കൂടുതൽ കർമ്മനിരതരാകാം. പെയ്തിറങ്ങിയ പേമാരിയിൽ പൊലിഞ്ഞുപോയ ആത്മാക്കൾക്കായി പ്രാർത്ഥിക്കാം. വീടുകൾ നഷ്ടപ്പെട്ടവരുടെ ദുഃഖങ്ങളിൽ നമുക്കും പങ്കുകാരാകാം. ദുരിതാശ്വാസക്യാമ്പുകളിൽ കഴിയുന്നവർക്കായി സഹായഹസ്തം നൽകാം. അങ്ങനെ ഈ ഭൂമിയിലെ മനുഷ്യരെല്ലാം നമ്മുടെ സ്വന്തം സഹോദരങ്ങളായി തീരട്ടെ.

ഈ പെരുമഴക്കാലത്ത് ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ നമുക്ക് മുന്നോട്ട് വരാം. ഓരോ ശാഖയും അതിനനുയോജ്യമായ പ്രവർത്തനങ്ങൾ ചെയ്യുവാൻ തയ്യാറാകുമല്ലോ. അനുയോജ്യപ്രദമായ ഒരു ദിവസം മിഷൻലീഗ് അംഗങ്ങൾ ഇടവകയിൽ ഉപവാസദിനമായി പ്രഖ്യാപിക്കുകയും അതിന്റെ ഫലമായി സ്വരൂപിക്കുന്ന തുക മഴക്കാല ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുക. ബഹു. വികാരിയച്ചന്മാർ ഈകാര്യം പള്ളിയിൽ വിളിച്ചു പറഞ്ഞ് വേണ്ടത് ചെയ്യുമല്ലോ. ഓഗസ്റ്റ് മാസത്തിൽ തന്നെ ഈ കളക്ഷൻ രൂപതാകേന്ദ്രത്തിൽ എത്തിക്കുവാൻ ശ്രമിക്കുമല്ലോ. അങ്ങനെ വേദന അനുഭവിക്കുന്നവരോടുള്ള നമ്മുടെ സ്നേഹം ത്യാഗത്തിലൂടെ നമുക്ക് പ്രകടിപ്പിക്കാം. നമ്മെ എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ടോമിയച്ചൻ**

## ഉണർവ്വായി ഉത്തേജനമായി ജോ. ഡയറക്ടേഴ്സ് സംഗമം

സംഘടനാശാക്തീകരണവർഷത്തിൽ മിഷൻലീഗ് ശാഖാ ജോ.ഡയറക്ടേഴ്സ് ദ്വിദിന പരിശീലന ക്യാമ്പ് ജൂലൈ 10, 11 തീയതികളിലായി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. കല്ലോടി ഫൊറോന വികാരി റവ. ഫാ. ജോർജ് മമ്പള്ളിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ, രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, ജോ.ഡയറക്ടർ സി.വിജയ SABS തുടങ്ങിയവർ വിവിധ ദിനങ്ങളിലായി ക്യാമ്പിൽ സന്ദേശം നൽകി സംസാരിച്ചു. വിവിധ വിഷയങ്ങളെ അധികരിച്ചുള്ള ക്ലാസ്സുകൾക്ക് സിയോൻ സി. ആർ. സി മുൻ ഡയറക്ടർ റവ. ഫാ. ജോൺ പുതുക്കുളം, രൂപതാ ഓർഗനൈസർ ശ്രീ. തോമസ് കല്ലറയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി. രൂപതാ സെക്രട്ടറി ശ്രീ. സജി തറപ്പുതൊട്ടിയിൽ സംഗമത്തിൽ പങ്കെടുത്തവർക്കുള്ള നന്ദി അറിയിച്ചു. മാനന്തവാടി രൂപതയിലെ 120 ശാഖകളിൽ നിന്നുള്ള ജോ. ഡയറക്ടേഴ്സ് ദ്വിദിന പരിശീലന ക്യാമ്പിൽ പങ്കെടുത്തു.

## ബൈബിൾ ക്വിസ്സ് മത്സരം - ഒരു തിരുത്ത്

ബൈബിൾ ക്വിസിന്റെ ചോദ്യങ്ങൾ സുവിശേഷം 50%, ലേഖനം20% ചക്രവാളത്തിലെ സൂര്യതേജസുകൾ 15%, സഭാസംബന്ധമായ പൊതുവിഷയങ്ങളും സംഘടനയും 15%. ഇപ്രകാരം മാർഗ്ഗരേഖയിൽ നിന്ന് വ്യത്യസ്തമായി തിരുത്തിവായിക്കുകയും നിർദ്ദേശം നൽകുകയും ചെയ്യുമല്ലോ.

## സംഘടനാശാക്തീകരണ വർഷം - മിഷൻ - 2009

ഓജസ്സും തേജസ്സുമാർന്ന സംഘടനാപ്രവർത്തനങ്ങൾക്ക് മിഷൻ - 2009. ശാഖാ സെമിനാറും വാർഷിക സന്ദർശനവും ജൂൺ 28 ന് ബത്തേരി മേഖലയിലെ ശാഖകളിലും ജൂലൈ 12 ന് കല്പ്പറ്റ മേഖലയിലെ ശാഖകളിലും ജൂലൈ 19 ന് പുൽപ്പള്ളി മേഖലയിലെ ശാഖകളിലും നടന്നു. **മിഷൻ - 2009 ന് നേതൃത്വം നൽകിയവരും ശാഖകളും.** റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ - പഴൂർ, വൈത്തിരി, പുൽപ്പള്ളി ശ്രീ. ജോൺസൺ ചിറായിൽ - ചിത്രഗിരി, പട്ടാണിക്കൂപ്പ്, സി. വിജയ SABS - കടൽമാട്, ഒലിവുമല, കബനിഗിരി, സി. അർച്ചന CMC - റിപ്പൺ, കരണി, സി. റ്റെയ്സി SH - വാഴവറ്റ, മരകാവ്, സി. ജെസി പോൾ SH - തെനേരി, മുള്ളൻകൊല്ലി,

സി. തെരെസ് മാത്യു SABS - അമ്പലവയൽ, ശ്രീ. ജോയി മേലാടം - മീനങ്ങാടി, ശ്രീ. സജി വേങ്ങത്തടത്തിൽ - പുഴമുടി, സീതാമൗണ്ട്, ശ്രീ.സെബാസ്റ്റ്യൻ മുണ്ടക്കാത്തടത്തിൽ - തോമാട്ടുചാൽ, ആടിക്കൊല്ലി, ശ്രീ.ജോൺസൺ വടക്കേക്കര - മരകാവ്, ശ്രീ. അനൂപ് തെക്കേനത്ത് - ബത്തേരി, സി. എമിലി SABS - ചാരിറ്റി, ശ്രീ. ഷിൽസൺ കോക്കണ്ടത്തിൽ - ബത്തേരി, ശ്രീ. ഷാജു പാലച്ചുവട്ടിൽ - അമരക്കുനി, ശ്രീ.സാബു ഊളവള്ളിക്കൽ - മരക്കടവ്, കുമാരി ജോസ്ന പാറക്കുന്നേൽ - ഇരുളം, ശ്രീ. ഷാജി ചന്ദനപ്പറമ്പിൽ - വാകേരി, നെടുംമ്പാല, ശ്രീ. ജോസ് മുണ്ടിയാനി - കല്ലുമുക്ക്, കുമാരി ജിസ്ന കറുത്തേടത്ത് - എടപ്പെട്ടി, ശ്രീ. സജി തറപ്പുതൊട്ടിയിൽ - മുള്ളൻകൊല്ലി, ചൂരൽമല, വാഴവറ്റ.

## ജ്വാല - റീജിയണൽ സെമിനാറുകൾ സമാപിച്ചു

### ബത്തേരി റീജിയൺ

കല്പ്പറ്റ, ബത്തേരി, പുൽപ്പള്ളി, ഗൂഡല്ലൂർ മേഖലകളിലെ ശാഖാഭാരവാഹികൾക്കായുള്ള സെമിനാർ ബത്തേരി അസംപ്ഷൻ ശാഖയിൽ നടന്നു. ബത്തേരി അസംപ്ഷൻ അസിസ്റ്റന്റ് വികാരി റവ.ഫാ. അഗസ്റ്റ്യൻ കല്ലുംങ്കത്തറ സെമിനാർ ഉദ്ഘാടനം ചെയ്തു. റീജിയണൽ ഓർഗനൈസർ ശ്രീ. ജോണി പരത്തനാൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മേഖലാ ഡയറക്ടർമാരായ റവ. ഫാ. മനോജ് അമ്പലത്തിങ്കൽ, റവ. ഫാ. പീറ്റർ മുരിക്കനോലിൽ, റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, മേഖലാ ഭാരവാഹികളായ ബിനീഷ് തുമ്പിയാംകുഴി, ജോസ് ആക്കാന്തിരി, സി. അർച്ചന, സി. തെരെസ് SKD തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. രൂപതാ ഭാരവാഹികളായ ശ്രീ. ജോൺസൺ ചിറായിൽ, സി.വിജയ SABS, ശ്രീ. സജി തറപ്പുതൊട്ടിയിൽ തുടങ്ങിയവർ ക്ലാസ്സിന് നേതൃത്വം നൽകി.

### കല്ലോടി റീജിയൺ

കല്ലോടി റീജിയൺ ശാഖാഭാരവാഹികളുടെ സെമിനാർ 'ജ്വാല' നടവയൽ മേഖലാ ഡയറക്ടർ റവ. ഫാ. തോമസ് കാട്ടുതുരുത്തി ഉദ്ഘാടനം ചെയ്തു. നടവയൽ മേഖല പ്രസിഡന്റ് ശ്രീ. രഞ്ജിത്ത് അദ്ധ്യക്ഷത വഹിച്ചു. കല്ലോടി മേഖല ഡയറക്ടർ റവ. ഫാ. വിൻസെന്റ് കൊരട്ടിപറമ്പിൽ, തരിയോട് മേഖല പ്രസിഡന്റ് അപ്പച്ചൻ മുട്ടപ്പള്ളിൽ, കല്ലോടി മേഖല സെക്രട്ടറി ദിൽന കവനാലിൽ തുടങ്ങിയവർ ആശം

സകൾ നേർന്നു സംസാരിച്ചു. രൂപതാ ഭാരവാഹികളായ സി. വിജയ SABS, ശ്രീ. സജി തറപ്പുതൊട്ടിയിൽ തുടങ്ങിയവർ ശാഖാ ഭാരവാഹികൾക്കുള്ള ക്ലാസിന് നേതൃത്വം നൽകി. തരിയോട്, കല്ലോടി, നടവയൽ മേഖലകളിൽ നിന്നുള്ള ശാഖാ ഭാരവാഹികൾ 'ജ്വാല' യിൽ പങ്കെടുത്തു.

**മാനന്തവാടി റീജിയൺ**

മാനന്തവാടി റീജിയൺ 'ജ്വാല – 2009' സെമിനാർ കണിയാരം ശാഖാ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ജെറി ഓണംപള്ളി ഉദ്ഘാടനം ചെയ്തു. മാനന്തവാടി മേഖല പ്രസിഡന്റ് ശ്രീ. ബാബു അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, ശ്രീ. തോമസ് കല്ലറയ്ക്കൽ തുടങ്ങിയവർ ക്ലാസിന് നേതൃത്വം നൽകി. റവ. ഫാ. സജി കോട്ടായിൽ, റവ. ഫാ. സണ്ണി മഠത്തിൽ തുടങ്ങിയവർ ആശംസകൾ നേർന്നു സംസാരിച്ചു. മേഖല ഭാരവാഹികളായ ശ്രീ. സെബാസ്റ്റ്യൻ വള്ളിക്കാവുങ്കൽ, ശ്രീ. സജി തുടങ്ങിയവർ 'ജ്വാലക്ക്' നേതൃത്വം നൽകി.

**മണിമൂളി റീജിയൺ**

മണിമൂളി, നിലമ്പൂർ മേഖലയിലെ ഭാരവാഹികൾക്കായി നടന്ന ജ്വാല റീജിയണൽ സെമിനാർ മണിമൂളി ഫൊറോന അസി. വികാരി റവ. ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് ഉദ്ഘാടനം ചെയ്തു. മണിമൂളി മേഖലാ പ്രസിഡന്റ് നിധീഷ് ആലുങ്കൽ അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ.ജെയിംസ് മാങ്കോട്ടിൽ, റവ. ഫാ. അനിൽ മൂഞ്ഞനാട്ട്, സി. കാതറിൻ CMC തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു. റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ, ശ്രീ. ജോൺസൺ ചിറായിൽ തുടങ്ങിയവർ പരിശീലനത്തിന് നേതൃത്വം നൽകി.

**രൂപതാ സാഹിത്യമത്സരം ഓഗസ്റ്റ് – 14 ന്**

മേഖലാതല സാഹിത്യമത്സരത്തിൽ വിജയികളായവർക്കുള്ള രൂപതാതല സാഹിത്യമത്സരം ഓഗസ്റ്റ് 14 – ന് ശനിയാഴ്ച 10. am മുതൽ അതാത് മേഖല കേന്ദ്രങ്ങളിൽ വച്ച് നടക്കുന്നതാണ്. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ മത്സരത്തിന് നേതൃത്വം നൽകും. മേഖല ഭാരവാഹികൾ മത്സരത്തിനാവശ്യമായ ക്രമീകരണം ഒരുക്കുകയും വിജയികളെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

**മേഖലാ സന്ദർശനം**

മുൻ പ്രവർത്തന വർഷത്തെ മേഖല പ്രവർത്തനങ്ങൾ വിലയി

രുത്തുന്നതിനായുള്ള വാർഷിക സന്ദർശനം ഓഗസ്റ്റ് 14 ന് നടക്കുന്ന താണ്. സന്ദർശനസമയത്ത് മേഖല എക്സിക്യൂട്ടീവ് അംഗങ്ങളുടെ പൂർണ്ണമായ സാന്നിധ്യം പ്രതീക്ഷിക്കുന്നു.

**ശാഖാ പ്രസിഡന്റ്, സെക്രട്ടറിയോഗം - ഓഗസ്റ്റ് 31 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ**

മാനന്തവാടി രൂപതയിലെ മുഴുവൻ ശാഖകളിലെയും പ്രസിഡന്റും, സെക്രട്ടറിയും ഓഗസ്റ്റ് 31 ന് 9. 45 am മുതൽ 2.00 pm വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒത്തുചേരുകയാണ്. മിഷൻലീഗിന്റെ എല്ലാ പ്രസിഡന്റുമാരും, സെക്രട്ടറിമാരും യോഗത്തിൽ തീർച്ചയായും പങ്കെടുക്കേണ്ടതാണ്.

**ഓഗസ്റ്റ് - 04 വി. വിയാനിയുടെ തിരുനാൾ**

സംഘടനാ പ്രവർത്തനത്തിനൊരു കൈവിളക്കായി, നിർദ്ദേശങ്ങളാലും, ഉപദേശങ്ങളാലും സ്നേഹസാന്നിദ്ധ്യത്താലും പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി വർത്തിക്കുന്ന വൈദീകരെ ഓർക്കുവാൻ നമുക്കൊരു ദിനം - ഓഗസ്റ്റ് - 04 - വി. വിയാനിയുടെ തിരുനാൾ. തിരുനാളിനോടനുബന്ധിച്ച് വൈദീകരെ ആദരിക്കുവാനും ആശംസകൾ നേരുവാനും ഇതര പരിപാടികൾ ആസൂത്രണം ചെയ്യാനും (അന്നേദിവസമോ, അല്ലെങ്കിൽ തൊട്ടടുത്ത ഞായറാഴ്ചയോ) എല്ലാ മിഷൻലീഗ് അംഗങ്ങളും ശ്രമിക്കേണ്ടതാണ്. ഈ അവസരത്തിൽ നമുക്ക് വൈദികർക്ക് ഒപ്പമാകാം. അവർക്കായി പ്രാർത്ഥിക്കാം.

**ആശ്വാസമായി സാന്ത്വനമായി മിഷൻലീഗ്**

പ്രകൃതിക്ഷോഭത്തിലും ഉരുൾപൊട്ടലിലും ദുരിതമനുഭവിക്കുന്നവരുടെ അരികിൽ ആശ്വാസവചസുമായി മിഷൻലീഗ് അംഗങ്ങൾ എത്തുകയുണ്ടായി. ഉരുൾപൊട്ടലിലും, വെള്ളപ്പൊക്കത്താലും ദുരിതമനുഭവിക്കുന്ന പ്രദേശങ്ങൾ ഭാരവാഹികൾ സന്ദർശിക്കുകയും സാന്ത്വന പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്തു.

**ആദരാഞ്ജലികൾ**

രൂപതയിലെ വിവിധ ഇടവകകളിൽ നിസ്തുലമായി സേവനമനുഷ്ഠിച്ച് മിഷൻലീഗ് പ്രസ്ഥാനത്തിന് കരുത്തും പ്രോത്സാഹനവുമേകി കർത്താവിൽ നിദ്രപ്രാപിച്ച റവ. ഫാ. പ്ലാസിഡ് TOR ന് മാനന്തവാടി ചെറുപുഷ്പമിഷൻലീഗ് രൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ. നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നു.

## CML മണിമൂളി മേഖല വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു.

ജൂൺ 27 -ാം തീയതി മണിമൂളി - നിലമ്പൂർ മേഖലയിലെ ശാഖാ ഭാരവാഹികൾക്ക് വേണ്ടി മണിമൂളിയിൽ നടന്ന ജ്വാല സെമിനാറിൽ വച്ച് രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ സി.എം.എൽ. മണിമൂളി മേഖലയുടെ 'ബ്ലോഗ്' രൂപത്തിലുള്ള വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. കാലത്തിന്റെ വളർച്ചയ്ക്കനുസരിച്ച് ഉയർന്നു പ്രവർത്തിക്കുവാൻ മാനന്തവാടി സി. എം. എൽ ന്റെ ചരിത്രത്തിൽ ആദ്യമായി മണിമൂളി മേഖല മുന്നോട്ടു വന്നത് മാതൃകാപരവും അഭിനന്ദനാർഹവുമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം അനുസ്മരിപ്പിച്ചു. മേഖല പ്രസിഡന്റ് ശ്രീ. നിധീഷ് ആലുങ്കലിന് അനുമോദനങ്ങൾ നേർന്നു. ആശംസകൾ അർപ്പിച്ചുകൊണ്ട് രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ ചിറായിൽ പ്രസംഗിച്ചു.

CML സംഘടനയുടെ ചരിത്രം, മണിമൂളി മേഖലയുടെ ചരിത്രം, മാർഗ്ഗരേഖ, മേഖലയുടെ പ്രവർത്തനങ്ങൾ, മേഖല എക്സിക്യൂട്ടീവ്, ശാഖാ വിവരങ്ങൾ, അറിയിപ്പുകൾ എന്നിവ ഈ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ സന്ദർശകർക്ക് മേഖലയെ തങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുവാനും ഇതുവഴി സൗകര്യമുണ്ട്.

Address: www. cmlmanimooly.blogspot.com
E-mail: cmlmanimooly@gmail.com.

### ശാഖാ വാർത്തകൾ

*ധർമ്മഗിരി :-* ബൈബിൾറാലി നടത്തി.
*കുന്നൂർ :-* പഠനസഹായം നൽകി.
*റിപ്പൺ :-* മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ച് 'കതിരൊളി' എന്ന പത്രം തയ്യാറാക്കി.
*മരക്കടവ് :-* ഗവ. ഹോസ്പിറ്റലിൽ അരി വിതരണം ചെയ്തു.
*ഇരുളം :-* ബൈബിൾറാലി നടത്തി
*പുൽപ്പള്ളി :-* ബൈബിൾപ്രതിഷ്ഠ നടത്തുകയും, ദിവ്യകാരുണ്യ ആരാധന നത്തുകയും ചെയ്തു.
*ചോക്കാട് :-* വചനറാലി നടത്തി
*നിലമ്പൂർ :-* വിശുദ്ധരെക്കുറിച്ച് പ്രബന്ധം തയ്യാറാക്കി
*റൂബിനഗർ :-* അർദ്ധദിന സെമിനാർ നടത്തി
*മുണ്ടേരി :-* വചനമാല ഉണ്ടാക്കി, വചനചാർട്ട് പ്രദർശിപ്പിച്ചു, പഠന സഹായം നൽകി.

*പാൽച്ചുരം :–* ഏകദിന ധ്യാനം നടത്തി
*കൊട്ടിയൂർ :–* 5 കുട്ടികൾക്ക് പഠനസഹായം നൽകി
*യവനാർകുളം :–* പൂന്തോട്ടം നിർമ്മിച്ചു.
*പോരൂർ :–* സിമ്പോസിയം നടത്തി
*കണിയാരം :–* ഒഴക്കോടി റോഡ് വൃത്തിയാക്കി
*മുതിരേരി :–* ഉപവാസദിനം ആചരിച്ചു, പഠനസഹായം നൽകി
*ഏലപ്പീടിക :–* വചനകൂടാരം നിർമ്മിച്ചു.
*പുതുശ്ശേരി :–* ബൈബിൾറാലി നടത്തി
*കുഞ്ഞോം :–* നിരവിൽപ്പുഴയിൽ ശ്രമദാനം നടത്തി.
*ദീപ്തിഗിരി :–* 150 ഓളം പേനകളും, നോട്ടുബുക്കുകളും ശേഖരിച്ച് പാവപ്പെട്ട കുട്ടികൾക്ക് നൽകി.
*ചുള്ളിയാന :–* ബൈബിൾ പ്രതിഷ്ഠയും ആരാധനയും നടത്തി
*ദ്വാരക :–* ബൈബിൾ ഞായറിനോടനുബന്ധിച്ച് റവ. ഫാ. ഡെന്നീസ് കഴുതാടി ബൈബിളിനെ സംബന്ധിച്ച് ക്ലാസ് നൽകി.
*കാരയ്ക്കാമല :–* 'ദീപം' സെമിനാർ ശ്രീ. ജോൺസൺ ചിറായിൽ നടത്തി
*അമ്പലവയൽ :–* ഭവനസന്ദർശനം നടത്തി
*പഴൂർ :–* ബൈബിൾറാലി നടത്തി, നിർദ്ധനയായ ഒരു വിദ്യാർത്ഥിയെ ദത്തെടുത്ത് പഠിപ്പിക്കുന്നു.
*തോമാട്ടുചാൽ :–* സെന്റ് പോളിന്റെ ചരിത്രത്തെക്കുറിച്ച് ക്വിസ് മത്സരം നടത്തി
*ചുള്ളിയോട് :–* ദിവ്യകാരുണ്യ ആരാധന നടത്തി
*മീനങ്ങാടി :–* 'പ്രാർത്ഥനാ ദീപം' പരിപാടി നടത്തുന്നു. പോസ്റ്റർ പ്രദർശനം (സംഘടനയെക്കുറിച്ച്)
*ചിത്രഗിരി :–* ലഹരി വിരുദ്ധ സെമിനാർ നടത്തി, പഠനോപകരണങ്ങൾ വിതരണം ചെയ്തു. പരിസ്ഥിതി വാരാചരണം, ബൈബിൾ വാരാചരണം നടത്തി
*അരിഞ്ചേർമല :–* ശാഖാ ബാന്റ്സെറ്റ് പരിശീലനം നടത്തുന്നു
*വിളമ്പുകണ്ടം :–* സൺഡേന്യൂസ് ഗ്രൂപ്പടിസ്ഥാനത്തിൽ ചെയ്യുന്നു, പഠനസഹായം നൽകി
*ചുണ്ടക്കര :–* വചനകൂടാരം നിർമ്മിച്ചു
*കേണിച്ചിറ :–* രോഗിസന്ദർശനം നടത്തി

*നടവയൽ :-* സി. എം. എൽ. സീനിയർ അംഗങ്ങൾ ഏർപ്പെടുത്തിയ പഠനത്തിനുള്ള എൻഡോവ്മെന്റിന് നീതു കിഴക്കേകൊലായിൽ അർഹയായി. 'ജ്വലനം' സെമിനാർ നടത്തി. എല്ലാ ഭവനങ്ങളിലും ബൈബിൾ പ്രതിഷ്ഠ നടത്തി

*പയ്യംപള്ളി :-* വചനകൂടാരം നിർമ്മിച്ചു

*പടമല :-* ആചാരമര്യാദകളെകുറിച്ച് മേഖല ജോ. ഡയറക്ടർ സി. വിൻസി SKD ക്ലാസെടുത്തു. വചനകൂടാരം നിർമ്മിച്ചു.

*ആറാട്ടുതറ :-* ബൈബിൾറാലി, സ്കിറ്റ് നടത്തി

*കമ്മന :-* പാവപ്പെട്ട 18 കുട്ടികൾക്ക് കുട വിതരണം ചെയ്തു

*ഇടയൂർക്കുന്ന് :-* പരിസ്ഥിതി ശുചീകരണദിനം ആചരിച്ചു

*പനവല്ലി :-* ബൈബിൾ വാരാചരണം ആചരിച്ചു, വചനചാർട്ട് നിർമ്മിച്ചു

*കോട്ടത്തറ :-* വചനപ്രതിഷ്ഠ, വചനറാലി എന്നിവ നടത്തി

*തരിയോട് :-* ബൈബിൾപ്രതിഷ്ഠ, ബൈബിൾ റാലി എന്നിവ നടത്തി, 7വിദ്യാർത്ഥികൾക്ക് യൂണിഫോമിനുള്ള തുക നൽകി

*കാവുംമന്ദം :-* ബൈബിൾ വാരാചരണം നടത്തി, ബൈബിൾ വാക്യ പഠനമത്സരം നടത്തി

*മഞ്ഞൂറ :-* ബൈബിൾപ്രതിഷ്ഠ, ബൈബിൾ പാരായണം എന്നിവ നടത്തി

*തോണിച്ചാൽ :-* ബൈബിൾപ്രതിഷ്ഠ നടത്തി

## മേഖല വാർത്തകൾ

### കല്ലോടി

സാഹിത്യശില്പശാല നടത്തി. ശ്രീ. ഷാജി ചന്ദനപറമ്പിൽ നേതൃത്വം നൽകി. മേഖല പ്രവർത്തന മാർഗ്ഗരേഖ 'കർമ്മ' പ്രകാശനം ചെയ്തു.

### മാനന്തവാടി

പ്രവർത്തന മാർഗ്ഗരേഖ 'കർമ്മശക്തി' പ്രകാശനം ചെയ്തു.

### ബത്തേരി

വി. ജോൺ മരിയ വിയാനിയുടെ ചിത്രം മേഖലയിലെ എല്ലാ വീടുകളിലും എത്തിച്ചു. പ്രവർത്തന മാർഗ്ഗരേഖ 'ദി ലൈറ്റ്' പ്രകാശനം ചെയ്തു. സെന്റ് പോൾ വർഷസമാപനത്തോടനുബന്ധിച്ച് മേഖലയിലെ അംഗങ്ങൾക്കുവേണ്ടി ക്വിസ് മത്സരം നടത്തി

### മണിമൂളി

മണിമൂളി മേഖല വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ബഹു. ജെയിംസ് മാങ്കോട്ടിലച്ചനും, ഭാരവാഹികൾക്കും രൂപതയുടെ അനുമോദനങ്ങൾ അറിയിക്കുന്നു.

### അനുകരണീയ മാതൃക

ഉജ്ജൈൻ രൂപതയിലെ മിഷൻ ഗ്രാമങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ മാനന്തവാടി രൂപത മിഷൻലീഗിന്റെ കാണിക്ക സഹായ നിധിയിലേക്ക് വെള്ളൂന്നി ഇടവകയിൽ നിന്നും 3500 രൂപ നൽകിയിരിക്കുന്നു. ഇത്രയും പണം സ്വരൂപിക്കാൻ നേതൃത്വം നൽകിയ ബഹു. ജെയ്സൺ കുഴികണ്ടത്തിലച്ചനും, ഭാരവാഹികൾക്കും, ശാഖയിലെ മുഴുവൻ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ!!

### കാണിക്ക തന്ന ശാഖകൾ

മക്കിയാട് - 267, ചെന്നലോട് - 250, ചുള്ളിയാന - 150, കരണി - 50, തെനേരി - 200, റിപ്പൺ - 101, ബെക്കി - 280, കോട്ടത്തറ - 200, കുറ്റിമൂല - 250, യവനാർകുളം - 160, തലപ്പുഴ - 100, നിരവിൽപ്പുഴ - 150, നെടുംമ്പാല - 100, ചൂരൽമല - 50, ചുള്ളിയോട് - 150, അപ്പപ്പാറ - 50, ചെറുകാട്ടൂർ - 500, മരകാവ് - 300, കുറുമണി - 100, ചോക്കാട് - 100, വിളമ്പുകണ്ടം - 130, വലിയകൊല്ലി - 96, അമ്പായത്തോട് - 200, ശാന്തിഗിരി - 300, സീതാമൗണ്ട് - 200, ചുങ്കക്കുന്ന് - 500, ദീപ്തിഗിരി - 100, ഇടിവണ്ണ - 156, ദ്വാരക - 162, കൽപ്പറ്റ - 300.

### ശാഖാ ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

ശാഖ വാർഷിക റിപ്പോർട്ട്, കാണിക്ക എന്നിവ തരാത്ത ശാഖകൾ ഓഗസ്റ്റ് 20 -ാം തീയതിക്കു മുമ്പായി എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### ഓഗസ്റ്റ് മാസത്തെ ചിന്തകളും പ്രവർത്തനങ്ങളും

**ചിന്താ വിഷയം:** പരി. അമ്മ പ്രേഷിതർക്ക് മാതൃക

*ജൂലൈ 01 ഞായർ :-* മിഷൻ - 2009 - ശാഖാസന്ദർശനവും സെമിനാറും ഗൂഡല്ലൂർ മേഖലയിലെ ശാഖകളിൽ

*04 ചൊവ്വ :-* വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമവാർഷികം, വൈദികരെ ആദരിക്കുന്നു, ആശംസകൾ (അന്നേദിവസമോ, അല്ലെങ്കിൽ തൊട്ടടുത്ത ഞായറാഴ്ചയോ) നേരുന്നു.

*06 വ്യാഴം :-* 'എവുക്കരിസ്ത്യ' - കല്ലോടി മേഖലയിലെ ശാഖകളിൽ

ആരംഭിക്കുന്നു. 1 മണിക്കൂർ ആരാധന, പ്രാർത്ഥന

*08 ശനി :-* രൂപതാ സാഹിത്യ മത്സരം - മേഖലകളിൽ

*09 ഞായർ :-* മിഷൻ -2009 - ശാഖാസന്ദർശനം സെമിനാർ - മാനന്തവാടി മേഖലയിലെ ശാഖകളിൽ

*15 ശനി :-* മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ, ഇന്ത്യൻ സ്വാതന്ത്ര്യദിനം, പൊതുദിവ്യകാരുണ്യ സ്വീകരണം, റാലി, സമ്മേളനം

*21 വെള്ളി :-* റവ. ഫാ. തോമസ് നെറ്റിക്കാടൻ ചരമദിനം, മുൻ സംസ്ഥാന ഡയറക്ടർ

*24 തിങ്കൾ :-* 'എവുക്കരിസ്ത്യ' തരിയോട് മേഖലയിലെ ശാഖകളിൽ ആരംഭിക്കുന്നു

*31 തിങ്കൾ :-* ശാഖാ പ്രസിഡന്റ് - സെക്രട്ടറി യോഗം ദ്വാരകയിൽ 9.45 am മുതൽ 2.00 pm വരെ, മിഷൻഗ്രാമത്തിലേക്ക് ഒരു കത്ത്, പ്രാർത്ഥന, ശാഖാ - മേഖല കലാമത്സരങ്ങൾ

**വാർത്താബോർഡിൽ :** വൈദികദിനം, വി. ജോൺ മരിയ വിയാനിയുടെ ജീവചരിത്രം, ഓഗസ്റ്റ് 15 സന്ദേശങ്ങൾ

**പ്രാർത്ഥനാ നിയോഗം :** മാതൃരാജ്യത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി.

**സുകൃതജപം :** മറിയത്തിന്റെ വിമല ഹൃദയമേ ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കണമെ.

ഭാരത സ്വാതന്ത്ര്യദിനത്തിന്റെയും, മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും വൈദികദിനത്തിന്റെയും മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു.

പ്രേഷിതാശംസകളോടെ,

**സജി തറപ്പുതൊട്ടിയിൽ**

രൂപതാസെക്രട്ടറി

## കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

പ്രകൃതി ദുരന്തങ്ങളുടെ നെരിപ്പോടിൽ നിന്നും ഉയർന്ന് വരുന്ന ദീനരോദനങ്ങളും, ആലംബഹീനരായ അഭയാർത്ഥി സമൂഹത്തിന്റെ വേദനിക്കുന്ന മുഖങ്ങളും നെഞ്ചോട് ചേർത്ത് സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും സാന്ത്വനത്തിന്റേയും കരങ്ങളുമായി യുവതയുടെ ശബ്ദവും മനസ്സും കരുത്തും ഒന്നിച്ച് ചേർന്ന നിമിഷങ്ങൾ... കോട പിടിച്ച്, നനഞ്ഞ് തണുത്ത മേഘങ്ങൾക്കിടയിലും, കോരിച്ചൊരിയുന്ന മഴത്തുള്ളിക്കിടയിലും നന്മയുടെ, സേവനത്തിന്റെ പ്രകാശവുമായി കടന്ന് വന്ന യുവതയ്ക്ക് ഒത്തിരി നന്ദി. സമൂഹത്തിന്റെ നൊമ്പരങ്ങൾ സ്വന്ത മായി ഏറ്റെടുത്ത് അശരണരുടെ കണ്ണുനീർ തുടയ്ക്കാൻ നിങ്ങൾ കാണിച്ച നല്ല മനസുകളെ കൃതജ്ഞതയോടെ ഓർമ്മിക്കുന്നു... കാലം കൊടുത്ത മുറിവുകൾക്ക് ആശ്വാസത്തിന്റെ തൈലവുമായി ഇനിയും യുവത കടന്നുവരണം. ദുരന്തങ്ങളുടെ നടുവിൽ വിറങ്ങലിച്ച് നിൽക്കു ന്നവർക്ക് കൈത്താങ്ങായി ഓരോ ഇടവകകളിലും യുവജനങ്ങൾ മുന്നി ട്ടിറങ്ങണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. തളർന്ന മനസ്സുക ളുടെ മുമ്പിൽ തളരാത്ത ഹൃദയത്തിന്റെ കരുത്തുമായി നമുക്ക് ഒരു മിച്ച് ഇറങ്ങിത്തിരിക്കാം.

സ്നേഹത്തോടെ,

**സണ്ണിയച്ചൻ**

**യുവജനദിനാഘോഷം**

2009 വർഷത്തെ യുവജനദിനാഘോഷങ്ങളുടെ രൂപതാതല ഉദ്ഘാടനം ജൂലൈ 5-ന് വഞ്ഞോട് സെന്റ് ജോസഫ്സ് ദേവാലയ ത്തിൽ വച്ച് രൂപതാ ഡയറക്ടർ റവ.ഫാ. സണ്ണി കൊല്ലാർതോട്ടം വിശുദ്ധ ബലിയർപ്പണത്തോടെ നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതു

സമ്മേളനത്തിൽ രൂപതാപ്രസിഡന്റ് അനീഷ് ഓമക്കര അധ്യക്ഷത വഹിച്ചു. ആഘോഷങ്ങളുടെ ഭാഗമായി ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം പള്ളിപ്പറമ്പിൽ മരത്തൈ നട്ടു. വഞ്ഞോട് യൂണിറ്റിലെ യുവജനങ്ങളുടെ വിവിധ കലാപരിപാടികൾ അന്നേദിവസത്തെ ചടങ്ങുകൾക്ക് മാറ്റുകൂട്ടി, തുടർന്ന് സദ്യയും ഉണ്ടായിരുന്നു. രൂപതാ ആനിമേറ്റർ സി. ജെസ്‌ലീമ S.D., സജിൻ ജോസ് ചാലിൽ, ലിജി കളരിക്കൽ, സന്തോഷ് ഞാറക്കുളം, നീന വടക്കേൽ, ജെസോയി മൂങ്ങനാനിയിൽ, ഷിന്റോ മുള്ളംകുഴിയിൽ എന്നിവർ പ്രസംഗിച്ചു. യുവജനദിനാഘോഷം ഗംഭീരമാക്കുന്നതിനായി ഏറെ സഹായിച്ച വഞ്ഞോട് യൂണിറ്റ് ഡയറക്ടർ സിജു പുത്തൻപുര അച്ചനും ആനിമേറ്റർ സി. മരിയ ഐസക്കിനും, യൂണിറ്റ്, മേഖല ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ അറിയിക്കട്ടെ.

## അർദ്ധവാർഷിക സെനറ്റ്

പ്രതീക്ഷയുടെയും ധാർമ്മികതയുടെയും ചിരാതുമായി വിശ്വാസം മുറുകെപിടിച്ച് അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്കുവേണ്ടിയും രാഷ്ട്ര സേവനത്തിനുവേണ്ടിയും ഉള്ള 2009 വർഷത്തെ പ്രവർത്തനങ്ങളുടെ പാതിവഴി പിന്നിടുമ്പോൾ വിലയിരുത്തലുകൾക്കും പുതിയ പ്രവർത്തനങ്ങളുടെ ആലോചനകൾക്കുമായി 2009 ജൂലൈ 11-ന് ദ്വാരക എ.യു.പി. സ്കൂളിൽവച്ച് അർധവാർഷിക സെനറ്റ് നടന്നു. പനമരം ഗവ. ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ശ്രീ. പോൾ തോപ്പിൽ സെനറ്റ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് അനീഷ് ഓമക്കര അധ്യക്ഷനായിരുന്നു. രൂപതാഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, ആനിമേറ്റർ സി. ജെസ്‌ലീമ S.D., ലിജി കളരിക്കൽ, സന്തോഷ് ഞാറക്കുളം എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിവിധ മേഖലകൾ അവരുടെ പ്രവർത്തന റിപ്പോർട്ട് സെനറ്റിൽ അവതരിപ്പിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്തു. ജനറൽ സെക്രട്ടറി സജിൻ ജോസ് ചാലിൽ രൂപതാ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് സംഘടനാ ചർച്ചകൾ നടന്നു. സ്വവർഗ്ഗരതിയെയും സ്വവർഗ്ഗാനുരാഗികളെയും സാധൂകരിക്കാനുള്ള നടപടികൾ തള്ളിക്കളഞ്ഞ് ഇവ നിയമം മൂലം നിരോധിക്കണം എന്ന് സെനറ്റ് സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കേരള സംസ്കാരത്തെ തകർക്കുന്ന വിദ്യാഭ്യാസ പരിഷ്കരണങ്ങൾ പിൻവലിക്കുക എന്നും പ്രമേയത്തിലൂടെ സെനറ്റ് ആവശ്യപ്പെട്ടു. ഷിബു പുതിയവീട്ടിൽ,

ബെന്നി പച്ചിക്കൽ എന്നിവർ പ്രമേയങ്ങൾ അവതരിപ്പിച്ചു. രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ നേതൃത്വം നൽകി. ഏറെ മുന്നൊരുക്കത്തോടെ റിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നതിന് ശ്രദ്ധ ചെലുത്തിയ എല്ലാ മേഖലാ ഡയറക്ടർ അച്ചൻമാരെയും, ആനിമേറ്റേഴ്സിനെയും, ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

## റേഡിയോ മാറ്റൊലി

യുവജന ദിനാഘോഷങ്ങളുടെ ഭാഗമായി കെ.സി.വൈ.എം. ന്റെ വിവിധ പരിപാടികൾ റേഡിയോ മാറ്റൊലി ജൂലൈ 5-ന് പ്രക്ഷേപണം ചെയ്തു. ഡയറക്ടർ സണ്ണി കൊല്ലാർതോട്ടം അച്ചന്റെ യുവജനദിന സന്ദേശം, മിജാർക് ഏഷ്യൻ പ്രതിനിധി ബിജു അരീക്കാടുമായി രൂപതാ ജനറൽ സെക്രട്ടറി സജിൻ ജോസ് ചാലിൽ നടത്തിയ അഭിമുഖം, കമ്മന യൂണിറ്റംഗങ്ങൾ ആലപിച്ച കെ.സി.വൈ.എം. ആന്തം, അനു പ്രശാന്തഗിരി ആലപിച്ച ലളിതഗാനം എന്നിവയാണ് പ്രക്ഷേപണം ചെയ്ത പരിപാടികൾ. സംപ്രേക്ഷണങ്ങൾക്ക് സഹായിച്ച സ്റ്റേഷൻ ഡയറക്ടർ റവ.ഫാ. തോമസ് ജോസഫ് തേരകം, മാറ്റൊലി സ്റ്റേഷൻ അംഗങ്ങൾ എന്നിവരെ നന്ദിപൂർവ്വം ഓർമ്മിക്കുന്നു.

## READY - മേഖലാ ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് യോഗം

2009 പ്രവർത്തനവർഷത്തെ കെ.സി.വൈ.എം. ന്റെ പ്രവർത്തനങ്ങൾക്ക് ശക്തിയും ഊർജ്ജവും പകർന്ന് യുവജനങ്ങളെ ധാർമ്മികതയുടെ പാതയിൽ മുന്നേറാൻ എന്നും അവരോടൊപ്പമുള്ള മേഖല ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും സംഗമം READY ജൂൺ 25-ന് വ്യാഴാഴ്ച വൈകുന്നേരം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപതാ വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം ആമുഖ പ്രഭാഷണം നടത്തി, രൂപതാ സെക്രട്ടറിയേറ്റംഗങ്ങൾ നേതൃത്വം നൽകി. പുതിയ മേഖലാ ഡയറക്ടർമാർക്കും, ആനിമേറ്റർമാർക്കും സ്വാഗതം ആശംസിച്ചു. READY യിൽ പങ്കുചേർന്ന എല്ലാ ഡയറക്ടർ അച്ചൻമാരെയും ആനിമേറ്റർ സിസ്റ്റേഴ്സിനെയും നന്ദിയോടെ സ്മരിക്കുന്നു.

## സീറോ മലബാർ ലെയ്റ്റീകമ്മീഷൻ യൂത്ത് കോൺഫ്രൻസ്

ജൂൺ 27, 28 തീയതികളിൽ നടന്ന സീറോ മലബാർ ലെയ്റ്റീ കമ്മീഷൻ യൂത്ത് കോൺഫ്രൻസിൽ രൂപതയിൽനിന്നും പ്രസി. അനീഷ് ഓമക്കര, മിജാർക്ക് ഏഷ്യൻ പ്രതിനിധി ബിജു മാത്യു അരീക്കാട്ട്,

ബിനോയി പാനികുളം എന്നിവർ പങ്കെടുത്തു. കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മാർ മാത്യു അറയ്ക്കൽ, മാർ മാത്യു ആനിക്കുഴിക്കാട്ടിൽ എന്നിവർ പങ്കെടുത്ത യോഗത്തിൽ യുവജനക്ഷേമം, വിദ്യാഭ്യാസ പ്രശ്നങ്ങൾ, പെൻഷൻ പ്രായം ഏകീകരിച്ചതിലെ അപാകതകൾ എന്നീ വിഷയങ്ങളിൽ മാനന്തവാടി രൂപത പ്രമേയങ്ങൾ അവതരിപ്പിച്ചത് ഏവരുടെയും ശ്രദ്ധയെ ക്ഷണിച്ചു.

## ദുരിതമേഖലകളിൽ മാതൃകയായി KCYM

മഴക്കെടുതികളും ഉരുൾപൊട്ടലും മൂലം ജനങ്ങൾ തളരുമ്പോൾ മാതൃകാപരമായ സേവനവുമായി കെ.സി.വൈ.എം. രംഗത്ത്. ചിത്രഗിരി നീലിമലയിലും, കാന്തൻപാറയിലും ഉരുൾപൊട്ടലുകൾ ഉണ്ടായപ്പോൾ ദുരിതാശ്വാസ ക്യാമ്പുകൾ സ്ഥാപിച്ച് ആളുകളെ മാറ്റി പാർപ്പിച്ചത് കെ.സി.വൈ.എം. ന്റെ നേതൃത്വത്തിലാണ്. ചിത്രഗിരി സെന്റ് ജോർജ് പള്ളിയിലും പരിസരത്തുമായി 150 ൽ പരം ആളുകൾക്കാണ് അഭയം നൽകിയത്. രാഷ്ട്രീയ പാർട്ടികളും മറ്റ് പ്രസ്ഥാനങ്ങളും നിഷ്ക്രിയരായി നിന്നപ്പോൾ ആളുകളെ രക്ഷിക്കുന്നതിനും, ആശുപത്രിയിൽ എത്തിക്കുന്നതിനും, വളർത്തുമൃഗങ്ങൾ മറ്റ് സാധനങ്ങൾ എന്നിവ വീണ്ടെടുക്കുന്നതിനും യുവജനങ്ങൾ വഹിച്ച പങ്ക് ശ്രദ്ധേയമാണ്. ബത്തേരി അസംപ്ഷൻ ഹോസ്പിറ്റൽ, അമ്പലവയൽ സെന്റ് മാർട്ടിൻ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നിന്നും ഡോ. ചന്ദ്രൻ, ഡോ. സി. ബീന എന്നിവരുടെ നേതൃത്വത്തിൽ മെഡിക്കൽ സംഘം ക്യാമ്പ് സന്ദർശിക്കുകയും ദുരിതബാധിതർക്ക് ആവശ്യമരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു. ചിത്രഗിരി കാന്തൻപാറ, ചാരിറ്റി എന്നിവിടങ്ങളിലെ ദുരിതബാധിതർക്ക് അരി, മരുന്ന്, കമ്പിളി, വസ്ത്രങ്ങൾ എന്നിവയും കെ.സി.വൈ.എം. വിതരണം ചെയ്തു. രാഷ്ട്രീയ പാർട്ടികളും പഞ്ചായത്തധികാരികളും ദുരിതബാധിതർക്കാവശ്യമായ സഹായങ്ങൾ ചെയ്യുന്നതിൽ താമസം വരുത്തുമ്പോഴും കെ.സി.വൈ.എം. പോലുള്ള സംഘടനകളുടെ പ്രവർത്തനം സമൂഹത്തിന് മാതൃകയാണ്.

## കമ്പിളിപ്പുതപ്പും അരിയുമായി കെ.സി.വൈ.എം.

ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം കമ്പിളിപ്പുതപ്പുകൾ വിതരണം ചെയ്തു. രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്ന് ബഹു. വൈദീകർ, സിസ്റ്റേഴ്സ്, യുവജനങ്ങൾ ദുരിത ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും സേവന നിര

തരാവുകയും ചെയ്തു. ഈ മേഖലകളിൽ മാതൃകയോടെ പ്രവർത്തിച്ച യുവജനങ്ങൾക്ക് രൂപതയുടെ അഭിനന്ദനങ്ങൾ. ഒപ്പം ചാരിറ്റി പള്ളിയും പരിസരവും വൃത്തിയാക്കാൻ സഹായിച്ച 65 ഓളം യുവജനങ്ങളെ നന്ദിയോടെ ഓർക്കുന്നു. കണിയാരം, കൽപ്പറ്റ, തെനേരി, വാഴവറ്റ, വൈത്തിരി, നെടുമ്പാല, ഒലിവുമല, റിപ്പൺ തുടങ്ങിയ ഇടവകയിലെ യുവജനങ്ങൾ, ഫാ. ബിനു പൈനുങ്കൽ, ഫാ. ജെറി ഓണംപള്ളി, ഫാ. മനോജ് അമ്പലത്തിങ്കൽ, ഫാ. സണ്ണി കൊല്ലാർതോട്ടം, ഫാ. ജോസ് കൊച്ചറയ്ക്കൽ തുടങ്ങിയവരുടെ സാന്നിധ്യം ആവേശം നൽകി.

## സെമിനാരി വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്യാമ്പ്

മാനന്തവാടി നോർബർട്ട് ഹൗസിലെ സെമിനാരി വിദ്യാർത്ഥികൾക്കായി ഒരുക്കിയ രണ്ട് ദിവസത്തെ ഓറിയന്റേഷൻ ക്യാമ്പിന് രൂപതാ ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം നേതൃത്വം നൽകി. വിവിധ വിഷയങ്ങളെ ആസ്പദമാക്കി ബിനോയി പാനികുളം, ബെന്നി വെട്ടിക്കൽ, സജി മുണ്ടോക്കുഴി, ജോസ് പള്ളത്ത്, ഫാ. സണ്ണി കൊല്ലാർതോട്ടം എന്നിവർ ക്ലാസുകൾ നയിച്ചു. വേണ്ട സാഹചര്യങ്ങൾ ഒരുക്കിത്തന്ന സെമിനാരിയിലെ ബഹു. റെക്ടറച്ചനും, സഹവൈദികർക്കും നന്ദി.

## മാനന്തവാടി ടൗൺ ചർച്ചിൽ KCYM യൂണിറ്റ് തുടങ്ങി

12-7-09 ന് യുവജന ദിനാഘോഷത്തോടെ ടൗൺപള്ളിയിൽ കെ.സി.വൈ.എം. യൂണിറ്റ് പ്രവർത്തനമാരംഭിച്ചു. ദിവ്യബലിക്കും, ക്ലാസിനും ബഹു. ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടം നേതൃത്വം നൽകി. 55 ഓളം യുവജനങ്ങൾ പങ്കെടുത്ത സമ്മേളനത്തിൽ ഭാവി പരിപാടികൾ ആസൂത്രണം ചെയ്ത് ശക്തമായി മുന്നോട്ടുപോകുവാൻ അംഗങ്ങൾ തീരുമാനിച്ചു. വേണ്ട സൗകര്യങ്ങൾ ഒരുക്കിയ യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേലിനും, സി. ലൂസിക്കും ഇടവക സമൂഹത്തിനും നന്ദി.

## വെള്ളൂന്നി യൂണിറ്റ് ശാക്തീകരണം

19-7-09 ന് ബഹു. ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടത്തിന്റെ നേതൃത്വത്തിൽ വി. ബലിയും ക്ലാസ്സും നടന്നു. സുശക്തമായ യുവജനങ്ങൾ സാമൂഹിക പ്രതിബദ്ധതയോടെ പുതിയ പ്രവർത്തനത്തിന് നേതൃത്വം നൽകി. വിജയത്തിനായി പ്രയത്നിച്ച യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയ്സൺ കുഴികണ്ടത്തിനും ആനിമേറ്റർ സിസ്റ്ററിനും ഇടവകജനത്തിനും നന്ദി.

## വൈദികവർഷം - 09 KCYM ന്റെ പങ്കാളിത്തം

വൈദികവർഷത്തിൽ രൂപതയിലെ വൈദികരെ ആദരിക്കുവാനും, അവർക്ക് വേണ്ടി പ്രാർത്ഥിക്കാനും വിവിധ കൂട്ടായ്മകളിലൂടെ യുവജനങ്ങളും വൈദികരും കൂടുതൽ ആത്മബന്ധത്തിൽ വളരുവാനും സഹായിക്കുന്ന കർമ്മപദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചു. വൈദിക പരിശീലനം കഴിഞ്ഞ് പുരോഹിതരാകുന്ന വൈദികരെ ആദരിക്കുവാനും, അവർക്ക് ആവശ്യമായ ഉപഹാരങ്ങൾ നൽകി - വൈദിക ജീവിതത്തിൽ പ്രോത്സാഹിപ്പിക്കുവാനും രൂപതാ സിൻഡിക്കേറ്റിൽ തീരുമാനമായി.

## സഹചലനം - 09

ശാക്തീകരണ വർഷത്തിൽ യൂണിറ്റുകൾ കൂടുതൽ ശാക്തീകരിക്കപ്പെടുവാനും, രൂപതയും യൂണിറ്റുകളും കൂടുതൽ ഇടകലർന്ന് പ്രവർത്തിക്കുവാനും അതുവഴി യുവജനങ്ങളുടെ ക്രിയാത്മകത നേരിൽ മനസ്സിലാക്കുവാനുമായി രൂപതാ ടീം യൂണിറ്റുകൾ സന്ദർശിക്കുന്നു. പ്രത്യേകം നിർദ്ദേശിക്കുന്ന തീയതികളിൽ ഒരു മേഖലയിലെ എല്ലാ യൂണിറ്റുകൾ സന്ദർശിക്കുവാനും അതുവഴി യൂണിറ്റ് പ്രവർത്തനങ്ങൾക്ക് ഊർജ്ജസ്വലത വരുത്തുവാനും, ഈ സഹചലനം കാരണമാകുന്നു.

### സന്ദർശന ദിനങ്ങൾ

| | | | | |
|---|---|---|---|---|
| ഓഗസ്റ്റ് 2 | ഞായർ | - | നടവയൽ മേഖലയിലെ എല്ലാ യൂണിറ്റുകളും | |
| ഓഗസ്റ്റ് 9 | ” | - | തരിയോട് മേഖല | ” |
| ഓഗസ്റ്റ് 16 | ” | - | പയ്യംമ്പള്ളി മേഖല | ” |
| ഓഗസ്റ്റ് 23 | ” | - | കൽപ്പറ്റ മേഖല | ” |
| സെപ്റ്റംബർ 6 | ” | - | പുൽപ്പള്ളി മേഖല | ” |
| സെപ്റ്റംബർ 13 | ” | - | ബത്തേരി | ” |
| സെപ്റ്റംബർ 20 | ” | - | ഗൂഡല്ലൂർ | ” |
| സെപ്റ്റംബർ 27 | ” | - | കൊട്ടിയൂർ | ” |
| ഒക്ടോബർ 4 | ” | - | മാനന്തവാടി | ” |
| ഒക്ടോബർ 11 | ” | - | നിലമ്പൂർ | ” |
| ഒക്ടോബർ 18 | ” | - | മണിമൂളി | ” |
| ഒക്ടോബർ 25 | ” | - | കല്ലോടി | ” |

യൂണിറ്റ് സന്ദർശിക്കുന്ന വിവരം ഡയറക്ടറച്ചനെയും യൂണിറ്റ് ഭാരവാഹികളെയും എഴുത്തുമൂലം അറിയിക്കുന്നതായിരിക്കും. സന്ദർശനത്തിനു വരുമ്പോൾ റെക്കോർഡുകൾ, ഫയലുകൾ, etc... യൂണിറ്റിൽ ക്രമപ്പെടുത്തിയിരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## രൂപതാ സാഹിത്യ-കലാ മത്സരങ്ങൾ

യുവജനങ്ങളുടെ സാഹിത്യ കലാപ്രതിഭകളെ ഉണർത്താനായി മത്സരങ്ങളുടെ സമയമായി. യൂണിറ്റ്, മേഖലാതല മത്സരങ്ങൾ നേരത്തെ തന്നെ ക്രമീകരിച്ച് രൂപതാതല മത്സരത്തിനായി മുൻകൂട്ടി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## PEARL-2009 രചനാമത്സരങ്ങൾ, സെപ്റ്റംബർ 21

ഈ വർഷം രൂപത പേൾ രചനാ മത്സരങ്ങൾ സോണൽ കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടും. സെപ്റ്റംബർ 21-ന് തിങ്കളാഴ്ച 9.30 മുതൽ മത്സരം ആരംഭിക്കും. രൂപതയിൽ നിന്ന് വരുന്ന പ്രമോട്ടർമാരുടെയും മേഖലാ ഡയറക്ടറച്ചന്മാരുടെയും ഉത്തരവാദിത്വത്തിലായിരിക്കും മത്സരം നടക്കുക. രചനാമത്സരങ്ങൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ അതത് മേഖലാ സമിതികൾ ഒരുക്കുകയും എവിടെ വെച്ച് നടത്തുന്നുവെന്ന് യൂണിറ്റുകളെ അറിയിക്കുകയും ചെയ്യണം. സെപ്റ്റംബർ 13-ന് ലിസ്റ്റ് രൂപതാ ഓഫീസിൽ ലഭിക്കണം.

## PEARL-2009 കലാമത്സരങ്ങൾ, ഒക്ടോബർ 02

ഈ വർഷത്തെ പേൾ കലാമത്സരങ്ങൾ ഒക്ടോബർ 2-ന് വെള്ളിയാഴ്ച നടത്തപ്പെടും. മത്സരങ്ങൾ രാവിലെ 9.30-ന് ആരംഭിക്കും. രൂപതാ കലാമത്സരങ്ങൾക്ക് അർഹത നേടിയവരുടെ ലിസ്റ്റ് മേഖലകൾ സെപ്തംബർ 27-ന് അഞ്ചു മണിക്ക് മുമ്പായി രൂപതാ ഓഫീസിലെത്തിക്കണം. നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ലിസ്റ്റ് എത്തിക്കാത്ത മേഖലകളെ മത്സരത്തിൽ പങ്കെടുപ്പിക്കില്ല. കെ. സി. വൈ. എം. അംഗത്വമുള്ളവർ മാത്രമാണ് മേഖലകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് ഭാരവാഹികൾ ഉറപ്പു വരുത്തുക. 15 രൂപയാണ് ഒരാൾക്ക് രജി. ഫീസ്. ഓരോ ഇനത്തിനും പ്രത്യേകം പ്രത്യേകം രജി. ഫീസ് ഇല്ല. വ്യക്തിഗത ഇനങ്ങളിൽ ഒരാൾക്ക് പരമാവധി 3 കലാമത്സരങ്ങളിലും 3 സാഹിത്യമത്സരങ്ങളിലും പങ്കെടുക്കാം. സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും.

## മത്സരഇനങ്ങൾ

1) സംഗീതം – 5 മിനിട്ട് യുവതി/യുവാവ് (ക്രിസ്തീയ ഭക്തിഗാനം മാത്രം, ക്ലാസ്സിക്കൽ ഗാനം പാടില്ല)
2) പ്രസംഗം – 5 മിനിട്ട് (വിഷയം 5 മിനിട്ട് മുമ്പ് നൽകപ്പെടും)
3) മോണോ ആക്ട് – 5 മിനിട്ട് (ഒരു സംഭവമോ, കഥയോ അവതരിപ്പിച്ച് എല്ലാ കഥാപാത്രങ്ങളെയും രൂപത്തിലും ശബ്ദത്തിലും ഭാവത്തിലും അനുകരിക്കണം).
4) മിമിക്രി – 5 മിനിട്ട്
5) നാടോടി നൃത്തം – 7 മിനിട്ട് (യുവതി/യുവാവ്) കാസറ്റ് സംഗീതം അനുവദിക്കും, പിന്നണിക്ക് പ്രാധാന്യം നൽകുന്നതല്ല. നാടോടി പാട്ടുകളാണ് ഉപയോഗിക്കേണ്ടത്. സിനിമാഗാനം അനുവദനീയമല്ല.
6) ഡിബേറ്റ്– 10 മിനിട്ട് (ഒരു ടീമിൽ രണ്ടാളുകൾ, ഒരാൾ പ്രൊപ്പോസർ, മറ്റേയാൾ ഒപ്പോസർ, വിഷയം അര മണിക്കൂർ മുമ്പ് നൽകപ്പെടും).
7) ക്വിസ് – ഒരു ടീമിൽ രണ്ടുപേർ ചോദ്യങ്ങളുടെ അനുപാതം – വി. പൗലോസ് റോമാക്കാർക്ക് എഴുതിയ ലേഖനം 60%, കെ.സി.വൈ.എം. ചരിത്രം, ദർശനം, പ്രവർത്തനങ്ങൾ 30%, പൊതുവിജ്ഞാനം 10%
8) സംഘഗാനം – 7 മിനിട്ട് (7 പേരിൽ കൂടരുത്, സംഗീത ഉപകരണങ്ങൾ പാടില്ല).
9) കെ. സി. വൈ. എം. ആന്തം (7 പേരിൽ കൂടരുത്, കെ.സി.വൈ.എം. പതാകയേന്തണം, മാർച്ചിംഗ് ട്യൂൺ ആണ് ആലപിക്കേണ്ടത്)
10) മൈം – 10 മിനിട്ട് (7 പേരിൽ കൂടാൻ പാടില്ല, മ്യൂസിക് നൽകാവുന്നതാണ്)
11) തെരുവുനാടകം – 20 മിനിട്ട് (ഏതുതരത്തിലുള്ള വേഷവും ഉപയോഗിക്കാം. എന്നാൽ മുഖത്ത് യാതൊരുവിധത്തിലുള്ള ചായവും പാടില്ല. മനുഷ്യമഹത്വം, മതേതരത്വം, സന്നദ്ധസേവനം – യുവജനം വിശ്വാസ തീഷ്ണതയോടെ രാഷ്ട്രസേവനത്തിന് എന്നീ വിഷയങ്ങളിൽ ഊന്നിയ ആനുകാലിക പ്രസക്തമായ വിഷയമായിരിക്കണം. മൈക്ക് നൽകുന്നതല്ല.
12) കവിതാ രചന (1 മണിക്കൂർ)
13) മാർഗ്ഗംകളി – 7 മിനിട്ട് (യുവതികൾക്ക് മാത്രം)

14) കഥാരചന - 1 മണിക്കൂർ

15) ഉപന്യാസ രചന - 1 മണിക്കൂർ

16) നോട്ടീസ് രചന - 45 മിനിട്ട് 1 പേജ്

17) മുദ്രാവാക്യരചന - 30 മിനിട്ട് (ആവേശം ജനിപ്പിക്കത്തക്കരീതിയിൽ താളാത്മകമായി വേണം രചിക്കാൻ)

18) കാർട്ടൂൺ രചന - 2 മണിക്കൂർ (കളർ ഉപയോഗിക്കാൻ പാടില്ല, ചിത്രം, ആശയം, അവതരണം, എന്നിവയ്ക്കാണ് പ്രാധാന്യം)

19) കൊളാഷ് - 1 മണിക്കൂർ (ചായക്കൂട്ടും തൂലികയുമില്ലാതെ ഒരു വിഷയത്തെക്കുറിച്ച് കിട്ടാവുന്നത്ര ചിത്രങ്ങളും പത്രക്കുറിപ്പുകളും ശേഖരിച്ച് അവ സൂക്ഷ്മതയോടെ ഒട്ടിച്ച്ചേർത്ത് കൊളാഷ്ചിത്രങ്ങൾ നിർമ്മിക്കാം. അകലെ നിന്ന് ചിത്രം കാണുകയും അടുത്ത് നിന്ന് ചിത്രത്തിലെ കുറിപ്പുകൾ വായിക്കുകയും ചെയ്യുവാൻ സാധിക്കണം. കൊളാഷിന് പേര് നൽകാവുന്നതാണ്. കൊളാഷിന് ഭംഗിക്ക് കളർ ഉപയോഗിക്കാം. കൊളാഷിന്റെ മുകളിൽ കളർ ഉപയോഗിക്കാൻ പാടില്ല.)

20) പോസ്റ്റർ രചന - 2 മണിക്കൂർ. (പോസ്റ്റർ കളർ Transpirant, വാട്ടർകളർ എന്നിവ ഉപയോഗിക്കാം. ക്രയോൺസ് ഉപയോഗിക്കാൻ പാടില്ല. ആശയമെഴുതാൻ സ്കെച്ച്പെൻ ഉപയോഗിക്കാവുന്നതാണ്. ചിത്രം വരച്ച് ആശയം ഉൾക്കൊള്ളിക്കുന്ന രീതിയിലായിരിക്കണം പോസ്റ്റർ രചിക്കേണ്ടത്).

രചനാമത്സരങ്ങൾക്ക് തത്സമയം വിഷയം നൽകപ്പെടും. എല്ലാ മത്സരങ്ങളിലും ധാർമ്മീക മൂല്യങ്ങൾ ഉദ്ഘോഷിക്കുന്നവയാണ് അവതരിപ്പിക്കേണ്ടത്. മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാവർക്കും അംഗത്വ കാർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

**സംസ്ഥാനതല കലാമത്സരം**

സംസ്ഥാനതല കലാമത്സരം അതത് രൂപതാകേന്ദ്രത്തിൽ വെച്ചായിരിക്കും നടക്കുക. രൂപതാ പേൾ മത്സരത്തിൽ 'എ' ഗ്രേഡോടുകൂടി വിജയികളാകുന്നവർക്ക് മാത്രമെ സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടാവുകയുള്ളു. സംസ്ഥാനതല കലാമത്സരത്തിൽ പങ്കെടുക്കുന്നവരുടെ One way ടിക്കറ്റ് ചാർജ് രൂപതാസമതി വഹിക്കുന്നതാണ്.

## സംസ്ഥാന ക്യാമ്പ് - സെപ്റ്റംബർ 11, 12, 13 തീയതികളിൽ

സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ രൂപതാതല ക്യാമ്പ് സെപ്റ്റംബർ 11, 12, 13 തീയതികളിൽ നടക്കുന്നതായിരിക്കും. ഒരു യൂണിറ്റിൽ നിന്ന് 2 പേർ എന്ന ക്രമത്തിൽ രൂപതയിലെ എല്ലാ യൂണിറ്റുകളിലും നിന്നുള്ള യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്യാമ്പാണിത്. യൂണിറ്റ് മേഖലാ ഡയറക്ടർമാർ മുൻകൂട്ടി വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. സ്ഥലവും വിശദവിവരങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

## ANIMA - 09

രൂപതയിലെ യൂണിറ്റ് ആനിമേറ്റർമാരുടെ സംഗമം 21-ന് ദ്വാരകയിൽ വച്ച് നടന്നു. 67 പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം മാനന്തവാടി എഫ്.സി.സി. പ്രൊവിൻഷ്യൽ സി. അനിത തോമസ് ഉൽഘാടനം ചെയ്തു. അനീഷ് ഓമക്കര അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ രൂപതാ ആനിമേറ്റർ സി. ജെസ്ലീമ S.D. ആമുഖപ്രഭാഷണവും, ഡയറക്ടർ റവ. ഫാ. സണ്ണി കൊല്ലാർതോട്ടം അനുഗ്രഹപ്രഭാഷണവും നടത്തി. ക്ലാസുകൾക്ക് ശ്രീ. സജി മുണ്ടോക്കുഴി, റവ. ഫാ. സണ്ണി കൊല്ലാർതോട്ടം എന്നിവർ നേതൃത്വം നൽകി. തുടർന്ന് നടന്ന ചർച്ചകളിൽ ആനിമേറ്റർമാർ നേരിടുന്ന വെല്ലുവിളികളും, സ്വായത്തമാക്കേണ്ട നൂതന ചിന്താധാരകളും ചർച്ചാവിഷയമായി. സമ്മേളനത്തിന് ലിജി കളരിക്കൽ, സി. മരിയ ഐസക് എന്നിവർ നന്ദി രേഖപ്പെടുത്തി.

### ആദരാഞ്ജലികൾ

പ്രകൃതി ദുരന്തങ്ങളുടെ ഇരകളായി വയനാടിനെ ദു:ഖദുരിതത്തിലാഴ്ത്തിയ ചിത്രഗിരിയിലെ പത്രോസ് മച്ചിക്കുഴിയിൽ, റിപ്പൺ കാന്തൻപാറയിലെ ഏലിക്കുട്ടി വട്ടപറമ്പിൽ, ചുള്ളിയാനയിലെ ഷിനോജ് കൊച്ചുനിരവത്ത്, നടവയലിലെ സനോജ് വടക്കേലിൽ എന്നിവരുടെ ജീവിതങ്ങൾക്ക് മുമ്പിൽ കെ.സി.വൈ.എം. മാനന്തവാടി രൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

### അഭിനന്ദനങ്ങൾ

പ്രകൃതിദുരന്തങ്ങളുടെ നടുവിൽ ധീരതയോടെ ജീവൻ പോലും അപകടത്തിലാക്കി നീലിമലയിലും, കാന്തൻപാറയിലും സേവനത്തിന്റെ ദൂതുമായി കടന്നുവന്ന കെ.സി.വൈ.എം. ചിത്രഗിരി യൂണിറ്റ് അംഗങ്ങൾ, ബത്തേരി മേഖലാ അംഗങ്ങൾ, രൂപതാ ഭാരവാഹികൾ, ഫാ. മനോജ്

അമ്പലത്തിങ്കൽ, ബഹു. എസ്.കെ.ഡി. സിസ്റ്റേഴ്സ്, ഇടവകാ ജനങ്ങൾ എന്നിവർക്ക് രൂപതാ കെ.സി.വൈ.എം. കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## യൂണിറ്റ് വാർത്തകൾ - പ്രശാന്തഗിരി യൂണിറ്റ്

11-6-2009 ന് യുവജനങ്ങളുടെ നേതൃത്വത്തിൽ ജാഗരണ പ്രാർത്ഥന നടത്തി, 5-6-09 ന് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പള്ളിപറമ്പിൽ പുല്ല് വച്ച് പിടിപ്പിച്ചു, 14-6-09 ന് ഇടവകയിൽ നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു, 27-6-09 ന് യൂണിറ്റംഗങ്ങൾ പള്ളിപറമ്പിൽ നട്ട ഇഞ്ചിയുടെ കള പറിച്ചു, 28-6-09 ന് വി. പൗലോശ്ലീഹായുടെ വർഷാവസാനം സമുചിതമായി ആഘോഷിച്ചു. സെന്റ് പോൾ എന്ന ഫിലിം ഇടവക ജനങ്ങൾക്കുവേണ്ടി പ്രദർശിപ്പിച്ചു.

സ്നേഹത്തോടെ,

**സജിൻ ജോസ് ചാലിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 26 മുതൽ 29 വരെ നടന്ന MPC കോഴ്സിൽ 84 യുവതീ യുവാക്കൾ സംബന്ധിച്ചു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദീകരെയും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | | |
|---|---|---|---|
| ആഗസ്റ്റ് | 14-17 | - | പാസ്റ്ററൽ സെന്റർ, ദ്വാരക |
| ആഗസ്റ്റ് | 20-24 | - | മണിമൂളി പാസ്റ്ററൽ സെന്റർ |
| സെപ്റ്റംബർ | 05-09 | - | പാസ്റ്ററൽ സെന്റർ, ദ്വാരക |
| സെപ്റ്റംബർ | 27-30 | - | പാസ്റ്ററൽ സെന്റർ, ദ്വാരക |

### പ്രത്യേക ശ്രദ്ധയ്ക്ക്

ആഗസ്റ്റ് 20-24 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽവച്ച് വിവാഹത്തിനൊരുക്കമായുള്ള കോഴ്സ് നടത്തപ്പെടുന്നു. ഈ കോഴ്സിലേക്ക് മണിമൂളി നിലമ്പൂർ ഫൊറോനകളിലെയും ഗൂഡല്ലൂർ റീജനിലെയും യുവതീയുവാക്കളെ പറഞ്ഞയക്കുവാൻ ബഹുമാനപ്പെട്ട വൈദീകർ ശ്രദ്ധിക്കുമല്ലോ.

MPC യുടെ സാധുതയ്ക്ക് പ്രത്യേകപരിധിയില്ലെന്നും, അതുകൊണ്ട് വിവാഹിതരാകാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കൾ വിവാഹാലോചനകൾ ആരംഭിക്കുന്നതിന് മുൻപുതന്നെ MPC കൂടിയിരിക്കുന്നത് കൂടുതൽ ഉപകാരപ്രദമാണെന്നും ഇടവകയിൽ ഓർമ്മിപ്പിക്കണേ.

## കത്തോലിക്കാ മാതൃസംഘടന

### രൂപതാ എക്സിക്യൂട്ടീവ്

2009 ജൂൺ 30-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിലച്ചന്റെ അദ്ധ്യക്ഷതയിൽ രൂപതാ

എക്സിക്യൂട്ടീവ് ചേർന്നു. ഭാവിപ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ ശാഖാമീറ്റിംഗുകളിൽ *"മക്കളുടെ സ്വഭാവരൂപീകരണം മാതാക്കളിലൂടെ"* എന്ന വിഷയം ആസ്പദമാക്കി ക്ലാസ് നൽകുവാൻ തീരുമാനിച്ചു. പ്രസ്തുത മീറ്റിംഗിൽ മുൻ ആനിമേറ്റർ സി. സബീന SABS ന് 10 വർഷം നീണ്ടുനിന്ന സ്തുത്യർഹമായ സേവനത്തിന് ബഹു. ഡയറക്ടറച്ചനും സംഘടനാഭാരവാഹികളും കൃതജ്ഞതയർപ്പിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

## CMA ശാഖാസെമിനാർ

2009 ജൂൺ 28 ന് ജൂഡ്സ് മൗണ്ട് ഇടവകയിൽ അമ്മമാർക്കായി നടത്തിയ സെമിനാറിൽ 73 പേർ പങ്കെടുത്തു. ഡോ. സി. ഡെയ്സി ജോസഫ് എഫ്.സി.സി. ക്ലാസുകൾ നയിച്ചു. സെമിനാർ ക്രമീകരിച്ച ബഹു. വടക്കേമുളഞ്ഞനാലച്ചനും ആനിമേറ്റർ സി. സിൻക്ലെയറിനും അഭിനന്ദനമറിയിക്കുന്നു.

## ഏലപ്പീടിക ശാഖ

ഏലപ്പീടിക ഇടവകയിൽ റവ.ഫാ. ചാക്കോ വാഴക്കാലായുടെ നേതൃത്വത്തിൽ ആരാധനാമണിക്കൂറോടെ മാതൃസംഘടന പുനരാരംഭിച്ചു. പുത്തൻ ഉണർവ്വോടെ പുതുപ്രതീക്ഷയോടെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി ക്രമീകരണം നടത്തുകയും ചെയ്തു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ.

| | | |
|---|---|---|
| ഡയറക്ടർ | – | റവ.ഫാ. ചാക്കോ വാഴക്കാല |
| ആനിമേറ്റർ | – | സി. ജോസ്ന SKD |
| പ്രസിഡന്റ് | – | ലിസമ്മ മഠത്തിപറമ്പിൽ |
| വൈ. പ്രസിഡന്റ് | – | ഏലിയാമ്മ വെട്ടിയോലിൽ |
| സെക്രട്ടറി | – | മിനി മംഗലത്തിൽ |
| ജോ.സെക്രട്ടറി | – | ജൂലി കുറ്റിക്കാട്ടുകുന്നേൽ |
| ട്രഷറർ | – | ഷൈനി കേടച്ചേരിപടവിൽ |

## മരിയൻ സിംഗിൾസ്

25-06-2009 ന് ഏകസ്ഥരുടെ മീറ്റിംഗ് നടത്തി. 15-ഓളം ഏകസ്ഥർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ആഗസ്റ്റ്മാസം നടത്തപ്പെടുന്നതാണ്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

ആത്മീയ സ്വാതന്ത്ര്യത്തിന്റെ അനുസ്മരണവും, ആഘോഷവുമായ സ്വർഗ്ഗാരോപണതിരുനാളിന്റെയും, ഭൗതിക സ്വാതന്ത്ര്യത്തിന്റെ സ്മരണ പുതുക്കുന്ന ഓഗസ്റ്റ് പതിനഞ്ചിന്റെയും പ്രാർത്ഥനാപൂർവ്വകമായ ആശംസകൾ അനുവാചകർക്കെല്ലാം സ്നേഹത്തോടെ നേരുന്നു.

**ജൂലൈ 3, ആദ്യവെള്ളി**

ജാഗരണപ്രാർത്ഥന, ബഹു. പ്രിൻസ് തുമ്പിയാംകുഴി അച്ചന്റെയും, ശ്രീ. ജോണി കുന്നുംപുറം & മ്യൂസിക് ടീമിന്റെയും നേതൃത്വത്തിൽ മനോഹരവും, ഭക്തിസാന്ദ്രവും ആക്കിയ നല്ല തമ്പുരാന് നന്ദി.

**ജൂലൈ 4, ആദ്യശനി**

ഏകദിന കൺവെൻഷന് - പതിവുപോലെ ശുശ്രൂഷകർ 6 a. m തുടങ്ങി പ്രാർത്ഥിച്ചൊരുങ്ങി. 8. 30 a. m ന് ബഹു. തുമ്പിയാംകുഴി അച്ചന്റെയും, സിയോൻ ടീമിന്റെയും നേതൃത്വത്തിൽ ദിവ്യകാരുണ്യസന്നിധിയിൽ ജപമാല അർപ്പണവും, സ്തുതി ആരാധനയും നടക്കുകയുണ്ടായി. സിയോന്റെ തന്നെ വചനപ്രഘോഷകരായ ശ്രീ. ചാക്കോച്ചൻ പുത്തൻപുര, മുള്ളൻകൊല്ലി, ശ്രീ. ബേബി മൂത്തേടം, ചിത്രഗിരി എന്നിവർ വചനപ്രഘോഷണം നടത്തി. വി. തോമാശ്ലീഹായുടെ ജീവിത ശൈലി ആസ്പദമാക്കി വചനം പങ്കുവെച്ചു. വി. തോമാശ്ലീഹാ - അവിശ്വാസി ആയിരുന്നില്ല. ഈശോയോടുള്ള ആഴമായ സ്നേഹത്തിന്റെയും, വിശ്വാസത്തിന്റെയും പ്രഖ്യാപനം ആയിരുന്നു നടത്തിയത്. "നമുക്കും അവനോടുകൂടി പോയി മരിക്കാം" (യോഹ 11 : 16) - "എന്റെ കർത്താവെ, എന്റെ ദൈവമെ" (യോഹ. 20: 28). ഈ തിരുവചനങ്ങൾ അതിന് സാക്ഷ്യമാണ്. വിശുദ്ധന്റെ ആഴമായ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പ്രതിഫലനം! വി. ബലി അർപ്പിച്ചത് മോൺ. ജോർജ്ജ്

മൂലയിൽ - ജനറാളച്ചനാണ്. "പൗരോഹിത്യവർഷം" ഉദ്ഘാടനം ചെയ്തുകൊണ്ടുള്ള അദ്ദേഹത്തിന്റെ വചനസന്ദേശം ഹൃദയസ്പർശി യായിരുന്നു. ഒരു പുരോഹിതൻ ആരാണെന്നും പൗരോഹിത്യവിളിയും, പുരോഹിതന്റെ ദൗത്യവും ഉത്തരവാദിത്വങ്ങളും, പുരോഹിതരോട് ദൈവ ജനത്തിന് ഉണ്ടായിരിക്കേണ്ട മനോഭാവങ്ങളും കാഴ്ചപ്പാടുകളും എന്താ യിരിക്കണമെന്നും പ്രബോധനാധികാരത്തോടും തന്മയത്വത്തോടും കൂടി ജനങ്ങളെ ഉത്ബോധിപ്പിച്ചു. ബലിയാകാനും, ബലിയേകാനും വിളിക്ക പ്പെട്ടിരിക്കുന്ന വൈദികരോട് ചേർന്നു നിൽക്കുക; ഓരോ ക്രൈസ്തവ ന്റെയും ധർമ്മമാണ് - അദ്ദേഹം അനുസ്മരിപ്പിച്ചു. തുടർന്നുള്ള ദിവ്യ കാരുണ്യ ആരാധനയും, ദിവ്യകാരുണ്യപ്രദക്ഷിണവും ബഹു. സെബാ സ്റ്റ്യൻ പാറയിലച്ചനും, ടീമും ചേർന്നു നയിച്ചു. ജനമദ്ധ്യത്തിലൂടെ ദിവ്യ കാരുണ്യനാഥൻ അനുഗ്രഹ പൂമാരി ചൊരിഞ്ഞുകൊണ്ട് നടന്നു നീങ്ങി യപ്പോൾ "ദൈവത്തിൽ ആശ്രയിക്കുന്നവർ കഴുകനെപ്പോലെ ചിറകടി ച്ചുയരും" എന്ന തിരുവചനം ഹൃദയങ്ങളിലേക്ക് തുളച്ചുകയറി.

**ജൂലൈ 11** ന് യുവജന ഏകദിന ധ്യാനവും, ദമ്പതി കൂട്ടായ്മയുടെ ഏകദിന ധ്യാനവും, പൊതുകൗൺസിലിംഗും നടത്തി.

**ജൂലൈ 17** ന്, ശാരീരിക സൗഖ്യം പ്രതീക്ഷിച്ച് സിയോനിൽ എത്തിയ ദൈവമക്കൾക്ക്, വി. ബലി, കുമ്പസാരം, കൗൺസിലിംഗ്, സൗഖ്യശു ശ്രൂഷ എന്നിവയിലൂടെ സൗഖ്യദായകനായ യേശുനാഥൻ, ശാരീരിക സൗഖ്യം മാത്രമല്ല, ആത്മീയവും മാനസികവുമായ സൗഖ്യവും നൽകി പറഞ്ഞയച്ചു.

## അറിയിപ്പുകൾ

1) ഓഗസ്റ്റ് - സെപ്റ്റംബർ മാസങ്ങളിൽ, ചുങ്കക്കുന്ന്, അരിഞ്ചേർമല, വൈത്തിരി എന്നീ ഇടവകകളിൽ ഇവാഞ്ചലൈസേഷൻ പ്രോഗ്രാം നട ത്തുവാൻ പ്ലാൻ ഇട്ടു.

2) സെപ്റ്റംബർ 20 - 25 ഫാ. പോൾ അടമ്പുകുളം & ടീം നയിക്കുന്ന ആത്മവിശുദ്ധീകരണ ധ്യാനം, ശാന്തിധാര - ധ്യാനകേന്ദ്രം - വാളവയ ലിൽ വെച്ച് നടക്കുന്നു., Phone : 04936 - 210022, 214684

3) ഓഗസ്റ്റ് 29 - സെപ്റ്റംബർ 2 - കോളേജ് കുട്ടികൾക്കുള്ള ധ്യാനം - സിയോൻ ധ്യാനകേന്ദ്രത്തിൽ.

4) ഓഗസ്റ്റ് 16 – 21, ഓഗസ്റ്റ് 30 – സെപ്റ്റം 4 – ദിവ്യകാരുണ്യ ആത്മാഭിഷേക ധ്യാനം

മക്കിയാട് ധ്യാനകേന്ദ്രം – നയിക്കുന്നത് : ഫാ. ജോയി ചെമ്പകശ്ശേരി & ടീം. , Phone : 04935 – 235226, 235426, 236244

5) ഓഗസ്റ്റ് 2 – പ്രൊ–ലൈഫ് പ്രോഗ്രാം, തെനേരി ഇടവകയിൽ Exhibition & ക്ലാസുകൾ.

**Zion Prolife - Movement** – ഇടവകകളിൽ ശക്തമാക്കുന്നതിനെക്കുറിച്ച് നമ്മുടെ അഭിവന്ദ്യപിതാവ് മാർ ജോസ് പൊരുന്നേടം ജൂലൈ മാസത്തിലെ ഇടയലേഖനത്തിൽ സൂചിപ്പിച്ചിരുന്നല്ലോ! Exhibition നും ക്ലാസുകളും കൊടുക്കുവാൻ സിയോൻ പ്രൊലൈഫ് ടീം തയ്യാറാണ്.

– LCD Projector ഉം Poster കളുടെയും സഹായത്തോടെ ക്ലാസ്സുകൾ സംവിധാനം ചെയ്തിരിക്കുന്നു.

*ബന്ധപ്പെടുക:-*

Adv. K. A. Jose
Kalpetta, Ph: 9446647614

Mr. Salu Abraham Mechery
Kalpetta, Ph: 9961297696

സിയോൻ മ്യൂസിക് ടീം ലേക്ക് പുതുതായി വന്ന സി. ലിന്റാ FCC, സി. അനില SKD, സി. ലിസ്മരിയ SKD, സി. റ്റീന SH എന്നിവർക്ക് ഹൃദ്യമായ സ്വാഗതം. പരമകാരുണ്യവാനായ ദൈവം നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം അതിന്റെ പൂർണ്ണതയിൽ ചെയ്യുവാനുള്ള എല്ലാ ദൈവകൃപകളും തന്ന് അനുഗ്രഹിക്കുമാറാകട്ടെ. ഇവരെ സിയോൻ ശുശ്രൂഷയ്ക്കായി വിട്ടയച്ച സഭാസമൂഹങ്ങൾക്ക് ഹൃദ്യമായ നന്ദി അറിയിക്കുന്നു.

ഈ അവസരത്തിൽ വർഷങ്ങളായിട്ട് സിയോന്റെ മ്യൂസിക് ടീമിൽ വളരെ ആത്മാർത്ഥതയോടും സ്നേഹത്തോടും മുഖ്യമായ ശുശ്രൂഷ ചെയ്യുന്ന ശ്രീ. സനൽ വലിയവീട്ടിൽ, ഇരുളം; ശ്രീ. ജോസ് കുഴിവേലിൽ, ചേര്യംകൊല്ലി – ഇവരെ ഹൃദ്യമായി അനുമോദിക്കുകയും തുടർന്നുള്ള സിയോൻ ശുശ്രൂഷകളിൽ ധാരാളം ദൈവാനുഗ്രഹങ്ങൾ ആശംസിക്കുകയും ചെയ്യുന്നു.

സിയോൻ ശുശ്രൂഷകൾ - ശാലോം ടി. വി വഴി ലോകം മുഴുവനിലേയ്ക്കും വ്യാപിപ്പിക്കുന്ന വിവരം ദൈവമക്കളെ അറിയിക്കുക സന്തോഷമാണ്. എല്ലാ ഞായറാഴ്ചയും രാവിലെ 6 am ന് ബഹു. പാറയിലച്ചന്റെ "വചനം തിരുവചനം" പ്രോഗ്രാമും, മദ്ധ്യസ്ഥ പ്രാർത്ഥനാ ടീമിന്റെ ശുശ്രൂഷകളും ശാലോം സംപ്രേഷണം ചെയ്യുന്നു.

**സിയോൻ ഓഗസ്റ്റ് മാസത്തിൽ**

| | |
|---|---|
| ജൂലൈ 31 | - ജാഗരണപ്രാർത്ഥന |
| ഓഗസ്റ്റ് 1 | - ആദ്യശനി ഏകദിന കൺവെൻഷൻ |
| ഓഗസ്റ്റ് 8 | - രണ്ടാംശനി - യുവജന ഏകദിന ധ്യാനം<br>ദമ്പതികൂട്ടായ്മ - ഏകദിന ധ്യാനം<br>കൗൺസിലിംഗ് ദിനം |
| ഓഗസ്റ്റ് 21 മൂന്നാംവെള്ളി | - സൗഖ്യദിനം |
| ഓഗസ്റ്റ് 28 | - ജാഗരണപ്രാർത്ഥന - സുവിശേഷമുന്നണി |
| ഓഗസ്റ്റ് 29 - സെപ്റ്റം 2 | - കോളേജ് കുട്ടികൾക്ക് ധ്യാനം |

**റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

കാലവർഷത്തിന്റെ ദുഃഖദുരിതങ്ങൽ ഏറ്റുവാങ്ങി കേരളജനത വിറങ്ങലിച്ച് നിൽക്കുമ്പോൾ, നമ്മിൽ പലരും അക്കൂട്ടത്തിൽ പെടുന്ന വരാണെങ്കിൽത്തന്നെയും, വിൻസെൻഷ്യൻ ചൈതന്യവും ഊർജ്ജവും, കഷ്ടപ്പെടുന്ന മറ്റുള്ളവരിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ നമ്മെ പ്രേരിപ്പിക്ക ട്ടെ. സമാഗതമാകുന്ന സ്വർഗ്ഗാരോപണത്തിരുനാളിന്റെയും, സ്വാതന്ത്ര്യ ദിനത്തിന്റെയും മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. നാഷണൽ കൗൺസിലിന്റെ ആനുവൽ ജനറൽ ഗാതറിങ്ങിൽ (AGM) പങ്കെടുക്കു വാൻ ഞാൻ ചെന്നൈയിലേക്കു പുറപ്പെട്ടിരിക്കുകയാണ്.

റീജനൽതല മത്സരത്തിനു ഒരുക്കമായി എ. സി. തലത്തിൽ നട ക്കുന്ന മത്സര വിജയികളുടെ ലിസ്റ്റ് ആഗസ്റ്റ് 26 ന് മുമ്പ് സി. സി. യിൽ എത്തിച്ചുതരാൻ ശ്രദ്ധിക്കുമല്ലോ. സി. സി. തലത്തിൽ മത്സരങ്ങൾ ആഗസ്റ്റ് 31 നു മുമ്പായി (29 – 8 – 09 നായിരിക്കാൻ സാധ്യത) നടത്തു ന്നതായിരിക്കും.

**ഓസ്സാനാംഭവൻ സന്ദർശനം**

സെപ്റ്റംബർ ആദ്യപകുതി : കൊട്ടിയൂർ എ. സി.

സെപ്റ്റംബർ രണ്ടാംപകുതി : കുറുമ്പാല എ. സി

ലിറ്റിൽ ഫ്ളവർ കോൺഫ്രൻസ് മുതിരേരിയുടെ ആഭിമുഖ്യ ത്തിൽ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിലെ ഒരു പാവപ്പെട്ട കുടുംബത്തിന് ഒരു ലക്ഷം രൂപ ചെലവിൽ ഭവന നിർമ്മാണം നടത്തി. വാ. ഫ്രെഡറിക് ഓസ്സാനാമിന്റെ പ്രത്യേക മാദ്ധ്യസ്ഥത്താൽ പണിക്കുവേണ്ട തുക മുഴുവനും ഇടവകയിലെ ഒരു കുടുംബം സംഭാ വനയായി നൽകി.

സ്നേഹപൂർവ്വം,

**ബ്ര. കെ. ജി. ജസ്റ്റിൻ**
പ്രസിഡണ്ട്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## ലഹരിവിമുക്ത ചികിത്സാ ക്യാമ്പ്

ഓഗസ്റ്റ് 19 മുതൽ 29 വരെ ബോയ്സ് ടൗണിൽ വെച്ച് ദശദിന ലഹരിവിമുക്ത ക്യാമ്പ് നടത്തുന്നു. ദമ്പതികളായിട്ടാണ് പങ്കെടുക്കേണ്ടത്. ഒരാൾക്ക് ഏകദേശം 2500 രൂപയാണ് ചെലവ് എന്നാൽ ചില സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടത്തുന്നതിനാൽ ഒരാൾക്ക് 750 രൂപ വീതം (ദമ്പതികൾക്ക് 1500) നൽകിയാൽ മതി. ആകെ 25 ദമ്പതികൾക്കാണ് പ്രവേശനം. ദയവായി പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുടെ പേര് വിവരം ഓഗസ്റ്റ് 8 ന് മുമ്പായി ഡയറക്ടറെ അറിയിക്കേണ്ടതാണ്.

## സെമിനാറുകൾ

### പനമരം

പനമരം പ്രൈമറി ഹെൽത്ത് സെന്ററിന്റെ നേതൃത്വത്തിൽ പനമരം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടന്ന പുകയില വിരുദ്ധദിനാചരണത്തോടനുബന്ധിച്ച് മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു. പനമരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സെമിനാർ ഉദ്ഘാടനം ചെയ്തു. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ പങ്കെടുത്തു.

### കല്പ്പറ്റ

കേന്ദ്രയുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കൽപ്പറ്റ മുൻസിപ്പൽ ടൗൺ ഹാളിൽ വെച്ച് അന്തർദേശീയ ലഹരി വിരുദ്ധദിനം ആചരിച്ചു. മദ്യവിരുദ്ധസമിതി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മുൻസിപ്പൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ദിനാചരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

### കേണിച്ചിറ

കേണിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ നടത്തിയ

വിദ്യാർത്ഥികൾക്കായുള്ള ധ്യാനത്തിൽ കുട്ടികളും ലഹരി വസ്തുക്കളും എന്ന വിഷയം കൂടി ധ്യാനവിഷയമാക്കി. മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസിന് നേതൃത്വം നൽകി. ധ്യാനത്തിന് "ലഹരിവസ്തുക്കളുടെ ഉപയോഗം" എന്ന വിഷയം കൂടി ഉൾപ്പെടുത്താൻ നല്ല മനസ്സ് കാണിച്ച ഇടവക വികാരി ബഹു. തോമസ് തൈക്കുന്നുംപുറത്തിലച്ചനും സി. എം. സി സിസ്റ്റേഴ്സിനും പ്രത്യേകം നന്ദി.

**മോചന 2009**

**കുറുമ്പാലക്കോട്ട**

WSSS ന്റെ നേതൃത്വത്തിൽ ജൂലൈ 11 – ാം തീയതി കുറുമ്പാല ക്കോട്ട കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ലഹരിവിരുദ്ധ സെമിനാർ മോചന 2009 നടത്തപ്പെട്ടു. ഗ്രാമപഞ്ചായത്ത് മെമ്പർ മോചന 2009 ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴു ത്തുങ്കൽ സെമിനാർ നയിച്ചു. രൂപതാ സെക്രട്ടറി രാജു വലിയാറ, WSSS പഞ്ചായത്ത് കോ – ഓഡിനേറ്റർ എന്നിവർ നേതൃത്വം നൽകി.

**സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ മുള്ളൻകൊല്ലി**

സ്കൂൾ എൻ. എസ്. എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂലൈ 13 –ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം സ്കൂൾ ഓഡി റ്റോറിയത്തിൽ വെച്ച് മോചന 2009 ലഹരിവിരുദ്ധ സെമിനാർ സംഘടി പ്പിച്ചു. അസിസ്റ്റന്റ് മാനേജർ ബഹു. ജിജോ അച്ചൻ സെമിനാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രിൻസിപ്പാൾ ആശംസയർപ്പിച്ചു. N.S.S. പ്രോഗ്രാം ഓഫീസർ രഞ്ജിത്ത് സാർ പരിപാടികൾക്ക് നേതൃത്വം നൽകി. മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴു ത്തുങ്കൽ മോചനയ്ക്ക് നേതൃത്വം നൽകി.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

## സംഘടനാ പ്രവർത്തനങ്ങൾ

### കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ്

ജൂൺ 26, 27 തീയതികളിൽ WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി മേഖലയിലുള്ള SWS ഭരണസമിതി അംഗങ്ങൾക്ക് ദ്വിദിന പരിശീലനം നൽകി. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. WSSS പ്രോജക്ട് ഓഫീസർ ഒ.പി. അബ്രാഹം, അഡ്വ. വേണുഗോപാൽ, ശ്രേയസ് പ്രോജക്ട് ഓഫീസർ ഇസ്ഡ് ഫ്രാൻസീസ്, എടവക കൃഷി ഓഫീസർ സി. മമ്മുട്ടി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

### SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ യോഗം

ജൂലൈ 1 -ാം തീയതി SWS എക്സിക്യൂട്ടീവ് സെക്രട്ടറിമാരുടെ മീറ്റിംഗ് WSSS ഓഫീസ് ഓഡിറ്റോറിയത്തിൽ വച്ച് ചേർന്നു. WSSS ഡയറക്ടർ റവ. ഫാ. ജോൺചൂരപ്പുഴയിൽ SWS പ്രവർത്തനങ്ങളെ വിലയിരുത്തി. കറവപ്പശുവിനെ വാങ്ങുവാൻ വായ്പ നൽകിയ, വളരെ മോശമായ തൊഴുത്തുള്ള അംഗങ്ങൾക്ക് തൊഴുത്ത് നിർമ്മിക്കുന്നതിന് 4000 രൂപ വീതം ധനസഹായം നൽകുവാൻ തീരുമാനിച്ചു. SWS മീറ്റിംഗുകളിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചു.

### മഴക്കാല രോഗങ്ങളും പരിഹാരമാർഗ്ഗങ്ങളും സെമിനാർ നടത്തി

പുതിയിടം, മുതിരേരി, മംഗലശ്ശേരി, പഴൂർ, വെള്ളൂന്നി, മരക്കടവ്, പുതുശ്ശേരി, ഇടയൂർക്കുന്ന്, പടമല, മഞ്ഞൂറ, വെള്ളമുണ്ട എന്നീ SWS യൂണിറ്റുകളിൽ മഴക്കാല രോഗങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന

വിഷയത്തിൽ സെമിനാർ നടത്തി. സി. ഇന്നസെന്റ് MSMI സെമിനാറുകൾക്ക് നേതൃത്വം നൽകി.

### ആദിവാസി വികസന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ആദിവാസി മേഖലയിൽ നടത്തി വരുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കോളനികളിൽ മരുന്ന് നിർമ്മാണം നടത്തി. പരിസരങ്ങളിൽ നിന്നും ശേഖരിക്കുന്ന പച്ചമരുന്നുകൾ ഉപയോഗിച്ച് മുറിവെണ്ണ, ഉരഗുളിക, പെയിൻബാം തുടങ്ങിയ ഔഷധങ്ങൾ നിർമ്മിക്കുവാൻ കോളനിക്കാരെ പഠിപ്പിക്കുകയും, നിർമ്മിച്ച ഔഷധങ്ങൾ കോളനി നിവാസികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. കരുവണശ്ശേരി, തിണ്ടുമ്മേൽ, മീൻകൊല്ലി എന്നീ കോളനികളിലാണ് ഔഷധ നിർമ്മാണം പൂർത്തിയാക്കിയത്. പരിശീലന ക്ലാസ്സുകൾക്ക് സി. ഇന്നസെന്റ് MSMI, അനുജോൺ എന്നിവർ നേതൃത്വം നൽകി.

### ലീഗൽ എയ്ഡ് സെന്റർ

ജൂൺ 20 -ാം തീയതി വെള്ളമുണ്ട സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നിയമ ബോധവത്ക്കരണ സെമിനാർ നടത്തി. സ്ത്രീ പുരുഷ സമത്വം, സ്ത്രീക്ക് സമൂഹത്തിലുള്ള സ്ഥാനം എന്നീ വിഷയത്തെ ആസ്പദമാക്കി ക്ലാസ് നൽകി.

ചുള്ളിയാന സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ, അംഗങ്ങൾക്കും യുവജനങ്ങൾക്കും വേണ്ടി ജൂൺ 13 -ാം തീയതി പൗരാവകാശ നിയമത്തെക്കുറിച്ച് ബോധവത്ക്കരണ സെമിനാർ നടത്തി.

കൂവക്കൊല്ലി, ബേഗൂർ ആദിവാസി കോളനികളിൽ കോളനി നിവാസികൾക്കായി ആദിവാസി സംരക്ഷണ നിയമങ്ങളെക്കുറിച്ച് ക്ലാസ്സ് നൽകി. അഡ്വ. എൽബി മാത്യു ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### കേരള ലേബർ മൂവ്മെന്റ്

കെ. സി. ബി. സി. ലേബർ കമ്മീഷന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കുന്ന കേരള ലേബർ മൂവ്മെന്റി (KLM) ന്റെ പ്രവർത്തനം നമ്മുടെ രൂപതയിലും പ്രവർത്തനമാരംഭിച്ചിരിക്കുകയാണ്. അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിൽ സുരക്ഷയ്ക്കും പ്രാധാന്യം നൽകി പ്രവർത്തിക്കുന്ന സാമൂഹ്യ സന്നദ്ധ സംഘടനയാണ് കെ. എൽ. എം. 1972 ൽ ലേബർ

കമ്മീഷൻ നിലവിൽ വന്നെങ്കിലും 1994 മുതൽക്കാണ് കെ. എൽ. എം പ്രവർത്തനമാരംഭിച്ചത്.

നിർമ്മാണ തൊഴിലാളികൾ, കർഷകതൊഴിലാളികൾ, ചെറുകിടകർഷകർ, കൂലിതൊഴിലാളികൾ, ടാപ്പിംഗ് ജോലിക്കാർ, ചെറുകിട കച്ചവടക്കാർ, സ്വയംതൊഴിൽ ചെയ്യുന്നവർ, പീടിക തൊഴിലാളികൾ, സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ തുടങ്ങി നിരവധി മേഖലകൾ ഉൾകൊള്ളുന്നതാണ് അസംഘടിത മേഖല.

നമ്മുടെ രൂപതയുടെ മെത്രാൻ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവാണ് കെ. സി. ബി. സി. ലേബർ കമ്മീഷന്റെ ചെയർമാൻ. പിതാവിന്റെ നേതൃത്വത്തിൽ കേരളത്തിലെ 29 രൂപതകളിലും കെ. എൽ. എം. ശക്തിപ്പെട്ടുവരികയാണ്. അതുകൊണ്ട് തന്നെ നമ്മുടെ രൂപതയിലെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടത് നാമോരോരുത്തരുടെയും ഉത്തരവാദിത്വമായി മാറുകയാണ്.

WSSS ന്റെ നേതൃത്വത്തിൽ SWS മായി സഹകരിച്ചുകൊണ്ടാണ് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട്കൊണ്ടുപോകുവാനാഗ്രഹിക്കുന്നത്. ഈ വർഷം തന്നെ കഴിയുന്നത്ര ഇടവകകളിൽ യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് സമൂഹത്തിലെ തൊഴിലാളികൾക്കായുള്ള പ്രവർത്തനം സജീവമാക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്.

## താല്ക്കാലിക ഭരണസമിതി

ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും ഏഴ് പേരെ ഉൾകൊള്ളിച്ചുകൊണ്ടുള്ള ഒരു താൽക്കാലിക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിലെ യോഗങ്ങളിലും ക്യാമ്പുകളിലും ഇവർ പങ്കെടുക്കുന്നുണ്ട്.

## രൂപതാ റിസോഴ്സ് ടീം

ഇടവക തലങ്ങളിൽ യൂണിറ്റുകൾ സ്ഥാപിക്കാൻ മുൻകൈ എടുക്കാനും, ക്ലാസുകൾ നയിക്കുന്നതിനുമായി പതിനഞ്ച് പേർ ഉൾകൊള്ളുന്ന ഒരു റിസോഴ്സ് ടീം രൂപീകരിക്കുകയും ആവശ്യമായ പരിശീലനങ്ങൾ നൽകി പ്രവർത്തനം സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാന നേതൃത്വത്തിലേയ്ക്ക്

കെ. എൽ. എം. സംസ്ഥാന സമിതിയിലേക്ക് നടന്ന 2009 – 10 വർഷത്തെ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ നമ്മുടെ രൂപതയിൽ

നിന്നുള്ള ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

## ക്യാമ്പുകളും പരിശീലനങ്ങളും

റിസോഴ്സ് ടീമിനുള്ള പരിശീലനങ്ങൾക്കായി മൂന്ന് ക്യാമ്പുകളും, SWS ഭാരവഹികൾക്കായി രണ്ട് ക്യാമ്പുകളും നടത്തുകയുണ്ടായി. ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ, കോർഡിനേറ്റർ ശ്രീ. ജോസ് പി. എം, WSSS സ്റ്റാഫ് അംഗങ്ങൾ, അഡ്ഹോക്ക് ഭരണസമിതി അംഗങ്ങൾ എന്നിവർ ചേർന്നാണ് ഭാവി പദ്ധതികൾക്ക് രൂപം നൽകി വരുന്നത്.

## രൂപതാതല ഉദ്ഘാടനം

2009 സെപ്റ്റംബർ മാസത്തിൽ രൂപതാ തലത്തിൽ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യണമെന്നാണ് ആഗ്രഹം. അതിനുമുമ്പായി ഇടവക തലത്തിലും, ഫൊറോന തലത്തിലും യൂണിറ്റുകൾ ആരംഭിക്കേണ്ടതുണ്ട്. യൂണിറ്റുകൾ തുടങ്ങുവാൻ താൽപര്യമുള്ള വികാരിയച്ചന്മാർക്ക് രൂപതാ ഡയറക്ടറുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ക്രമീകരിക്കാവുന്നതാണ്. SWS ഭാരവാഹികൾ ഇക്കാര്യത്തിൽ മുൻകൈ എടുക്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

പ്രസ്ഥാനത്തെ സജീവമാക്കുവാൻ എല്ലാവരുടെയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും താൽപര്യപ്പെടുകയും ചെയ്യുകയാണ്.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ WSSS മാനന്തവാടി

## സീറോ-മലബാർ സഭയിൽ അല്മായ മുന്നേറ്റം

അഡ്വ. വി. സി. സെബാസ്റ്റ്യൻ, സെക്രട്ടറി, അല്മായ കമ്മീഷൻ

**അന്തർദ്ദേശീയ അല്മായ അസംബ്ലി 2009 ആഗസ്റ്റ് 13-15, കൊച്ചി കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ**

2008 ഓഗസ്റ്റിൽ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വെച്ചു നടന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ബിഷപ്സ് സിനഡ് ആഗോളതലത്തിൽ അല്മായ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഏകീകരിക്കുന്നതിനും വേണ്ടി ആദ്യമായി ഒരു അല്മായ കമ്മീഷനു രൂപം നൽകി. കമ്മീഷന്റെ ചെയർമാനായി അഭിവന്ദ്യ മാർ മാത്യു അറയ്ക്കലിനെയും അംഗങ്ങളായി അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് എന്നിവരെയും സിനഡ് നിയമിച്ചു. തുടർന്ന് 2008 ഒക്ടോബർ 2 -ാം തീയതി സെന്റ് തോമസ് മൗണ്ടിൽ വിളിച്ചുകൂട്ടിയ അല്മായ സംഗമം (Consultation Council) സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ വർക്കി കാർഡിനൽ വിതയത്തിൽ ഉദ്ഘാടനം ചെയ്തു. സഭാജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താനും സഭയിലെ കൂട്ടായ്മ കൂടുതൽ ദൃഢതരമാക്കുവാനും ഈ അൽമായ കമ്മീഷന്റെ രൂപീകരണം സഹായകരമാകുമെന്ന് അഭിവന്ദ്യ കർദ്ദിനാൾ പ്രത്യാശ പ്രകടിപ്പിച്ചു. അതിനു സഹായകരമായ നിലപാടുകൾക്കു വ്യക്തവും നിയതവുമായ രൂപഭാവം നൽകാൻ ഈ അല്മായ കമ്മീഷന്റെ രൂപീകരണം ഇടവരുത്തട്ടെ എന്ന് കർദ്ദിനാൾ ആശംസിച്ചു. സഭയുടെ ജീവനാഡിയായ അല്മായർ ഉണർന്ന്, സഭാത്മകജീവിതത്തിൽ ഉൾച്ചേർന്ന്, സഭാശുശ്രൂഷകരായ മെത്രാന്മാരോടും, വൈദികരോടും, സന്യാസികളോടും കൂടി സഭയെ പരിപോഷിപ്പിക്കുകയും വളർത്തുകയും ചെയ്യണമെന്ന് ആഹ്വാനം ചെയ്തു.

ക്രിസ്തുശിഷ്യനായ വി. തോമാശ്ലീഹായാണ് ഭാരതസഭയുടെ പിതാവ്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ക്രൈസ്തവസമൂഹം തനതായ ഒരു ജീവിതശൈലി സ്വായത്തമാക്കിയിരുന്നു. ആഴമായ വിശ്വാസവും തീവ്രമായ സഭാസ്നേഹവും ഇവിടുത്തെ സഭയെ ചൈതന്യധന്യമാക്കിയിരിക്കുന്നു. വി. തോമ്മാശ്ലീഹാ വളർത്തിയെടുത്ത സഭാജീവിതശൈലിയെ 'തോമ്മായുടെ മാർഗ്ഗ'മെന്നാണ് നമ്മുടെ പൂർവ്വികർ വിശേഷിപ്പിച്ചിരുന്നത്. ഈ മാർഗ്ഗമാണ് നമ്മുടെ സഭാജീവിതത്തിനു ചുക്കാൻ പിടിച്ചത്.

പൗരസ്ത്യകത്തോലിക്കാ സഭകളിൽവച്ച് അംഗസംഖ്യകൊണ്ട് യുക്രേനിയൻ സഭ കഴിഞ്ഞാൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന സഭയാണ് സീറോ-മലബാർ സഭ. പാശ്ചാത്യപൗരസ്ത്യ സഭകളിൽ ഒന്നിലും ദർശിക്കാൻ സാധിക്കാത്ത വിധമുള്ള ഒരു അല്മായ പങ്കാളിത്തം ആദ്യകാലം മുതൽ സീറോ-മലബാർ സഭാനേതൃത്വത്തിലുണ്ടായിരുന്നു. ആദിമകാലങ്ങളിൽ നമ്മുടെ സഭയിൽ നിലനിന്നിരുന്ന അൽമായ പങ്കാളിത്തം എന്തായിരുന്നുവെന്ന് മനസ്സിലാക്കുകയും അതിൽനിന്ന് ചൈതന്യമുൾക്കൊണ്ടുകൊണ്ട് സഭയെ കരുപ്പിടിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുകയാണ് അൽമായ കമ്മീഷൻ.

സഭാഭരണത്തെ സംബന്ധിച്ചിടത്തോളം സീറോമലബാർ സഭയ്ക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യമാണുള്ളത്. പള്ളിയോഗമെന്നത് സഭാ ഭരണസമ്പ്രദായത്തിന്റെ പൊതുവിലുള്ള പേരാണ്. കുടുംബത്തലവന്മാരും തദ്ദേശീയ വൈദികരും ഉൾപ്പെട്ട ഒരു യോഗമാണ് ഓരോ സ്ഥലത്തെയും പള്ളിഭരണം നടത്തിയിരുന്നത്. ഇടവകവൈദികരിൽ പ്രായം ചെന്നയാൾ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചിരുന്നു. പള്ളിയുടെ ഭൗതികവസ്തുക്കളുടെ മാത്രമല്ല, ഇടവകയിലെ ക്രിസ്തീയ കൂട്ടായ്മയുടെ മുഴുവന്റെയും മേലന്വേഷണം നടത്തിയിരുന്നത് പള്ളിയോഗമായിരുന്നു. പരസ്യ പാപം സംബന്ധിച്ച് കേസുകൾ കൈകാര്യം ചെയ്യുക, സഭാസമൂഹത്തിൽനിന്ന് തൽക്കാലത്തേയ്ക്കു പുറന്തള്ളുവാനുള്ള തീരുമാനമെടുക്കുക തുടങ്ങിയ ചുമതലകളും പള്ളിയോഗത്തിനുണ്ടായിരുന്നു. വൈദീക വിദ്യാർത്ഥിയെ തിരഞ്ഞെടുത്ത് ദേശക്കുറി നൽകി പഠനത്തിനായി മല്പാന്റെ അടുത്ത് അയച്ചിരുന്നതും പള്ളിയോഗമായിരുന്നു. പള്ളിയോഗത്തിൽ വൈദികർക്കും അൽമായർക്കും തുല്യമായ അവകാശം അനുവദിച്ചിരുന്നു. പൊതുതാൽപ്പര്യമുള്ള കാര്യങ്ങൾ എല്ലാ ഇടവകകളുടെയും പ്രതിനിധികൾ ഒരുമിച്ചുകൂടിയാണ് തീരുമാനിച്ചിരുന്നത്. യോഗങ്ങൾ തമ്മിൽ പൂർണ്ണമായ തുല്യത നിലനിന്നിരുന്നത് സഭയുടെ കൂട്ടായ്മയ്ക്കും ഐക്യത്തിനും കാരണമായി.

നമ്മുടെ പൂർവ്വപിതാക്കന്മാർ സഭയെ കണ്ടിരുന്നത് വിശ്വാസികളുടെ കൂട്ടായ്മ എന്ന നിലയിലും ദൈവജനം എന്ന രീതിയിലുമാണ്. വിദേശികളായ മിഷനറിമാരുടെ വിവരണങ്ങളിൽ നിന്നും മനസിലാക്കേണ്ടത് ഇവിടെ നിലനിന്നിരുന്നത് അപ്പസ്തോലികകാലങ്ങളിലെ സഭയുടെ മാതൃകയിലുള്ള ഒരു കൂട്ടായ്മയായിരുന്നുവെന്നാണ്. സഭയുടെ ആദ്യത്തെ രണ്ടുമൂന്നു നൂറ്റാണ്ടുകളിൽ സഭയിലെല്ലായിടത്തും നിലനിന്നിരുന്നത് ആദിമസഭയുടെ ചൈതന്യത്തിലുള്ള ഒരു ഭരണക്രമമായിരുന്നു. അപ്പസ്തോലിക നടപടികളിലെ വാക്യങ്ങൾ പരിശോധിച്ചാൽ

സഭയിലെന്നും പ്രധാന കാര്യങ്ങളിൽ തീരുമാനമെടുത്തിരുന്നത് ശ്ലീഹന്മാരും മൂപ്പന്മാരും അവരോടൊപ്പം സഭ മുഴുവനുമായിരുന്നുവെന്ന് മനസിലാക്കുവാൻ സാധിക്കും. അൽമായരോടുള്ള അവഗണനയും വിവേചനവും ഈ സഭയിൽ ഇല്ലായിരുന്നു. ഇവിടുത്തെ സഭാസമൂഹത്തിന് സഭ അവരുടേതാണെന്നും അവർ തന്നെയാണ് സഭ എന്നുമുള്ള ബോധ്യമുണ്ടായിരുന്നു.

കേരളത്തിലെ മാർതോമ്മാ ക്രിസ്ത്യാനികളുടെ ജനകീയ അടിത്തറ അല്മായർക്ക് എല്ലാ കാര്യങ്ങളിലും പങ്കാളിത്തം നൽകിക്കൊണ്ടിരുന്നുവെന്നതിന് ധാരാളം രേഖകളുണ്ട്. അതിൽ പ്രധാനമായ ഒന്നാണ് 9 -ാം നൂറ്റാണ്ടുകളിലെ തരീസാപ്പള്ളി ചെപ്പേടുകൾ. ഈ ചെപ്പേടുകളിൽ പള്ളി എന്ന വാക്ക് ഉപയോഗിച്ചിരുന്നത് രണ്ടർത്ഥത്തിലാണ്. ഒന്ന് ദേവാലയം, രണ്ട് സഭയുടെ കൂട്ടായ്മ. ചെപ്പേടുകൾ നൽകുന്നത് പള്ളിക്കൂട്ടായ്മയ്ക്കാണ്. ആ പള്ളിക്കൂട്ടായ്മയിൽ വൈദികരോടൊപ്പം അൽമായർക്കും പങ്കാളിത്തം നൽകിയിരുന്നു.

കേരളത്തിലെ നസ്രാണികളുടെ സഭാവിജ്ഞാനീയത്തിന്റെ മഹത്തായ ഒരു ദൃശ്യം ശിലാലിഖിതങ്ങൾ പരിശോധിച്ചാൽ കാണാം. പറവൂർ യാക്കോബായ പള്ളിയുടെ പടിഞ്ഞാറേ ഭിത്തിയിൽ പതിച്ചിട്ടുള്ള ശിലാലിഖിതം കേരളത്തിലെ സുറിയാനി ക്രൈസ്തവരുടെ സഭാദർശനത്തിന് നല്ലൊരു ഉദാഹരണമാണ്. പ്രസ്തുത ലിഖിതം ഇങ്ങനെയാണ്: 'മാറാൻ ഈശോമിശിഹാ പിറന്നിട്ട് 1566 -ാം കാലം വൃശ്ചികത്തായർ 16-ാം തീയതി പട്ടമന പറവൂർ മാർതോമ്മാ പള്ളിമല്പാൻ മാർ യൗസേഫ് മെത്രാനും മറ്റു പല ദേശത്തുള്ള പട്ടക്കാരും ഇണങ്ങരും കൂടി കുരിശു നാട്ടി സമ്മതിച്ച് കുറുവാനയും ചെയ്തു. കൊല്ലം 742-മത് വൃശ്ചിക ഞായർ 16'.

ലിഖിതത്തിൽ കാണുന്ന മൂന്നു കാര്യങ്ങൾ ശ്രദ്ധേയമാണ്. 1)കുരിശു നാട്ടുകയും കുർബാന ചൊല്ലുകയും ചെയ്യുന്നത് യൗസേഫ് മെത്രാനും ദേശത്തുള്ള പട്ടക്കാരും ഇണങ്ങരും ചേർന്നാണ്. 2) ഈ ദേശത്തുകൂടി അവർ ഒരുമിച്ചു കൂടുകയും സമ്മതം പറയുകയും ചെയ്യുന്നു. 3) തീരുമാനം എടുക്കുന്നത് സഭാസമൂഹം ഒന്നിച്ചു ചേർന്നാണ്. നസ്രാണി പാരമ്പര്യത്തിന്റെ തനിമയാർന്ന രൂപമാണ് പറവൂർ ശിലാലിഖിതത്തിലേത്.

കാലക്രമേണ പോർട്ടുഗീസ് മേധാവിത്വം സഭയുടെ മേൽ അധികാരം അടിച്ചേൽപ്പിച്ചു. സഭാഭരണത്തിലെ അൽമായപങ്കാളിത്തം കുറഞ്ഞുപോവുകയും അതിദയനീയമായി തകരുകയും ചെയ്തു. എങ്കിലും

കേരളസഭയിൽ നിലവിലിരുന്ന അൽമായ പങ്കാളിത്തത്തെ അവഗണിക്കുവാൻ ആർച്ച് ബിഷപ്പ് ഡോ. മെനേസിസിനു പോലും സാധിച്ചില്ല. അതുകൊണ്ടാണ് അദ്ദേഹം വിളിച്ചുകൂട്ടിയ 1599 -ലെ ഉദയം പേരൂർ സൂനഹദോസിൽ 153 വൈദികരെ മാത്രം പങ്കെടുപ്പിച്ചപ്പോൾ 671 അൽമായരെ പങ്കെടുപ്പിക്കുവാൻ തയ്യാറായത്.

പാശ്ചാത്യ സ്വാധീനം കേരള നസ്രാണിസഭയുടെ മേൽ ശക്തിയാർജിച്ചുവെങ്കിലും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൈതൃകം സംരക്ഷിക്കുന്നതിനും വീണ്ടെടുക്കുന്നതിനും വേണ്ടിയുള്ള നാലു നൂറ്റാണ്ടുകൾ നീണ്ടുനിന്ന സംരംഭത്തിൽ അൽമായർ തങ്ങളുടേതായ പങ്കു വഹിച്ചിട്ടുണ്ട്. കൂനൻകുരിശുസത്യത്തെത്തുടർന്ന് സഭയിൽ നിന്നു വേർപെട്ടുപോയ ആറാം മാർത്തോമ്മായേയും അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലുള്ള 80,000 ത്തോളം വിശ്വാസികളെയും കത്തോലിക്കാ സഭയിലേക്ക് ആനയിക്കുന്നതിനുവേണ്ടി നടത്തിയ ശ്രമങ്ങളിലും ആളുകൊണ്ടും അർത്ഥംകൊണ്ടും അൽമായർ സഹകരിക്കുകയും നേതൃത്വം നൽകുകയും ചെയ്തു. മാർത്തോമ്മാക്രിസ്ത്യാനികളുടെ അതിവിശിഷ്ടമായ പൈതൃകമായിരുന്നല്ലോ പള്ളിയോഗം. ആ വ്യവസ്ഥയെ പോർട്ടുഗീസ് പാതിരികൾ തകർത്തപ്പോഴും സുറിയാനി ക്രിസ്ത്യാനികൾ അതിന്റെ ചൈതന്യം ഉൾക്കൊണ്ടു പ്രവർത്തിച്ചിരുന്നു.

തങ്ങളുടെ മഹത്തായ പൈതൃകം സംരക്ഷിക്കുന്നതിനുവേണ്ടി നടന്ന എല്ലാ പോരാട്ടങ്ങളിലും അൽമായർ അവരുടേതായ പങ്കു വഹിച്ചിട്ടുണ്ട്. തൽഫലമായി 1887 മെയ് 20 -ാം തീയതി കേരളത്തിലെ സുറിയാനിക്കാരെ ലത്തീൻകാരിൽനിന്നു വേർതിരിച്ച് അവർക്കായി പ്രത്യേകമായ രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചു. 1923 ൽ എറണാകുളം കേന്ദ്രമായി ഈ സഭയ്ക്ക് സ്വന്തമായ ഒരു ഹൈരാർക്കിയും സ്ഥാപിച്ചു കിട്ടി. എന്നിട്ടും നമ്മുടെ പൈതൃകം പൂർണ്ണമായി വീണ്ടെടുക്കുവാൻ നമുക്കു സാധിച്ചില്ല. മാർത്തോമ്മാ സഭയുടെ തനിമയും വ്യക്തിത്വവും അംഗീകരിച്ചുകിട്ടുവാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് വരെ കാത്തിരിക്കേണ്ടിവന്നു. വത്തിക്കാൻ കൗൺസിൽ തീരുമാനങ്ങൾ വന്നിട്ടും പൈതൃകത്തിലേയ്ക്കുള്ള യാത്ര സാവധാനമായിരുന്നു. 1993 ൽ നമ്മുടെ സഭയെ ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തി. സഭയുടെ തനതായ പാരമ്പര്യങ്ങളെയും വ്യക്തിത്വത്തെയും പുനഃസ്ഥാപിക്കുവാനും അതിന്റെ സർഗ്ഗാത്മകവളർച്ചയെ ത്വരിതപ്പെടുത്തുവാനുമാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനവും സിനഡൽ സംവിധാനവും ഏർപ്പെടുത്തിയത്. എന്നിട്ടും പൈതൃകത്തിലേയ്ക്കുള്ള യാത്ര വളരെ

മന്ദഗതിയിലായെന്ന് സിനഡിന് ബോധ്യമായി. ആ യാത്ര സുഗമവും വേഗത്തിലും ആക്കുന്നതിനുവേണ്ടിയാണ് ഇക്കഴിഞ്ഞ സിനഡ് സീറോ മലബാർ സഭയ്ക്ക് ഒരു അൽമായ കമ്മീഷൻ രൂപീകരിച്ചത്.

സഭയിലെ അൽമായപ്രാമുഖ്യം ഉറപ്പുവരുത്താൻ വേണ്ടി പാസ്റ്ററൽ കൗൺസിൽപോലുള്ള സംവിധാനങ്ങൾ നിർദ്ദേശിക്കുകവഴി രണ്ടാം വത്തിക്കാൻ കൗൺസിൽ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ നമ്മുടെ പള്ളിയോഗങ്ങളിലൂടെ നിലവിലിരുന്ന അൽമായ പങ്കാളിത്ത സ്വഭാവത്തിന്റെ പ്രസക്തി പരോക്ഷമായി അംഗീകരിക്കുകയായിരുന്നു. നമ്മുടെ സഭാപാരമ്പര്യത്തെ കാലാനുസൃതമായി പുനരുജ്ജീവിപ്പിച്ച ഈ കാലഘട്ടത്തിൽ സീറോ-മലബാർ സഭയിലെ അൽമായ പങ്കാളിത്തം കൂടുതൽ സുദൃഢമാക്കുകയാണ് അൽമായ കമ്മീഷന്റെ ലക്ഷ്യം. നൂറ്റാണ്ടുകൾക്കു മുമ്പ് ഇവിടെ നിലനിന്നിരുന്ന ഒരു ജീവിതരീതിയും ഭരണക്രമവും വള്ളിപുള്ളി വ്യത്യാസം കൂടാതെ പുനരുദ്ധരിക്കണമെന്ന് ആരും പ്രതീക്ഷിക്കുന്നില്ല. എല്ലാവരും ഊന്നൽ നൽകുന്നത് പള്ളിയോഗത്തിന്റെ ചൈതന്യത്തിലാണ്.

സഭയുടെ പ്രേഷിതദൗത്യത്തിൽ സഭാംഗങ്ങൾക്കെല്ലാം അവരവരുടേതായ പങ്കു നിർവഹിക്കാനുണ്ട്. പൗരസ്ത്യസഭകളുടെ കാനൻ നിയമത്തിൽ വിശ്വാസികളുടെ അവകാശങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ദൈവശാസ്ത്ര പഠനത്തിനുള്ള അവകാശം അൽമായർക്കുണ്ട്; സഭയുടെ പ്രേഷിതരംഗങ്ങളിൽ പങ്കാളികളാകാനും സഭാമക്കളുടെ ആവശ്യങ്ങൾ ഇടയന്മാരെ അറിയിക്കാനുമുള്ള കടമ അവർക്കുണ്ട്; ഒപ്പം തങ്ങളുടെ ക്രൈസ്തവധർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി അല്മായരുടെ സംഘടനകളും സമിതികളും രൂപീകരിക്കുന്നതിനുള്ള അവകാശവുമുണ്ട്. കർത്താവ് നമ്മെ ഭരമേൽപ്പിച്ച ദൗത്യം നാമൊരുമിച്ച് യഥാവിധി നിർവ്വഹിക്കുന്നതിനുവേണ്ടി അല്മായരുടെ ഇത്തരം അവകാശങ്ങളെക്കുറിച്ച് പഠിക്കാനും അവ വേണ്ടവിധം സമയാസമയങ്ങളിൽ ഉന്നയിക്കാനുമാണ് അല്മായ കമ്മീഷൻ ശ്രമിക്കുന്നത്.

ദീർഘകാല-ഹ്രസ്വകാല കോഴ്സുകളിലൂടെ ദൈവശാസ്ത്രം, ആരാധനക്രമം, ആദ്ധ്യാത്മികത വെളിവാക്കപ്പെട്ട ദൈവവചനത്തെക്കുറിച്ചുള്ള സഭാപഠനങ്ങൾ, സഭാഭരണനിർവ്വഹണം, കാനോനികനിയമം തുടങ്ങിയവയെ അധികരിച്ച് പഠിച്ചുകൊണ്ട് വിശ്വാസത്തെ സംബന്ധിച്ച് ആഴമേറിയ അറിവ് അല്മായ നേതാക്കൾ നേടേണ്ടത് വളരെ അത്യാവശ്യമാണ്. അത് അല്മായരും വൈദികരും തമ്മിലുള്ള കൂട്ടായ യത്നത്തിന് സഹായകവുമാണ്.

സീറോമലബാർ സഭാ തലവനും മേജർ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ പങ്കുവെച്ച വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ് "അല്മായർക്കുവേണ്ടിയുള്ള ഈ കമ്മീഷൻ ഒരിക്കലും ഒരു സംഘടനയല്ല. അതേ സമയം സീറോമലബാർ സഭ വിവിധസ്ഥലങ്ങളിലും വിവിധ രാജ്യങ്ങളിലുമുള്ള അത്മായസമൂഹം ഉൾക്കൊള്ളുന്ന അല്മായ സംഘടനകൾക്കിടയിൽ സഭയുടെ അംഗീകാരത്തോടുകൂടെ കൂട്ടായ പ്രവർത്തനങ്ങൾ കമ്മീഷൻ നടപ്പാക്കണം. സഭയുടെ ഉന്നത ആദർശങ്ങൾക്കുവേണ്ടി പൂർണ്ണമായി സമർപ്പിക്കാൻ വിശ്വാസിഗണത്തെയും സഭയുടെ സംഘടനകളെയും ഉത്തേജിപ്പിക്കുന്നതിനും കർമധീരതയോടെ മുന്നോട്ടു നയിക്കുന്നതിനും കമ്മീഷനു കഴിയണം. സഭ മുഴുവന്റെയും നന്മയ്ക്കുവേണ്ടി സഭാംഗങ്ങളുടെ കഴിവുകളും വിഭവശേഷിയും പ്രയോജനപ്പെടുത്താൻ കമ്മീഷൻ ശ്രദ്ധവയ്ക്കണം. സഭയുടെ പ്രേഷിത-ജീവകാരുണ്യ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ മേഖലകളിലുള്ള ഉദ്യമങ്ങൾക്ക് സജീവ അല്മായ പങ്കാളിത്തമുണ്ടാകണം".

അല്മായർ തങ്ങളുടെ വ്യക്തിപരമായ പ്രാധാന്യം ഊട്ടിഉറപ്പിക്കുന്നതിനും നേതൃസ്ഥാനങ്ങൾ കൈക്കലാക്കുന്നതിനും ശ്രമിക്കുകയല്ല മറിച്ച് പരസ്പരം ശുശ്രൂഷ ചെയ്യുന്ന മനോഭാവം വളർത്തിയെടുത്തുകൊണ്ട് പരസ്പരം സ്നേഹിക്കുകയും സഹകരിക്കുകയും ആത്മീയഭൗതിക സാദ്ധ്യതകളെ പരിപോഷിപ്പിക്കുകയുമാണ് വേണ്ടത്. സഭയുടെ വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിൽ സുതാര്യത തുടരുകയും ഈ കാര്യത്തിൽ അല്മായരെ വിശ്വസിക്കുകയും ഉത്തരവാദിത്വങ്ങൾ അവരുമായി പങ്കുവയ്ക്കുകയും വേണം.

സ്ത്രീകൾക്ക് സഭയിലുള്ള മഹത്വവും പങ്കും വർദ്ധിപ്പിക്കുന്നതിനുള്ള വഴികൾ കമ്മീഷൻ തിരയണം. സ്ത്രീകൾക്കും പുരുഷന്മാർക്കും വിവിധ സഭാസമിതികളിൽ തുല്യപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ലക്ഷ്യംവച്ച് പ്രവർത്തിക്കുകയും അതിനായി അടിയന്തിരനടപടികൾ കൈകൊള്ളുകയും വേണം.

രാജ്യം പ്രതിസന്ധികളെ നേരിടുന്ന സന്ദർഭങ്ങളിൽ അവയെ വിജയപൂർവ്വം തരണം ചെയ്യാൻ സഭാംഗങ്ങൾ അർപ്പണബോധത്തോടെ പ്രവർത്തിക്കണം. അല്മായർ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരാണ്. അവർ പ്രവർത്തിക്കുന്ന മേഖലകളിലും അവർ നേരിടുന്ന പ്രശ്നങ്ങളിലും അവരെ സഹായിക്കുവാൻ കമ്മീഷനു കടമയുണ്ട്.

ക്രൈസ്തവർ ഈ നാടിന്റെ പുരോഗതിക്കുവേണ്ടി ചെയ്തിട്ടുള്ള

സേവനങ്ങളെപ്പറ്റി ക്രൈസ്തവരെത്തന്നെ ബോധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. അഭിമാനാർഹമായ സേവനങ്ങളാണ് അവർ കാഴ്ച വെച്ചിട്ടുള്ളതെന്ന് നമുക്കു തന്നെ ബോധ്യം വരണം. രാജ്യത്തിന്റെ വിദ്യാഭ്യാസ-സാംസ്കാരിക-സാഹിത്യ-സാമൂഹ്യ-സാമ്പത്തിക രാഷ്ട്രീയ മണ്ഡലങ്ങളിൽ വിലപ്പെട്ട സേവനങ്ങളാണ് അല്മായർ അനുഷ്ഠിച്ചിട്ടുള്ളത്. ശതാബ്ദങ്ങളായി അതിക്രൂരമായ ചൂഷണത്തിനും അമാനുഷികമായ പീഢനങ്ങൾക്കും നിഷ്ഠൂരമായ ഒറ്റപ്പെടുത്തലിനും വിധേയരാക്കപ്പെട്ട നിരക്ഷരരും അജ്ഞരും അടിച്ചമർത്തപ്പെട്ടവരും പിന്നോക്കവിഭാഗങ്ങളും ഉൾക്കൊള്ളുന്ന ജനലക്ഷങ്ങളെ സമുദ്ധരിക്കുന്നതിൽ ക്രൈസ്തവർ അതിപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്. നിർഭാഗ്യവശാൽ ആ വസ്തുത മനഃപൂർവ്വം തമസ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇന്ന് എല്ലാ പ്രവർത്തനങ്ങളും രാഷ്ട്രീയവൽക്കരിച്ചുകൊണ്ടിരിക്കുകയാണല്ലോ. സമൂഹത്തെ നിയന്ത്രിക്കുന്നതുതന്നെ രാഷ്ട്രീയ പ്രവർത്തനത്തിൽകൂടെയാണ്. അതിനാൽ രാഷ്ട്രീയ പ്രവർത്തനം ഒരു പ്രേഷിതപ്രവർത്തനമായി കണക്കിലെടുത്ത് സജീവരാഷ്ട്രീയത്തിൽ ഇടപെടാൻ അല്മായർ തയ്യാറാകണം. രാഷ്ട്രീയപ്രവർത്തകർ, പൊതുവേ, സ്വാർത്ഥരും സങ്കുചിതമനസ്കരും വ്യക്തിഗതനേട്ടങ്ങൾ മാത്രം കാംഷിക്കുന്നവരുമായി തീർന്നിരിക്കുന്നു. അടിയുറച്ച ആദർശ ലക്ഷ്യമൂല്യങ്ങളിൽനിന്നും മാറി ഭൗതികനേട്ടം, പ്രശസ്തി, അധികാരം, സ്വാധീനം എന്നിവയ്ക്കു പിന്നാലെ ഭ്രാന്തമായ ഒരു പരക്കം പാച്ചിലാണ് അവർ നടത്തുക. നമ്മുടെ രാജ്യത്തിന്റെയും സമൂഹത്തിന്റെയും ജനാധിപത്യസംവിധാനത്തിന്റെയും വിശാലതാൽപര്യങ്ങൾക്ക് ഏറെ ദോഷകരമാണ് ഈ ദുഷ്പ്രവണത. രാജ്യസ്നേഹം, പൗരബോധം, പൗരത്വപരിശീലനം എന്നിവയുടെ അഭാവമാണ് തെറ്റായ ഈ പ്രവണതയ്ക്ക് അടിസ്ഥാനം. അല്മായർക്ക്, വിശിഷ്യ യുവജനങ്ങൾക്ക് ശരിയായ ബോധവൽക്കരണവും പരിശീലനവും നൽകുകയെന്നത് ഈ കാലഘട്ടത്തിൽ ചരിത്രപരമായി അനിവാര്യമായിത്തീർന്നിരിക്കുന്നു. പൊതുജീവിതത്തിൽ ധാർമ്മികമൂല്യസമുച്ചയം ഉയർത്തിപ്പിടിക്കുവാനും രാജ്യസ്നേഹം പുലർത്തുവാനും സേവനനിരതമായ ജീവിതം നയിക്കുവാനും വീക്ഷണഗതിയിൽ മാനവികതയുടെയും സാമൂഹ്യനീതിയുടേയും ചൈതന്യം പ്രസരിപ്പിക്കുവാനും അല്മായർക്ക് വേണ്ട പരിശീലനം നൽകുന്ന വേദിയാണ് അല്മായ കമ്മീഷൻ.

സീറോ-മലബാർ സഭാംഗങ്ങൾ കേരളത്തിന് പുറത്തും ഇന്ത്യയ്ക്ക് അപ്പുറവും കുടിയേറിയിരിക്കുകയാണല്ലോ. അവരെയെല്ലാം

നമ്മുടെ ആരാധനക്രമവും നമ്മുടെ ഭരണസംവിധാനവും അറിയിക്കണം. നമ്മുടെ പൈതൃകം അവരുടെ പുത്തൻതലമുറയുടെ ഇടയിലേക്ക് വ്യാപിപ്പിക്കാനും നാം ശ്രമിക്കണം. അവരുടെ സഭാതലത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഇതുവരെ ഒരു സംവിധാനമില്ലായിരുന്നു. കേരളത്തിന് പുറത്ത് സ്ഥാപിച്ച സീറോ-മലബാർ രൂപതകളും അമേരിക്കയിൽ രൂപീകരിച്ച സീറോമലബാർ രൂപതയും വിവിധ മിഷൻകേന്ദ്രങ്ങളും ബാഹ്യകേരളത്തിലെ സീറോ-മലബാർ സഭാംഗങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ നടത്തുന്ന ശ്രമങ്ങൾ പ്രശംസനീയമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സീറോ-മലബാർ സഭാംഗങ്ങളായ അല്മായരുടെ ശക്തമായ ഒരു കൂട്ടായ്മ വളർത്തിയെടുക്കുവാൻ അല്മായ കമ്മീഷൻ മുന്നോട്ടിറങ്ങുകയാണ്. അതിന്റെ പ്രാരംഭമാണ് ഓഗസ്റ്റ് 13 മുതൽ 15 വരെ സഭാ ആസ്ഥാനമായ കൊച്ചി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ചേരുന്ന അന്തർദ്ദേശീയ അല്മായ അസംബ്ലി.

ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ സീറോ മലബാർ രൂപതകളിലെയും മിഷൻ കേന്ദ്രങ്ങളിലെയും അല്മായ പ്രസ്ഥാനങ്ങൾ, ഭക്തസംഘടനകൾ എന്നിവയുടെയും പ്രതിനിധികൾ അല്മായ അസംബ്ലിയിൽ പങ്കെടുക്കും. സഭാംഗങ്ങളായ വിദ്യാഭ്യാസ-ഉദ്യോഗസ്ഥ പ്രമുഖർ, കാർഷിക വിദഗ്ദർ, സാഹിത്യ, സാംസ്കാരിക, സാമൂഹ്യ, ജീവകാരുണ്യ പ്രവർത്തകർ തുടങ്ങി വിവിധങ്ങളായ മേഖലകളിൽ സേവനം ചെയ്യുന്നവരുടെ പ്രതിനിധികളും അസംബ്ലിയിൽ പങ്കെടുക്കുന്നതാണ്. ദേശീയ അന്തർദേശീയ തലങ്ങളിലുള്ള സീറോമലബാർസഭ വിശ്വാസി സമൂഹത്തെ മുഖ്യധാരയിൽ പങ്കുചേർത്ത് പരിപോഷിപ്പിക്കുവാൻ അല്മായ അസംബ്ലി ലക്ഷ്യമിടുന്നു.

എല്ലാ രാജ്യങ്ങളിലുമുള്ള സീറോമലബാർ സഭാ അല്മായ സമൂഹത്തെ വിശ്വാസത്തിലും, പൈതൃകത്തിലും പ്രവർത്തനമേഖലകളിലും ശക്തിപ്പെടുത്തുക, സഭയുടെ വിവിധ തലങ്ങളിൽ അല്മായ പങ്കാളിത്തം സജീവമാക്കുക, സഭ നേരിടുന്ന വെല്ലുവിളികളിൽ അല്മായ പ്രതികരണത്തിനായുള്ള പൊതുവേദി ഒരുക്കുക, അല്മായ സമൂഹത്തിന്റെ അറിവും, പ്രവർത്തിപരിചയവും വൈദഗ്ദ്യവും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാനുള്ള അവസരങ്ങളൊരുക്കുക, കുടുംബങ്ങളിലും, പ്രവർത്തന മേഖലകളിലും മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക, സഭയുടെ പഠനങ്ങൾ, മാർഗ്ഗരേഖകൾ, നിയമങ്ങൾ എന്നിവ യെക്കുറിച്ച് വിശ്വാസിസമൂഹത്തിന് കൂടുതൽ അറിയു

വാനുള്ള അവസരമുണ്ടാക്കുക, വിശ്വസാഹോദര്യവും പരസ്പരസഹ കരണവും വളർത്തിയെടുക്കുക എന്നിവയുടെ ലക്ഷ്യസാക്ഷാത്ക്കാര മാണ് അന്തർദ്ദേശീയ അല്മായ അസംബ്ലി.

**'സീറോ മലബാർ സഭ 2030'** എന്നാണ് അസംബ്ലിയുടെ മുഖ്യ വിഷയം. സഭയുടെ വിശ്വാസ സത്യങ്ങളിലും അടിസ്ഥാന പ്രമാണങ്ങ ളിലും അടിയുറച്ചുനിന്ന്, ആഗോളതലത്തിൽ വരും നാളുകളിൽ ആത്മീയ, സാമൂഹ്യ, സേവന, വിദ്യാഭ്യാസ, ആരോഗ്യ, വികസന, സാംസ്കാരിക, മാധ്യമ മേഖലകളിലെ സജീവസാന്നിദ്ധ്യം, ജീവ കാരുണ്യ പ്രവർത്തനങ്ങൾ, കാർഷികരംഗത്തെ മുന്നേറ്റം, ക്രൈസ്ത വകുടുംബം, യൂത്ത് 2030, സ്ത്രീശക്തീകരണം തുടങ്ങിയ വിവിധ വിഷ യങ്ങളിൽ സഭയുടെ മുന്നോട്ടുള്ള പ്രവർത്തന പദ്ധതികളെക്കുറിച്ച് അല്മായ അസംബ്ലി ചർച്ച ചെയ്യുന്നതാണ്. സഭാതലവനും മേജർ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മെത്രാ പ്പോലീത്താമാർ, മെത്രാന്മാർ തുടങ്ങിയവർ അന്തർദ്ദേശീയ അസംബ്ലി യിൽ അല്മായ പ്രതിനിധികളുമായി ആശയവിനിമയം നടത്തും.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും, വിദേശ രാജ്യങ്ങളിലു മുള്ള സീറോമലബാർ സഭ വിശ്വാസിസമൂഹത്തിന്റെ വളർച്ചയും വെല്ലു വിളികളും അസംബ്ലിയിൽ പ്രതിപാദിക്കും. സഭയിലെ അല്മായ സംഘ ടനകളുടെയും കൂട്ടായ്മകളുടെയും, ഏകീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് കർമ്മരേഖ തയ്യാറാക്കും. ആനുകാലിക രാഷ്ട്രീയ സാമൂഹിക വിഷ യങ്ങളിൽ സഭാവിശ്വാസിസമൂഹത്തിന്റെ പ്രതികരണങ്ങൾ സമ്മേളന ത്തിൽ പങ്കുവെയ്ക്കുന്നതാണ്. ജീവകാരുണ്യരംഗങ്ങളിൽ സഭയുടെ സാന്നിദ്ധ്യം കൂടുതൽ ശക്തമാകുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള പദ്ധതികളും രൂപീകരിക്കും. ഇങ്ങനെ സഭയിൽ പുത്തൻ അല്മായ മുന്നേറ്റം അന്തർദ്ദേശീയ അല്മായ അസംബ്ലി ലക്ഷ്യമിടുന്നു.



# അറിയിപ്പുകൾ

## 1) കാൻഡമാലിൽ ഭവന നിർമ്മാണ പദ്ധതി

ഒറീസ്സയിലെ കാൻഡമാലിൽ കഴിഞ്ഞ വർഷം ഓഗസ്റ്റിൽ ക്രൈസ്തവർക്കെതിരെ നടന്ന വ്യാപകമായ അക്രമത്തിന്റെ ദുരന്തങ്ങളിൽ നിന്നും ഇനിയും അവർ മോചിതരായിട്ടില്ല. കാലാപത്തിൽ 40–ഓളം ക്രൈസ്തവർ കൊല്ലപ്പെടുകയും നൂറുകണക്കിന് ദേവാലയങ്ങളും സ്ഥാപനങ്ങളും ആയിരക്കണക്കിന് ക്രൈസ്തവഭവനങ്ങളും അഗ്നിക്കിരയാവുകയും ചെയ്തിരുന്നു. ഇപ്പോഴും മൂവായിരത്തോളം പേർ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നു. ഇവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. ഇവർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ, വിവിധ സംഘടനകളുടെയും കട്ടക്ക് – ഭുവനേശ്വർ രൂപതയുടെയും നേതൃത്വത്തിൽ നടന്നുവരുന്നു. ഏതാണ്ട് 80000 രൂപയാണ് സാധാരണ ഒരു വീടിന് ചിലവ് പ്രതീക്ഷിക്കുന്നത്. അതിൽ അൻപതിനായിരത്തോളം രൂപ ഗവൺമെന്റ് നൽകുന്നതാണ്. ബാക്കി തുകയായ മുപ്പതിനായിരം രൂപ കഴിവും താല്പര്യവുമുള്ള വ്യക്തികളോ, സ്ഥാപനങ്ങളോ, ഇടവകയോ നൽകിയാൽ ഒരു വീടിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കും. വീട് നിർമ്മാണത്തിന് താൽപര്യമുള്ളവർ മുപ്പതിനായിരം രൂപ അയച്ച് സഹായിച്ചാൽ ദുരിതമനുഭവിക്കുന്ന കാൻഡമാലിലെ നമ്മുടെ സഹോദരങ്ങൾക്ക് വലിയ ഉപകാരമായിരിക്കും. തുക ഡി.ഡി. ആയി അയയ്ക്കുവാൻ താൽപര്യപ്പെടുന്നു. (DD in favour of "CRCDC Relief and Rhabilitaion, Kandhamal". S. B. A/ CNo. 024010100437707. IFS Code UTIB0000024). തുക പൂർണ്ണമായി നൽകാൻ സാധിക്കാത്തവർക്ക് ഭാഗികമായും നൽകാവുന്നതാണ്.

ഭവനനിർമ്മാണ പദ്ധതിയെക്കുറിച്ച് കൂടുതൽ അറിയുവാൻ

താൽപര്യമുള്ളവർ ബിഷപ്സ് ഹൗസുമായി ബന്ധപ്പെട്ടാൽ ഭവന നിർമ്മാണ പദ്ധതിയുടെ വിശദവിവരങ്ങളടങ്ങിയ Leaflet അയച്ചു തരുന്നതാണ്.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ & സെക്രട്ടറി

## 2) Spiritual Adoption of Priests!

*A Worldwide Campaign*

Priests are the greatest benefactors of humanity, and through them Christ extends his forgiving hands and opens his heart full of Divine Mercy. Called to be the living monuments of Christ's love in the world today, the priests spend their whole life, for God and His people. Let us offer them prayer support through spiritual adoption during this Year for Priests (June 19, 2009 to June 19, 2010) declared by Pope Benedict XVI. We can help them to live heroically their commitment to holiness and mission in today's challenging world.

Spiritual adoption consists in the offering up of our prayers and sacrifices to God for a specific priest who will be assigned to you. Sign up by writing to the Address below or by sending e-mail to adoptapriest@gmail.com if you or your family would like to adopt a priest spiritually (Your name, address, e-mail ID, country required.) The priest whom you adopt will pray for you in return.

Priests who would like to be adopted spiritually could write to adoptapriest@gmail.com submitting the details: Priest's name, address, country, year of priestly ordination, present ministry, E-mail.

Religious congregations/ provinces / institutions / groups can mail us the names of their members with their contact ID (or a contact person) so that we can assign each a priest for adoption.

Fr. T.C. George SDB
Adopt a Priest Ministry
Visvadeep, Kristu Jyoti College
K.R. Puram, Bangalore - 36, India.
Tel: +91 080 25618030

## 3) പുരോഹിതവർഷചിന്തകൾ

പാലാലാളം പള്ളി ഇടവക വികാരിയും പ്രസിദ്ധ വാഗ്മിയുമായ റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ വൈദിക വർഷത്തോടനുബന്ധിച്ച് രചിച്ച പുസ്തകമാണ് "പുരോഹിത വർഷ ചിന്തകൾ." വൈദിക വർഷത്തിന്റെ ചരിത്രപരമായ പശ്ചാത്തലം, പൗരോഹിത്യത്തിന്റെ മഹനീയത, വൈദിക ജീവിതത്തിലെ നിർണ്ണായക സ്വാധീനമാകേണ്ട വി. ജോൺ മരിയ വിയാനി, വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ, വൈദിക വർഷത്തിലെ ഏതാനും ചില കർമ്മപരിപാടികൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ ചെറുഗ്രന്ഥം ഏവർക്കും പ്രത്യേകിച്ച് വൈദികർക്ക് പ്രയോജനകരമായിരിക്കും.

## 4) Invitation To 40 Days Tapas Retreat

**Vidyavanam Ashram** invites you for a 40 Days Contemplative Retreat, integrating prayer and penance.

### General Objectives

Vidya (wisdom) + Vanam (woods or forest) are two important words in the history of Christian and Indian spiritual traditions. Combining these two traditions Vidyavanam intends:

- To pursue spiritual wisdom by way of realizing the great ideal : "to know Christ is to become Christ", in accordance with the ancient Christian saying "every Christian is another Christ".
- To provide simple shelter and food for all those who want to experience God in the depth of their souls as well as in the midst of a loving community.
- To provide facilities for religious, priests, families or couples who are interested in prayer, recollection, spiritual direction, and counselling, which will release them from accumulated stress.

Ashram welcomes you all for personal retreats, counselling sessions, days of recollection, after confirming your bookings.

**For Further Information, Please Contact**

**Rev. Fr. V. F. Vineeth CMI**
Vidyavanam Ashram
Bhoothanahalli, P. B. No. 8303, Bangalore - 560 083
Ph: +919480336925

**Fr. Johnson Valiyakulathil CMI** - Ph: +919480703982

**Sec. Mrs. Molly** - Ph: +919480336897

**How To Reach the Ashram**

Buses to Bannerghata

From Railway Station/ Majestic: 365

From City Market 371: (Direct to Ashram; Boothanahalli)

From Shivaji Nagar : 368

From Bannerghatta to Ashram (6 kms) Kaglipura Direction

From Bangalore Airport - around 70 kms.

**5) ധ്യാനം**

സന്നിധാന ആശ്രമത്തിൽ വൈദികവർഷം പ്രമാണിച്ച് വൈദികർക്കും ഡീക്കന്മാർക്കും സഹോദരന്മാർക്കുമായി പ്രത്യേക ധ്യാനങ്ങൾ ഒരുക്കിയിരിക്കുന്നു.

**2009 സെപ്റ്റം: 20 – 24**

ധ്യാനഗുരു : റവ. ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി MCBS

**2009 ഒക്ടോ: 18 – 24**

ധ്യാനഗുരു : റവ. ഫാ. ജോർജ് കരിംന്തോളിൽ MCBS

**2009 നവം: 01 – 08**

യോഗാ ധ്യാനം : റവ. ഫാ. സൈജു തുരുത്തിയിൽ MCBS

**2010 ജനു: 24 – 29**

ധ്യാനഗുരു : റവ. ഫാ. ജോമോൻ കൊച്ചുകണിയാംപറമ്പിൽ MCBS

**2010 ഫെബ്രു: 07 – 12**

ധ്യാനഗുരു : റവ. ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി MCBS

**2010 മാർച്ച്: 14 – 19**

ധ്യാനഗുരു : റവ.ഫാ. കുര്യാക്കോസ് മൂഞ്ഞേലി MCBS

**2010 മെയ്: 09 – 14**

യോഗാധ്യാനം : റവ. ഫാ. സൈജു തുരുത്തിയിൽ MCBS

പങ്കെടുക്കുവാൻ താൽപര്യമുള്ളവർ കത്തുവഴിയോ, ഫോൺ വഴിയോ മുൻകൂട്ടി ബുക്കു ചെയ്യുക.

മുകളിൽ കൊടുത്തിരിക്കുന്ന തീയതിക്കുപുറമേ മുൻകൂട്ടി അറിയിച്ചശേഷം ഏതവസരത്തിലും ഏകാന്തധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി സന്നിധാനയിലേക്കു വരാവുന്നതാണ്.

*ബന്ധപ്പെടേണ്ട വിലാസം :-*

ഫാ. ജോസഫ് പാറേമാക്കൽ MCBS

ഡയറക്ടർ, സന്നിധാന ആശ്രമം, മലയാറ്റൂർ, കാലടി – 683578

Tel: 0484 - 2468328, Mob : 9495692118

ഫാ. ജോസ് തുണ്ടത്തിൽ MCBS
ജനറൽ കൗൺസിലർ
എം. സി. ബി. എസ്. ജനറലേറ്റ്
ചുണങ്ങംവേലി, ആലുവ - 12
Tel: 0484 - 2838305, Mob : 9496119536

## 6) പുതിയ ചാക്രികലേഖനം

വടവാതൂർ സെമിനാരിയിലെ അവസാന വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഒരുക്കുന്ന പഠനസഹായി -

ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനമായ **'സത്യത്തിൽ സ്നേഹ'** ത്തിന്റെ സ്വതന്ത്ര മലയാളഭാഷ്യം ഉടൻ പുറത്തിറങ്ങുന്നു.

സൈസ് : D/y 1/8, പേജ് : 152, മൾട്ടികവർ കവറിംഗ്, വില: 80 രൂപ

ആമുഖ പഠനങ്ങൾ, ലളിതമായ ഭാഷാശൈലി, ധനതത്വശാസ്ത്ര വിദഗ്ധന്റെ വിലയിരുത്തൽ, സാങ്കേതിക പദപ്രയോഗങ്ങളുടെ വിശദീ കരണങ്ങൾ.

അന്വേഷണങ്ങൾക്ക് :

Director, OIRSI Publications
St. Thomas Ap. Seminary
Vadavathoor P. O., Kottayam - 10
Ph: 0481 - 2578319, 2571807, 2571809
E-mail :- caritasinveritate@ gmail. com

## 7) പൗരസ്ത്യ സഭകളുടെ കാനോനകൾ പ്രസിദ്ധീകരിക്കുന്നു.

പൗരസ്ത്യസഭയുടെ കാനൻ നിയമ സംഹിതയുടെ സമ്പൂർണ്ണ മലയാള വിവർത്തനവും അജപാലന ആവശ്യകത മുൻനിർത്തിയുള്ള സംക്ഷിപ്തമായ വ്യാഖ്യാനവും സീറോ - മലബാർ സഭയുടെ പ്രത്യേക നിയമങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന "പൗരസ്ത്യ സഭകളുടെ കാനോനകൾ സഭാജീവിതത്തിൽ" എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പ് 2009 ആഗസ്റ്റ് മാസത്തിൽ പ്രസിദ്ധീകരിക്കുന്നു.

എഡിറ്റേഴ്സ് : ബിഷപ്പ് സെബാസ്റ്റ്യൻ വടക്കേൽ & ഡോ. ജോർജ് മഠത്തിക്കണ്ടത്തിൽ.

സൈസ്: D/y 1/8, പേജ്: 1012, ഫ്ളാപ്പോടുകൂടിയ കാലിക്കോ ബയന്റിംഗ്, മുഖവില : 400 രൂപ, പ്രീ-പബ്ലിക്കേഷൻ: 250 രൂപ, പ്രീ-പബ്ലിക്കേഷൻ സൗജന്യം 2009 ആഗസ്റ്റ് 15 വരെ മാത്രം!

പണം M. O. ആയോ, SIB, CSB. SBT എന്നിവയുടെ ഡ്രാഫ്റ്റ് ആയോ 2009 ആഗസ്റ്റ് 15 ന് മുമ്പായി അയയ്ക്കുക

*ഓർഡർ അയയ്ക്കേണ്ട മേൽവിലാസം :-*

Director, OIRSI Publications
St. Thomas Ap. Seminary
Vadavathoor P. O., Kottayam, Pin. 686010

അന്വേഷണങ്ങൾക്ക് :-

Ph: 0481 - 2578319, 2571807
e-mail :- seminaryvdr@ gmail. com

## 8) ന്യൂനപക്ഷവും വിദ്യാഭ്യാസവും

തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം ജൂലൈ 15-ന് പ്രകാശനം ചെയ്ത **Indian Constitution, Minorities and Education in Kerala** എന്ന പുസ്തകത്തിലെ പ്രധാന ആശയങ്ങൾ താഴെ ചേർക്കുന്നു.

ന്യൂനപക്ഷസ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള എല്ലാ പ്രശ്നങ്ങളെയും, ഇന്ത്യൻ ഭരണഘടന ഭാഷാ -മത ന്യൂനപക്ഷങ്ങൾക്ക് ഉറപ്പു വരുത്തിയിട്ടുള്ള പ്രത്യേക അവകാശങ്ങളുടെ പൊതുതത്വങ്ങൾക്കനുസൃതമായി മാത്രമേ സമീപിക്കുവാൻ പാടുള്ളൂ എന്ന ഉറച്ച നിലപാടാണ് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യുക്കേഷൻ ചെയർമാൻ ഡോ. ജോസഫ് പൗവ്വത്തിൽ എന്നും സ്വീകരിച്ചു പോന്നിട്ടുള്ളത്. ഈ നിലപാടിന്റെ നൈയാമിക-നൈതിക യുക്തികളെ സമഗ്രമായി ഈ ഗ്രന്ഥത്തിൽ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

സാമൂഹ്യനീതിയുടെ തലത്തിൽ മത-ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ സ്ഥാപിച്ചു നടത്തുന്ന സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിദ്യാർത്ഥി പ്രവേശനം, ഫീസ് ഘടന എന്നിവയിൽ നിയമവ്യവസ്ഥ അനുശാസിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ പരിധിക്കുള്ളിലുള്ള പ്രത്യേക അവകാശങ്ങളെ പ്രൊഫ. കെ.സി. സണ്ണി (കേരള സർവ്വകലാശാല, നിയമവകുപ്പ് അദ്ധ്യക്ഷൻ) സൂക്ഷ്മ വിശകലനം ചെയ്യുന്നു. ടി.എം.എ. പൈ. കേസ് അടക്കമുള്ള സുപ്രധാന കോടതി വിധികൾ ഉദ്ധരിച്ചുകൊണ്ട് ന്യൂനപക്ഷ അവകാശങ്ങളുടെ വ്യാപ്തി-പരിധികൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

സുപ്രീം കോടതി അഭിഭാഷകനായ പി.ഡി. മാത്യു തന്റെ ലേഖനത്തിൽ ന്യൂനപക്ഷ സ്വാശ്രയ സ്ഥാപനങ്ങളുടെ മേൽ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണപരിധി - പ്രത്യേകിച്ച് പ്രസ്തുത സ്ഥാപ

നങ്ങൾക്ക് സർക്കാരുകളിൽ നിന്നും യാതൊരുവിധ സാമ്പത്തികാനുകൂല്യങ്ങളും ലഭ്യമല്ലാത്തിടത്തോളം - ഫീസ്ഘടന, സംവരണതത്വങ്ങൾ, അധ്യാപക-അനധ്യാപക നിയമനാധികാരം എന്നിവയിൽ ഏതു പരിധിവരെയാകാമെന്ന് വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ അപഗ്രഥിക്കുന്നു.

ഒരു വിഭാഗത്തിന്റെ മേൽ അധികഭാരം ചുമത്തി മറ്റൊരു വിഭാഗത്തിന്റെ ഭാരം ലഘൂകരിക്കുക എന്ന വിചിത്രമായ സാമൂഹ്യ നീതി തത്വം, ഉന്നത വിദ്യാഭ്യാസ മേഖലയിൽ എത്രത്തോളം ആശാസ്യമാണ് എന്ന് സ്വാശ്രയ സ്ഥാപനങ്ങളിൽ നിഷ്ക്കർഷിക്കുന്ന ഫീസ് ഘടന അടിസ്ഥാനമാക്കി ഫാ. ഫിലിപ്പ് ഞരളക്കാട്ട് (ചെയർമാൻ സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി, പാലാ) പരിശോധിക്കുന്നു.

ന്യൂനപക്ഷ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവ്വകലാശാലകളും തമ്മിൽ അഫിലിയേഷൻ തുടങ്ങിയ വിഷയങ്ങളിലുണ്ടാകാവുന്ന തർക്കങ്ങളിൽ അന്തിമ വിധി പ്രഖ്യാപിക്കുവാൻ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള നാഷണൽ കൗൺസിൽ ഫോർ മൈനോറിറ്റി എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷന്റെ അധികാരങ്ങളെയും ഉത്തരവാദിത്വങ്ങളെയും കമ്മീഷൻ അംഗവും മലയാളിയുമായ ജെസ്സി കുര്യൻ വിശദീകരിക്കുന്നു.

ഇതുകൂടാതെ ന്യൂനപക്ഷ സ്വാശ്രയ സ്ഥാപനങ്ങളിൽ നിഷ്ക്കർഷിക്കപ്പെട്ടിരിക്കുന്ന 50:50 എന്ന അനുപാതത്തിലുള്ള വിദ്യാർത്ഥി പ്രവേശന വ്യവസ്ഥയുടെ നിയമ സാധുത, ഇത്തരം സ്ഥാപനങ്ങൾക്ക് അവയുടെ സ്വന്തം വിദ്യാർത്ഥി പ്രവേശന നടപടിക്രമങ്ങൾ ന്യൂനപക്ഷ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള സംവരണ വ്യവസ്ഥകളിലുള്ള ഒഴിവ് എന്നീ സുപ്രധാന വിഷയങ്ങളിൽ രാജ്യത്തെ പ്രധാന ന്യായപീഠങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള വിധി പ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽ ഈ ഗ്രന്ഥം സൂക്ഷ്മ പഠനത്തിനു വിധേയമാക്കുന്നു.

ഇതിനുപുറമെ വിദ്യാഭ്യാസതലത്തിൽ ന്യൂനപക്ഷങ്ങൾ ചെയ്ത സേവനങ്ങളെ ചരിത്രപരമായി വിശദമായി പ്രതിപാദിക്കുന്ന ഈടുറ്റ ലേഖനങ്ങളും ഇതിലുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രമായ IRISH- ന്റെ ഡയറക്ടർ Professor Dr. K.S. Mathew - ഉം Dr. T.K. Sebastian - ഉം കൂടി തയ്യാറാക്കിയ ഈ ഗ്രന്ഥം IRISH- ന്റെ ഓഫീസിൽ നിന്നും ലഭ്യമാണ്.

IRISH Nirmalagiri P.O., Kannur Dt., Kerala - 670 701



# Programme

## PASTORAL CENTRE, DWARAKA

### *August - 2009*

| | |
|---|---|
| *01 Sat* | - *Zion CRC : Prayer Day, Christeen Prayer Day* |
| *07 Fri* | - *CML : Executive* |
| *08 Sat* | - *Jesus Youth : Prayer Day* |
| *8 Sat - 9 Sun* | - *Catechism Teachers' Training* |
| *14 Fri - 17 Mon* | - *Marriage Preparation Course* |
| *23 Sun* | - *KCYM* |
| *29 Sat - Sep 2 Wed* | - *Zion CRC : College Students' Retreat* |

**Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *2009 August*

| | |
|---|---|
| *02 Sun ............* | *Vanjode* |
| *03 Mon 09 Sun ..* | *Ernakulam: KCBC Bishops' Retreat* |
| *10 Mon .............* | *Visitors' Day* |
| *11 Tue .............* | *Engaged* |
| *12 Wed .............* | *Visitors' Day* |
| *13 Thu 15 Sat* | *Kakkanad : International Laity Assembly* |
| *16 Sun 29 Sat ....* | *Kakkanad : Bishops' Synod* |
| *30 Sun ..............* | *Rippon: First Communion & Confirmation* |
| *31 Mon ...............* | *Visitors' Day* |

## *2009 September*

| | |
|---|---|
| *01 Tue ............* | *SKD Generalate, Thonichal : Superiors' Meeting* |
| *02 Wed .............* | *Engaged* |
| *03 Thur Morning* | *Neikuppa : Ordination of Dn Shiju Kureekattil OSC* |
| *04 Fri ................* | *Out of Station* |
| *05 Sat Morning* | *Kurumani : Blessing of Presbytery* |
| *06 Sun ................* | *Arattuthara : Pastoral Visit* |

| | |
|---|---|
| *07 Mon .............* | *Visitors' Day* |
| *08 Tue ..............* | *Divine Providence Seminary, Kartikulam : Diaconate of Binoy Palakkatt* |
| *09 Wed 11 Fri...* | *Mangalapuzha : Seminary Commission Meeting* |
| *12 Sat 13 Sun ...* | *Engaged* |
| *14 Mon 18 Fri ...* | *Priests' Retreat : First Batch* |
| *19 Sat ..............* | *Thottumugham : SD Generalate, Final Profession* |
| *20 Sun 25 Fri ...* | *Priests' Retreat : Second Batch* |
| *26 Sat ..............* | *Pastral Council* |
| *27 Sun ..............* | *Pastoral Visit : Thavinjal* |
| *28 Mon ..............* | *Visitors' Day* |
| *29 Tue ..............* | *Engaged* |
| *30 Wed ............* | *Visitors' Day* |



## PRAYER FOR PRIESTS

Almighty and Eternal God, Look upon the Face of your Son, and for the love of Him who is the Eternal High Priest, have pity on your priests. Remember oh most compassionate God that they are but weak and frail human beings. Stir up in them the grace of their vocation, which is in them by the imposition of the Bishop's hands. Keep them close to you, lest the enemy prevail against them, so that they may never do anything in the slightest degree unworthy of their sublime vocation.

Oh Jesus, I pray you for your faithful and fervent priests; for your unfaithful and tepid priests; for your priests labouring at home and abroad at distant mission fields; for your tempted priests; for your lonely and desolate priests; for your dying priests; for the souls of your priests in purgatory.

But above all I commend to you the priests dearest to me; the priest who baptised me; the priests who absolved me from my sins; the priests who taught and instructed me or helped me and encouraged me; all the priests to whom I am indebted in any other way, particularly .....

Oh Jesus, keep them all close to your Heart, and bless them abundantly in time and eternity. Amen

## PRAYER FOR THE YEAR FOR PRIESTS

Lord Jesus, In Saint John Mary Vianney you have deigned to give the Church a living image of yourself and a personification of your pastoral charity.

Help us during this Year for Priests to live good lives by being close to him and his example.

Grant that we may learn from the saintly Cure of Ars how to rest contentedly before the Holy Eucharist; to know that only

your Word enlightens us each day; to know how tender is the love with which you welcome repentant sinners; how consoling is the confident abandonment to the care of the Holy and Immaculate Mother; how necessary is the ever-vigilant battle against Evil.

Grant, O Lord Jesus, that from the example of the holy Cure our young men may once again realise how necessary, humble and glorious is the priestly ministry which you wish to entrust to those who open themselves to your call.

Grant also to our communities - as once you did at Ars - those wonders of grace which you bring about when a priest knows to "make his parish a place of love".

Grant that our Christian families may find their home to be within the Church - where your ministers may always be found - and that they may enrich the domestic hearth with the beauty of the Church.

Grant that the Charity of our pastors may enliven and enkindle the Charity of all the faithful, so that every vocation and every charism, given by your Holy Spirit, may be welcomed and honoured.

But above all, O Lord Jesus, bestow upon us the ardour and truth of the heart that we may come before your Heavenly Father, making our own the same words that St. John Mary Vianney prayed to Him:

*I love You, O my God and my sole desire is to love You until the last breath of my life.*

*I love You, O infinitely lovable God and I prefer to die loving You than live one instant without loving You.*

*I love You, O my God, and I do not desire anything but heaven so as to have the joy of loving You perfectly.*

*I love You, O my God, and I fear hell, because there will not be the sweet consolation of loving You.*

*O my God, if my tongue cannot say in every moment that I love You, I want my heart to say it in every beat.*

*Allow me the grace to suffer loving You, to love you suffering and one day to die loving You and feeling that I love You.*

*And as I approach my end, I beg you to increase and perfect my love of You.*

Amen.

# ധന്യജീവിതം

ഈ ലോകത്തിൽ ജീവിക്കുന്നുവെങ്കിലും ലൗകായതികനാകാതിരിക്കാൻ,
ആരുടേയും സ്വന്തമാകാതെ എല്ലാവരുടേതുമാകാൻ,
എല്ലാ വേദനകളിലും പങ്കുചേരാൻ,
എല്ലാ രഹസ്യങ്ങളിലേക്കും കടന്നുചെല്ലാൻ,
എല്ലാ മുറിവുകളും സുഖപ്പെടുത്താൻ,
മനുഷ്യരുടെ പ്രാർത്ഥനകളുമായി ദൈവത്തിലേക്കു പോകാൻ,
ദൈവകാരുണ്യവും പ്രത്യാശയും നേടി മനുഷ്യരിലേക്കു പോരാൻ,
ഉപവിക്കായെരിയുന്ന ഒരു ഹൃദയം സ്വായത്തമാക്കാൻ,
ബ്രഹ്മചര്യം കാക്കാൻ കരുത്തുറ്റ ഹൃദയം സ്വന്തമാക്കാൻ,
ആശ്വസിപ്പിക്കാൻ, അനുഗ്രഹിക്കാൻ,
പഠിപ്പിക്കാൻ, പാപം മോചിക്കാൻ,
നീ എന്നേക്കും പുരോഹിതനായിരിക്കുന്നു.
ഹാ! ദൈവമേ, എത്രയോ അനുഗ്രഹീതമായൊരു ജീവിതം!
അല്ലയോ ക്രിസ്തുവിന്റെ പുരോഹിതാ, ഇതു നിന്റേതു മാത്രം!

*- ലക്കോർഡയർ*

